# വാല്യം നാല്

**ഭാഗം ഒന്ന് : രാജാവായ യേശു**
**ഭാഗം രണ്ട് : ഈശോ വൈദികരോട് സംസാരിക്കുന്നു**
**ഭാഗം മൂന്ന് : ഈശോ പാപികളോട് സംസാരിക്കുന്നു**

നമ്മുടെ കാലത്തിനുള്ള മാർഗദർശനം
അൽമായ പ്രേഷിതയായ
ആനിന് നൽകപ്പെട്ടത്

**VOLUME FOUR**
*Malayalam Translation*

Direction for Our Times
© Copyright 2013  Direction for Our Times

Publisher : Direction for Our Times

In Ireland:
Direction for Our Times
Tearmann Anama, Ballyjamesduff
Country Cavan, Republic of Ireland
Phone : +353 (0)49 437 3040

In the USA:
Direction for Our Times
9000 West 81st Street
Justice,  IL 604 58, USA

In India:
Dr. Sunny George
Casa Maria (Veliyil)
Koovapally, Kanjirapally, India
Cell : +91 6235 236 164
Email : georgesunnyjy@gmail.com
www. directionforourtimes.org

Nihil Obstat:
Very Rev. John Canon Murphy, PP. VF

Imprimatur:
✠Most Rev. Leo O’Reilly, Bishop of Kilmore,
Ireland.

The *Nihil Obstat* and *Imprimatur* are an official declaration that a book or pamphlet are free of doctrinal or moral error and that ecclesiastical permission for its publication has been granted

Franciscan University
of Steubenville
1235 University Blvd., Steubenville, Ohio 43952-1763

പ്രാദേശിക മെത്രാൻമാരുടെയോ (മനസിന്റെയും ഹൃദയത്തിന്റെയും പുത്രോചിതമായ അനുസരണത്തിന് നാം കടപ്പെട്ടിരിക്കുന്ന) പരിശുദ്ധ സിംഹാസനത്തിന്റെയോ അന്തിമവും നിർണായകവുമായ തീരുമാനത്തെക്കുറിച്ചുള്ള മുൻവിധിയില്ലാതെ അൽമായ അപ്പസ്തോലയായ ആനിന് ലഭിച്ച സന്ദേശങ്ങളെക്കുറിച്ചുള്ള വ്യക്തിപരമായ ബോധ്യം വെളിപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു.

പരാമർശിക്കപ്പെട്ട സന്ദേശങ്ങൾ പരിശോധിച്ചതിന്റെയും ആനുമായി നടത്തിയ കൂടികാഴ്ച്ചയുടെയും അടിസ്ഥാനത്തിൽ അവർക്ക് ലഭിച്ച സന്ദേശങ്ങൾ അലൗകികമാണെന്ന് ഞാൻ വിശ്വസിക്കുന്നു.

സന്ദേശങ്ങളുടെ ഉള്ളടക്കം കത്തോലിക്കാസഭയുടെ വിശ്വാസത്തെയും സന്മാർഗപാഠങ്ങളെയും അനുവർത്തിക്കുന്നവയാണ്. അവ ഒരു വിധത്തിലും യാഥാസ്ഥിതിക കത്തോലിക്കാ അനുശാസനങ്ങളെ ലംഘിക്കുന്നില്ല. സന്ദേശങ്ങൾ കൈമാറ്റം ചെയ്യപ്പെടുന്ന രീതിയുടെ കൃത്യത (വാഗ്വിലാസവും ഉൾക്കാഴ്ച്ചയും) ആധികാരിക സ്വകാര്യ വെളിപാടുകൾ സംബന്ധിച്ച സഭയുടെ ചരിത്രപരമായ പ്രമാണവിധികളുമായി പൊരുത്തമുള്ളതാണ്. ഈ സന്ദേശങ്ങൾ സ്വീകരിക്കപ്പെടുകയും പ്രചരിപ്പിക്കപ്പെടുകയും ചെയ്യുക വഴി ഹൃദയത്തിൽ വസിക്കുന്ന ഈശോയെക്കുറിച്ചുള്ള നവീകൃതബോദ്ധ്യത്തിലും ദിവ്യകാരുണ്യസന്നിധിയിലുള്ള പ്രാർത്ഥനയിലും അധിഷ്ടിതമായ ക്രിസ്തീയ വിശ്വാസത്തിന്റെ ആത്മീയഫലങ്ങളായ (cf.Mt 7: 17-20) പരിവർത്തനവും സ്നേഹവും ആന്തരിക സമാധാനവും താരതമ്യേന ചുരുങ്ങിയ സമയത്തിനുള്ളിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങിൽ പ്രാധാന്യത്തോടെ പ്രചരിപ്പിക്കപ്പെട്ടു. അതുകൊണ്ട് അലൗകിക സംഭവങ്ങൾ അന്വേഷിക്കുന്ന സഭാകമ്മീഷനുകളുടെ (സന്ദേശം, പ്രതിഭാസം, ആത്മീയ ഫലങ്ങൾ) പ്രധാന

മാനദണ്ഡങ്ങൾ ആനിന്റെ അനുഭവങ്ങളുടെ കാര്യത്തിൽ വസ്തുതാപരമായി തൃപ്തികരമാണെന്നാണ് എന്റെ അഭിപ്രായം.

രാജാവായ യേശുവിന്റെ രണ്ടാമത്തെ ആഗമനത്തെക്കുറിച്ച് സംസാരിക്കുന്ന സന്ദേശങ്ങൾ ക്രിസ്തുവിന്റെ മൂർത്തമായ അവസാനവരവിനെത്തുടർന്നുള്ള ലോകാവസാനം ആസന്നമാണെന്ന് പരാമർശിക്കുന്നില്ല. പകരം മനുഷ്യകുലത്തിന് അസാധാരണമായ അനുഗ്രഹങ്ങളുടെയും സമാധാനത്തിന്റെയും കാലം വാഗ്ദാനം ചെയ്യുന്ന ക്രിസ്തുവിന്റെ സജീവവും സമകാലികവുമായ രണ്ടാമത്തെ ആഗമനത്തെ ആത്മീയമായി സ്വീകരിക്കാൻ ആഹ്വാനം ചെയ്യുന്നു. (മറിയത്തിന്റെ വിമലഹൃദയത്തിന്റെ വിജയഫലമായ സമാധാനത്തിന്റെ അവസാന നാളുകളെക്കുറിച്ചുള്ള ഫാത്തമാ വാഗ്ദാനത്തിനും സഭയുടെ “പുതിയ വസന്തകാലത്തെക്കുറിച്ചുള്ള” മഹാനായ ജോൺ പോൾ രണ്ടാമൻ പാപ്പയുടെ പരാമർശത്തിനും സമാനമാണിത്)

തനിക്കു ലഭിച്ച സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിന് പ്രാദേശിക മെത്രാനായ ലിയോ ഒറിലിയിൽ നിന്ന് ആനിന് അനുമതി ലഭിക്കുകയും എല്ലാ കുറിപ്പുകളും വിശ്വാസ തിരുസംഘത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ലോകമെമ്പാടുമുള്ള ഒട്ടേറെ കത്തോലിക്കാ നേതാക്കൾക്ക് ആധികാരികമായ ആത്മീയ നേട്ടങ്ങൾക്ക് ഉപകരിച്ചിട്ടുള്ള ഈ സന്ദേശങ്ങൾ പ്രാർത്ഥനയോടെ വായിക്കുന്നതിന് (സഭതന്നെ അനുവദിച്ചിരിക്കുന്നതുപോലെ) ഞാൻ വ്യക്തിപരമായി പ്രോത്സാഹനമേകുന്നു.

**Dr. Mark Miravalle**
Professor of Theology and Mariology
Franciscan University of Steubenville
October 13, 2006-

# ഉള്ളടക്കം

ആമുഖം........................................................................IX

**ഭാഗം ഒന്ന്**

**രാജാവായ യേശു** ........................................................ 3

ജനുവരി 8, 2004 ........................................................ 5

ജനുവരി 10, 2004 ........................................................ 9

ജനുവരി 11, 2004 ........................................................ 13

ജനുവരി 12, 2004 ........................................................ 17

ജനുവരി 13, 2004 ........................................................ 21

ജനുവരി 14, 2004 ........................................................25

ജനുവരി 15, 2004 ........................................................29

ജനുവരി 16, 2004 ........................................................33

ജനുവരി 17, 2004 ........................................................37

ജനുവരി 19, 2004 ........................................................37

ജനുവരി 20, 2004 ........................................................41

ജനുവരി 21, 2004 ........................................................45

ജനുവരി 22, 2004 ........................................................47

ജനുവരി 23, 2004 ........................................................37

ജനുവരി 24, 2004 ........................................................53

**ഭാഗം 2**

**ഈശോ വൈദികരോട് സംസാരിക്കുന്നു**.................... 55

ജനുവരി 26, 2004 ........................................................ 57

ജനുവരി 27, 2004 ........................................................ 61

ജനുവരി 28, 2004 .......................................................... 65
ജനുവരി 29, 2004 .......................................................... 67
ജനുവരി 30, 2004 .......................................................... 71
ജനുവരി 31, 2004 .......................................................... 75
ഫെബ്രുവരി 2, 2004 .................................................. 79
ഫെബ്രുവരി 3, 2004 .................................................. 83
ഫെബ്രുവരി 4, 2004 .................................................. 87
ഫെബ്രുവരി 5, 2004 .................................................. 91
ഫെബ്രുവരി 6, 2004 .................................................. 95

ഭാഗം 3

**ഈശോ പാപികളോട് സംസാരിക്കുന്നു** .................. 97
ഫെബ്രുവരി 16, 2004 .................................................. 99
ഫെബ്രുവരി 17, 2004 .................................................. 95
ഫെബ്രുവരി 18, 2004 .................................................. 95
ഫെബ്രുവരി 19, 2004 .................................................. 95
ഫെബ്രുവരി 20, 2004 .................................................. 95
ഫെബ്രുവരി 21, 2004 .................................................. 115
ഫെബ്രുവരി 22, 2004 .................................................. 119
അനുബന്ധം .................................................. 121

# ആമുഖം

പ്രിയ വായനക്കാരേ,

ഭാര്യയും ആറു മക്കളുടെ അമ്മയും ഒരു സ്വതന്ത്ര ഫ്രാൻസിസ്കയുമാണ് ഞാൻ.

ഇരുപതാം വയസിൽ ഗൗരവതരമായ കാരണങ്ങളാൽ സഭയുടെ പിന്തുണയോടെ ഞാൻ വിവാഹമോചനം നേടി. ഇരുപതുകളുടെ മദ്ധ്യത്തിൽ ജോലി ചെയ്ത് മകളെ വളർത്തിയ ഏകരക്ഷിതാവായിരുന്നു ഞാൻ. എല്ലാ ദിവസവും വിശുദ്ധ കുർബാന സ്വീകരിക്കുന്ന എന്റെ വിശ്വാസം സുസ്ഥിരമായിരുന്നു. ഫ്രാൻസിസ്കൻ മൂന്നാം സഭയിലൂടെ ഈശോയുമായുള്ള ഐക്യത്തിലേക്ക് ഞാൻ യാത്ര തുടങ്ങുകയും ചെയ്തിരുന്നു.

ആയിടെ എന്റെ സഹോദരി ബോസ്നിയ ഹെർസെഗോവിനയിലെ വിഖ്യാത മരിയൻ തീർത്ഥാടനകേന്ദ്രമായ മെദ്ജുഗോറേ സന്ദർശിച്ച് പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് വീട്ടിൽ മടങ്ങിയെത്തി. അവളുടെ മനോഹരമായ തീർത്ഥാടനാനുഭവത്തെക്കുറിച്ച് കേട്ടപ്പോൾ എന്നിൽ കൂടുതൽ തീഷ്ണമായ മാറ്റമുണ്ടായി. തൊട്ടടുത്ത വർഷം ആഴമേറിയ പ്രാർത്ഥനയുടെ വിവിധ തലങ്ങളിലൂടെ ഞാൻ കടന്നുപോയി. ഒരിക്കൽ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട പരിശുദ്ധഅമ്മ ക്രിസ്തുവിനു വേണ്ടി വേല ചെയ്യാമോ എന്ന് എന്നോട് ആരാഞ്ഞു.

സവിശേഷമായ ഈ ആത്മീയവേലയ്ക്കുവേണ്ടി ഞാൻ ലോകത്തിൽ മറ്റുള്ളവരിൽനിന്ന് വേർതിരിക്കപ്പെടുമെന്ന് സ്വപ്നത്തിൽ വ്യക്തമാക്കിയ അമ്മ എന്റെ വലിയ കുടുംബത്തെ കാട്ടിത്തന്നശേഷം ഞാൻ കുടുംബാംഗങ്ങളിൽ നിന്ന് എങ്ങനെ അകറ്റപ്പെടുമെന്ന്

വിശദീകരിച്ചു. അതേക്കുറിച്ച് ആശങ്കയില്ലെന്നും അമ്മ ആവശ്യപ്പെടുന്നതെന്തും ചെയ്യാമെന്നും ഞാൻ വ്യക്ത മാക്കി.

അധികം വൈകാതെ എനിക്ക് ഗർഭാശയത്തിനു പുറത്ത് രക്തം കെട്ടുന്ന എൻഡോമെട്രിയോസിസ് എന്ന രോഗം ബാധിച്ചു. അന്നുമുതൽ ഒരു വിധത്തില ല്ലെങ്കിൽ മറ്റൊരുവിധത്തിൽ ഞാൻ രോഗിയായിരുന്നു. എന്റെ ആരോഗ്യപ്രശ്നങ്ങളൊന്നും ആരംഭദശയിൽ ഡോക്ടർമാർക്ക് കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. ഇത് കുരിശിന്റെ ഭാഗം മാത്രമാണ്. ഒട്ടേറെപ്പേർക്ക് സമാന അനുഭവമുള്ളതുകൊണ്ടാണ് ഞാൻ ഇക്കാര്യം ഇവിടെ പരാമർശിച്ചത്. എനിക്ക് ഇനി ഒരിക്കലും ഗർഭം ധരിക്കാ നാവില്ലെന്ന് ഡോക്ടർ പറഞ്ഞു. ദൈവഹിതമാണെന്ന കാര്യം ഞാൻ ഉൾക്കൊണ്ടതുകൊണ്ട് ഏക രക്ഷിതാ വെന്ന നിലയിൽ അത് എന്നെ തെല്ലും അലട്ടിയില്ല. വൈകാതെ ഞാൻ അസാധാരണനായ ഒരു മനുഷ്യനെ കണ്ടുമുട്ടി. എന്റെ ആദ്യവിവാഹം അസാധുവാക്കപ്പെട്ടി രുന്ന സാഹചര്യത്തിൽ ഞങ്ങൾ വിവാഹിതരാവുകയും അഞ്ചുകുട്ടികൾ ഉണ്ടാവുകയും ചെയ്തു.

ആത്മീയതലത്തിൽ നോക്കിയാൽ ഇപ്പോൾ ആത്മഭാ ഷണങ്ങൾ എന്ന് ഞാൻ തിരിച്ചറിയുന്നവ ഉൾപ്പെടെ ഒട്ടേറെ അനുഭവങ്ങൾ എനിക്കുണ്ടായിട്ടുണ്ട്. ആ നിമിഷങ്ങൾ അതിമനോഹരങ്ങളായിരുന്നു. അന്നത്തെ വാക്കുകൾ ഇപ്പോഴും എന്റെ ഹൃദയത്തിൽ വ്യക്തമായി മുഴങ്ങുന്നുണ്ട്. പക്ഷെ, രോഗങ്ങളും തളർച്ചയും ദൈവ ത്തിന് കാഴ്ചവയ്ക്കുന്ന തിരക്കിലായിരുന്നതുകൊണ്ട് ഞാൻ ആവേശഭരിതയായില്ല. ഒരുപാടു കാര്യങ്ങൾ ചെയ്യാൻ ഏൽപ്പിച്ചിരുന്ന ഈശോ അവിടുത്തെ പാത യിൽ എന്നെ നിലനിർത്തുന്നതിനുവേണ്ടി ചെയ്യുന്ന കഠിനാദ്ധ്വാനത്തിന്റെ ഭാഗമായി മാത്രമേ ഞാൻ അവ

യെയൊക്കെ കണ്ടുള്ളൂ.

ഇന്നു തിരിഞ്ഞുനോക്കുമ്പോൾ, ഈശോ എന്നെ അവിടുത്തെ ജോലിക്കുവേണ്ടി ഒരുക്കുകയായിരുന്നു എന്ന് ഞാൻ മനസ്സിലാക്കുന്നു. എന്റെ ഒരുക്കത്തിന്റെ കാലം സുദീർഘവും ക്ലേശപൂർണ്ണവും ഏറെക്കുറെ ആവശേരഹിതവുമായിരുന്നു.

ബാഹ്യമായി നോക്കിയാൽ "ആ സ്ത്രീ എത്ര ഭാഗ്യദോഷിയാണ്" എന്ന് ജനങ്ങൾ ചിന്തിച്ചിട്ടുണ്ടാകുമെന്ന് എനിക്കു തോന്നുന്നു. പക്ഷേ, ആന്തരികമായി നോക്കുമ്പോഴാകട്ടെ. എന്റെ സഹനങ്ങൾ വേദനനിറഞ്ഞതും സുദീർഘവുമായിരിക്കവേ എന്റെ കൊച്ചുകുടുംബം സ്നേഹത്തിലും രൂപത്തിലും വിജ്ഞാനത്തിലും വളരുകയായിരുന്നു എന്നു ഞാൻ കണ്ടു. വൈജ്ഞാനികമായ വളർച്ചയെന്നുവച്ചാൽ പ്രധാനപ്പെട്ടവയും അപ്രധാനമായവയും ഏതൊക്കെയെന്ന് ഞാനും എന്റെ ഭർത്താവും തീർച്ചയായും തിരിച്ചറിഞ്ഞിരുന്നു. തുടർച്ചയായ കുരിശുകളാണ് ഞങ്ങൾക്ക് ആ തിരിച്ചറിവു നൽകിയത്.

വിവിധ സാഹചര്യങ്ങൾ മൂലം കുട്ടികൾക്കൊപ്പം പ്രിയപ്പെട്ടവരിൽ നിന്ന് ഏറെ ദൂരത്തേക്ക് മാറാൻ ഞാനും ഭർത്താവും നിർബന്ധിതരായി. ഈ അവസ്ഥയെയും ഞാൻ ദൈവത്തിന് സമർപ്പിച്ചു. ജീവിതത്തിൽ എനിക്ക് സമരസപ്പെടേണ്ടിവന്ന ഏറ്റവും വിഷമകരമായ സാഹചര്യമായിരുന്നു അത്.

സ്വന്തം നാട്ടിൽ നിന്ന് അകന്നുതാമസിക്കുമ്പോൾ ക്രിസ്തുവിന്റെ ഹിതവുമായി പൊരുത്തപ്പെടാനുള്ള ഒട്ടേറെ അവസരങ്ങൾ ലഭിക്കും. എങ്കിലും, അങ്ങനെയാണ് പ്രവർത്തിക്കുന്നതെന്ന് നിങ്ങൾ തുടർച്ചയായി സ്വയം ഓർമ്മിപ്പിച്ചുകൊണ്ടേയിരിക്കണം. അല്ലെങ്കിൽ

വിഷാദം തോന്നും. നാട്ടിൽനിന്നകന്ന് പലവർഷങ്ങൾ കഴിഞ്ഞശേഷം ഒടുവിൽ എനിക്ക് മെദ്ജുഗോറേയിലേക്ക് പോകാനുള്ള പ്രചോദനമുണ്ടായി. യഥാർത്ഥത്തിൽ എന്റെ നാൽപ്പതാം ജന്മദിനം പ്രമാണിച്ച് ഭർത്താവിന്റെ സമ്മാനമായിരുന്നു ആ യാത്ര. നേരത്തെ ഒരുതവണ ഞാൻ പോകാൻ ശ്രമിച്ചിരുന്നെങ്കിലും സാഹചര്യങ്ങൾ എതിരായപ്പോൾ ദൈവഹിതം അതല്ലെന്ന് മനസ്സിലാക്കി. എന്നിട്ടും ഒടുവിൽ അതിനു സമയമായപ്പോൾ ഞാനും മൂത്തമകളും അവിടെ സെന്റ് ജെയിംസ് ദേവാലയത്തിനു മുന്നിലെത്തി. മെദ്ജുഗൊറേയിലേക്കുള്ള അവളുടെ രണ്ടാമത്തെ യാത്രയായിരുന്നു അത്.

സാധാരണയിൽകവിഞ്ഞ് എന്തെങ്കിലും അനുഭവം എനിക്കുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയോ ചിന്തിക്കുകയോ ചെയ്തിരുന്നില്ല. ആദ്യതീർത്ഥാടനം തന്നെ ഏറെ ഇഷ്ടപ്പെട്ട എന്റെ മകൾ അത്ഭുതങ്ങൾ പ്രതീക്ഷിച്ചെത്തുന്ന ആളുകളെക്കുറിച്ച് പല തമാശകളും പറഞ്ഞു. മതവിശ്വാസികളുടെ കാർണിവലെന്നാണ് അവൾ മമതയോടെ മെദ്ജുഗൊറേയെ വിളിക്കുന്നത്. ഭൂമിയിൽ ഏറെ ആഹ്ലാദമുള്ള സ്ഥലമാണതെന്നും അവൾ പറയുന്നു.

ആന്റിക്കൊപ്പം വിദേശയാത്രയ്ക്കുള്ള അവസരം പ്രയോജനപ്പെടുത്തി മുൻപ് ഇവിടെ എത്തുമ്പോൾ നിഷേധിയായ ഒരു പതിനാലുകാരിയായിരുന്ന അവൾ തികച്ചും ശാന്തയും ആദരവുള്ളവളുമായാണ് മടങ്ങിയെത്തിയത്. എല്ലാ ചെറുപ്പക്കാരെയും തീർത്ഥാടനത്തിനയയ്ക്കണമെന്ന് പറയാൻ എന്റെ ഭർത്താവിനെ പ്രേരിപ്പിച്ചത് അവളിലെ മാറ്റമാണ്.

എന്തായിരുന്നാലും മനോഹരമായ അഞ്ചുദിവസങ്ങളായിരുന്നു അത്. കുന്നിൻമുകളിൽ ഞാൻ ആത്മീയസൗ

ഖ്യം അനുഭവിച്ചു. മകൾ സ്വസ്ഥയായി പ്രാർത്ഥിച്ചു. നിശബ്ദവും നിർണ്ണായകവുമായ ഒരു കാര്യം എന്നിൽ സംഭവിച്ചു. വിശുദ്ധകുർബ്ബാന സ്വീകരണവേളകളിൽ ഞാൻ ഈശോയുമായി സംഭാഷണം നടത്തി. അതി മനോഹരമായ അനുഭവമായിരുന്നു അത്. മുൻപും അങ്ങനെ സംഭവിച്ചിരുന്നതിനാൽ ഞാൻ അത്ഭുതപര തന്ത്രയോ ആവേശഭരിതയോ ആയില്ല.

മെദ്ജുഗൊറേയിലെ ദിവ്യകാരുണ്യസ്വീകരണത്തിന്റെ വേറിട്ട അനുഭവത്തെക്കുറിച്ച് മുൻപ് പലരും പറഞ്ഞി ട്ടുള്ളത് ഞാൻ ഓർത്തു. ഞങ്ങളെ അവിടെ എത്തിച്ച പരിശുദ്ധ അമ്മയ്ക്ക് നന്ദിയർപ്പിച്ച് ഞാൻ വീട്ടിൽ മട ങ്ങിയെത്തി.

ആ മഞ്ഞുകാലം മുഴുവൻ ഞാൻ ഈശോയുമായുള്ള സംഭാഷണം തുടർന്നു. തീർത്ഥാടനത്തിനുശേഷമുള്ള ആറു മാസക്കാലത്ത് ഈ സംഭാഷണം എന്റെ ജീവി തത്തിലേക്കും കടന്നുവന്നു. ചില പ്രത്യേക സമയ ങ്ങളിലായിരുന്നു ഇത്. ഈശോ തന്റെ തീരുമാനത്തി നൊത്ത് എനിക്ക് നിർദ്ദേശങ്ങൾ നൽകിക്കൊണ്ടിരുന്നു. ഓരോ കാര്യങ്ങൾ ചെയ്യാൻ അവിടുന്ന് ആവശ്യപ്പെടു മ്പോൾ നിരസിക്കുക എന്നത് എന്നെ സംബന്ധിച്ചിട ത്തോളം ക്ലേശകരമായിത്തീർന്നു. ഇതേക്കുറിച്ച് ഞാൻ മറ്റാരോടും പറഞ്ഞില്ല.

ഇക്കാലയളവിൽതന്നെ പരിശുദ്ധ അമ്മയിൽ നിന്നും എനിക്ക് മാർഗദർശനം ലഭിച്ചുതുടങ്ങി. അവരുടെ സ്വരങ്ങൾ തിരിച്ചറിയാൻ ബുദ്ധിമുട്ടുണ്ടായിരുന്നില്ല. അവരുടെ സ്വരം കാതിലല്ല, മറിച്ച് മനസ്സിലോ ഹൃദയ ത്തിലോ ആണ് ഞാൻ കേട്ടത്.

സവിശേഷമായ ചിലത് സംഭവിക്കുകയാണെന്നും

ഭാര്യയും അമ്മയുമെന്ന പ്രാഥമിക ദൗത്യങ്ങൾക്കപ്പുറം എനിക്കായി പ്രത്യേക ജോലി കരുതിവെച്ചിട്ടുണ്ടെന്നും യേശു പറയുന്നതായും ഞാൻ മനസ്സിലാക്കി.

ലഭിക്കുന്ന സന്ദേശങ്ങൾ എഴുതിവയ്ക്കണമെന്നും അവ പ്രസിദ്ധപ്പെടുത്താനും പ്രചരിപ്പിക്കാനും ക്രമീകരണമേർപ്പെടുത്താമെന്ന് അവിടുന്ന് നിർദ്ദേശിച്ചു.

പിന്തിരിഞ്ഞുനോക്കുമ്പോൾ, അവിടുന്നിൽ പൂർണ്ണമായും വിശ്വാസമർപ്പിക്കുന്ന രീതിയിൽ എന്നെ മാറ്റിയെടുക്കുന്നതിന് ഈശോയ്ക്ക് ദീർഘകാലം വേണ്ടിവന്നുവെന്നു കാണാം. ഇന്ന് ഞാൻ അവിടുത്തെ സ്വരത്തിൽ വിശ്വാസമർപ്പിക്കുന്നു. ദൗർബല്യങ്ങളോടും വീഴ്ചകളോടും ലോകത്തിന്റെ പ്രലോഭനങ്ങളോടുമുള്ള നിരന്തര പോരാട്ടം തുടർന്നുകൊണ്ട് അവിടുത്തെ സേവിക്കാൻ എന്റെ കഴിവിന്റെ പരമാവധി ശ്രമിക്കും.

ഈശോയെ സേവിക്കുന്നതിനുള്ള പരിശ്രമം ഞാൻ തുടരവേ, നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുക. അവിടുത്തേക്ക് നമ്മെക്കൊണ്ട് ഏറെ ആവശ്യങ്ങളുള്ളതുകൊണ്ടും അവിടുന്ന് ഏറെ കാരുണ്യവാനായതുകൊണ്ടും ഈശോയുടെ ചോദ്യങ്ങൾക്ക് എപ്പോഴും "ഉവ്വ്" എന്നു പ്രത്യുത്തരം നൽകുക. നിങ്ങൾ അനുവദിച്ചാൽ അവിടുന്ന് നിങ്ങളെ അവിടുത്തെ ഹൃദയത്തിലേക്ക് കൂട്ടിക്കൊണ്ടുപോകും. ഞാൻ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. നിങ്ങൾക്കായി ഈ വാക്കുകൾ നൽകിയ ദൈവത്തിന് നന്ദിയർപ്പിക്കുന്നു. അടുത്തറിയുന്ന ആരും സ്നേഹിക്കുംവിധം മഹത്വവാനാണ് അദ്ദേഹം. നിങ്ങൾ ക്ലേശങ്ങൾ സഹിച്ചുവരികയാണെങ്കിൽ അതാണ് നിങ്ങളുടെ ഉത്തരം. അവിടുന്ന് ഈ വാക്കുകളിലൂടെ, അവയിലൂടെ ഒഴുകുന്ന അനുഗ്രഹ

ങ്ങളിലൂടെ സവിശേഷമായ രീതിയിൽ നിങ്ങളിലേക്ക് വരികയാണ്.

അവിടുത്തേയ്ക്ക് നിങ്ങളെ വിശുദ്ധിയുടെ ഉന്നതതല ങ്ങളിലെത്തിക്കാനാവില്ലെന്ന മട്ടിലുള്ള ചിന്തകളുടെ കെണിയിൽ ദയവുചെയ്ത് വീഴരുത്. എന്റെ കുറിപ്പു കളിൽ ചിലേടത്ത് സൂചിപ്പിച്ചിട്ടുള്ളതുപോലെ എന്നെ പ്പോലെയുള്ളവരെ കാര്യദർശികളാക്കിയാണ് ഈശോ ഇക്കാലഘട്ടത്തിലെ വലിയ അടയാളങ്ങൾ പ്രവർത്തി ക്കുന്നത്. പ്രിയ സുഹൃത്തുക്കളേ, അവിടുത്തെ ബി–ടീ മായാണ് ഞാൻ സ്വയം കണക്കാക്കുന്നത്. എനിക്കൊപ്പം ചേരുക. നമുക്കൊന്നിച്ച് അവിടുത്തേക്കുവേണ്ടി എളിയ പ്രവർത്തനം കാഴ്ചവയ്ക്കാം.

മുകളിൽ കൊടുത്തിരിക്കുന്ന ജീവചരിത്രഭാഗം എഴുതി യതിനു തൊട്ടുപിന്നാലെ ഈശോയിൽ നിന്ന് ലഭിച്ച സന്ദേശം:

*എന്റെ കുഞ്ഞേ, ഞാനും നീയും ദീർഘകാലമായി ഒന്നിച്ചായിരുന്നല്ലോ. നീ ഈ ജോലി ആരംഭിക്കുന്ന തിനു വർഷങ്ങൾക്കു മുമ്പ് ഞാൻ നിന്റെ ജീവിതത്തിൽ നിശബ്ദമായി പ്രവർത്തിച്ചുവരികയായിരുന്നു. ആൻ, ഞാൻ നിന്നെ എത്രമാത്രം സ്നേഹിക്കുന്നു. നിന്റെ ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കി എനിക്കു മുന്നിൽ "ഉവ്വ്" എന്ന ഉത്തരം നൽകിയ അനേകം അവസരങ്ങൾ കാണാനാകും. അത് നിന്നെ സന്തുഷ്ടയാക്കുന്നില്ലേ?*

*അസാധാരണമായ അനുഗ്രഹങ്ങൾ അനുഭവിക്കുന്ന തിനു വളരെ മുമ്പുതന്നെ നീ എനിക്ക് "ഉവ്വ്" എന്ന ഉത്തരം നൽകിത്തുടങ്ങിയിരുന്നു. അങ്ങനെ ചെയ്തി രുന്നില്ലെങ്കിൽ പ്രിയപ്പെട്ടവളേ, ഞാൻ നിനക്ക് അനുഗ്ര*

ഹങ്ങൾ തരുകയോ ഈ ദൗത്യം ഭരമേൽപ്പിക്കുകയോ ഇല്ലായിരുന്നു. നിന്റെ സാധാരണ ജീവിതത്തിലെ പ്രതിസന്ധികൾക്കും പ്രലോഭനങ്ങൾക്കും ക്ലേശങ്ങൾക്കും നടുവിൽ ഓരോ ദിവസവും  ഉറക്കമുണർന്ന് നിന്റെ കർത്താവിനോട് "ഉവ്വ്" എന്ന് പറയുന്നത് എത്രമാത്രം പ്രധാനമായിരുന്നു എന്ന് നിനക്കറിയുമോ?

ഞാൻ കണ്ടിരുന്നതുപോലെ ഈ വലിയ പദ്ധതി നിനക്ക്  കാണാനാകുമായിരുന്നില്ല. നിനക്ക് നിന്റെ വിശ്വാസത്തിൽ ആശ്രയമർപ്പിക്കേണ്ടിയിരുന്നു. ആൻ, ഇന്ന് ഞാൻ നിന്നോടു പറയുന്നു. ഇപ്പോഴും  കാര്യങ്ങൾ അങ്ങനെതന്നെയാണ്. നിന്റെ മനുഷ്യമനസ്സിന് സ്വീകരിക്കാൻ കഴിയുന്നതിനേക്കാൾ വിപുലമായ എന്റെ പദ്ധതി നിനക്ക് കാണാനാവില്ല. എനിക്ക് മഹത്വം നൽകുന്ന നിന്റെ വിശ്വാസത്തിൽ തുടർന്നും ആശ്രയമർപ്പിക്കുക. നീ എനിക്കുവേണ്ടി വളരെ സൗമ്യവും വിനീതവുമായ ഒരു തീരുമാനമെടുത്തതുകൊണ്ട് നിന്നിലൂടെ എനിക്ക് എത്രമാത്രം പ്രവർത്തിക്കാനായി എന്നു നോക്കുക. ഇന്നും ഇനിയുള്ള ഓരോ ദിവസവും "ഞാൻ ദൈവത്തെ സേവിക്കും" എന്നു പറഞ്ഞുകൊണ്ട് സമാനമായ മറ്റൊരു തീരുമാനമെടുക്കുക. വേദനയിൽ കഴിഞ്ഞ ഒരു ആത്മാവിന് സമാശ്വാസം നൽകിക്കൊണ്ട് കഴിഞ്ഞ ദിവസം രാത്രി നീ എന്നെ സേവിച്ചു. അവനെ സേവിച്ചപ്പോൾ സ്വന്തം ഇംഗിതത്തിനെതിരായി എനിക്കുവേണ്ടി തീരുമാനമെടുക്കുകയായിരുന്നു.

അതുകൊണ്ട് സ്വർഗ്ഗത്തിൽ സന്തോഷമുണ്ടായി. ആൻ, നീ എന്റേതാണ്. ഞാൻ നിന്റേതും. എന്റെ കുഞ്ഞേ, എന്നോടൊപ്പമായിരിക്കുക.എന്നോടൊപ്പമായിരിക്കുക.

## നിത്യപിതാവായ ദൈവത്തോടുള്ള പ്രാർത്ഥന

**സ്വർഗ്ഗസ്ഥനായ പിതാവേ, അങ്ങയോടുള്ള വിധേയത്വം ഞാൻ ഏറ്റുപറയുന്നു. എന്റെ ജീവിതവും പ്രവൃത്തികളും ഹൃദയവും അവിടുത്തേക്ക് സമർപ്പിക്കുന്നു. അങ്ങയുടെ എല്ലാ നിർദ്ദേശങ്ങളും സാധ്യമായ വിധത്തിൽ പൂർണ്ണമായും അനുസരിക്കാനുള്ള അനുഗ്രഹം എനിക്കു നൽകേണമേ. ആമ്മേൻ.**

**പിതാവായ ദൈവമേ, കാര്യങ്ങൾ വിവേചിച്ചറിയാൻ എന്നെ സഹായിക്കണമേ. ആമ്മേൻ.**

# ഭാഗം ഒന്ന്

# രാജാവായ യേശു

## ജനുവരി 8, 2004

## യേശു

അന്ധകാരം നിറഞ്ഞ ഈ ലോകത്തിലെ എന്റെ പ്രിയപ്പെട്ട മക്കളെ, നിങ്ങളുടെ നിത്യരക്ഷ അടുത്തെത്തിയിരിക്കുന്നു. യേശുക്രിസ്തുവായ ഞാൻ, പിതാവിനുള്ളവരായ അവിടുത്തെ മക്കളെ ഒരുമിച്ചു കൂട്ടാനായി മടങ്ങിവരും. ഒരു മനുഷ്യനായാണ് ഞാൻ ലോകത്തിലേക്ക് വന്നത്. ഒരു എളിയവനായി, ശുശ്രൂഷിക്കുവാനാണ് ഞാൻ വന്നത്. എന്നാൽ ഞാൻ വീണ്ടും വരുന്നത് പ്രതാപത്തോടെയാണ്. ഞാൻ രാജാവായി വരും. ഞാൻ മാനവരാശിയുടെ മുഴുവൻ രാജാവാണ്. ഞാൻ വരുന്നത് നിങ്ങളെ വീണ്ടെടുക്കാനല്ല, നയിക്കാനാണ്. ഞാനാണ് ലോകത്തിന്റെ ഭരണാധികാരി. ഈ ലോകത്തെയും അതിന്റെ സമസ്ത സൃഷ്ടിജാലങ്ങളേയും ഞാൻ ഭരിക്കും. അന്ധകാരം അവസാനിക്കാൻ പോകുന്നു. വിശ്വാസികൾ തങ്ങളുടെ സമയം വന്നുചേർന്നതിൽ ആനന്ദിക്കണം. പാപികൾ, കൃപയുടെ ഈ ചുരുങ്ങിയ കാലയളവിൽ അനുതപിക്കണം. നിങ്ങൾ തന്നെ തീരുമാനിയ്ക്കണം. നിങ്ങൾ പ്രകാശത്തെ തെരഞ്ഞെടുക്കുമോ? അതോ നിങ്ങൾ അന്ധകാരത്തിൽ തുടരുമോ? നിങ്ങൾക്ക് താക്കീത് നൽകിയിരുന്നു. നിങ്ങളെ ഉത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. അന്ധകാരം നിങ്ങളെ നാശത്തിലെത്തിക്കും. പ്രകാശം തെരഞ്ഞെടുക്കൂ. എല്ലാം മുൻകൂട്ടി പറഞ്ഞിട്ടുണ്ട ല്ലോ. മനുഷ്യരാശി എന്നിൽ നിന്നും വളരെയധികം അകുന്നുപോയിരിക്കുന്നു. എന്നാൽ മനുഷ്യവംശത്തിന് അങ്ങനെ എന്നേക്കുമായി എന്നിൽ നിന്നും അകന്നുപോകാൻ സാധിക്കുകയില്ല. എല്ലാ മഹത്വത്തോടും കൂടി അന്ധകാരത്തിലൂടെ

ഞാൻ ചൂഴ്ന്നിറങ്ങും. സമാധാനത്തിലായിരുന്ന് സർവ്വ ശക്തനെ സ്തുതിക്കുക; സത്യമായും ദൈവരാജ്യം സമീപിച്ചിരിക്കുന്നു.

## ജനുവരി 9, 2004

## യേശു

പ്രിയപ്പെട്ട മക്കളെ, പ്രകാശത്തിനു നേരെ നോക്കൂ. സകല നന്മസ്വരൂപിയായ അവിടുത്തെ മുമ്പിലേക്ക് കണ്ണുകളുയർത്തൂ. വലിയ ആനന്ദത്തോടെയും ആഹ്ലാദത്തോടെയും ഞാൻ നിങ്ങളുടെ അടുത്തേയ്ക്ക് വരുന്നു. വിലാപത്തിന്റെ നാളുകൾ അവസാനിക്കുന്നു. കാരണം, ദൈവം തന്റെ മക്കളെ ഒരിക്കലും പിരിയാനാവാത്ത വിധം അവിടുത്തെ ഹൃദയത്തോട് ചേർത്തണയ്ക്കുന്നു. നിങ്ങളുടെ ഈ ലോകത്ത് ധാരാളം ദുഃഖദുരിതങ്ങളുണ്ട്. ദൈവത്തിന്റെ അസ്തിത്വം തന്നെ തിരസ്ക്കരിക്കുന്നതിനാൽ പാപം പ്രകാശത്തെ മറയ്ക്കുന്നു. ഇത് ഇനിയും സംഭവിക്കാൻ അനുവദിക്കില്ല. സർവ്വജ്ഞാനിയായ ദൈവം മനുഷ്യന്റെ ബലഹീനതകൾ അനുവദിച്ചതിനാൽ സ്വർഗ്ഗം നഷ്ടമാകുന്നതിന്റെ വിലയും അവൻ അറിഞ്ഞിരിക്കുന്നു. മക്കളെ, എല്ലാ സ്വർഗ്ഗീയ ജ്ഞാനത്തോടുംകൂടി, ലോകത്തിൽ അന്ധകാരം വർദ്ധിക്കുന്നത് ഇപ്പോൾ നിങ്ങൾക്ക് കാണാൻ കഴിയും. വെറും നൂറു വർഷങ്ങൾക്കു മുമ്പുള്ള പ്രവാചകർ പോലും, ഇത്രയും പൈശാചികത ലോകത്തിലുണ്ടാകുമെന്ന് കരുതിയിരുന്നില്ല. വരാനിരിക്കുന്ന ജനതകളുടെ ധാർമ്മികാധഃപതനത്തിന്റെ ആഴമളക്കാനും അവർക്ക് കഴിഞ്ഞില്ല. ഇപ്പോഴത്തെ പല തിന്മകളും നന്മകളാണെന്നാണ് സ്വർഗ്ഗത്തിന്റെ ശത്രുക്കൾ മാനവരാശിയോട് പറഞ്ഞു വിശ്വസിപ്പിച്ചിരിക്കുന്നത്. ഞാൻ വന്നിരിക്കുന്നതിനാൽ അത്തരം മണ്ടത്തരങ്ങൾ ഒഴിവാക്കുക. ഒരിക്കലും മാറ്റമില്ലാത്ത പ്രകാശത്തിലേക്കാണ് ഞാൻ നിങ്ങളെ നയിക്കുന്നത്. വേറൊരു പുതിയ പ്രകാശം നാളെ ഉണ്ടാവുകയില്ല. ദൈവത്തിന് മാറ്റമില്ല. അവിടുന്ന് നിത്യതയാണ്. അവിടുത്തെ നിയമങ്ങൾ

പുതിയ തലമുറയ്ക്ക് യോജിക്കുന്ന രീതിയിൽ അനുരൂപണം വരുത്തേണ്ടതില്ല. കാരണം, എല്ലാ മനുഷ്യർക്കും വേണ്ടിയുള്ള ജീവിതക്രമമാണത്. ലോകത്തിലുള്ള സഹോദരികളെ, നിങ്ങൾ ആനന്ദിക്കുക. നിങ്ങളുടെ നിത്യരക്ഷ സമാഗതമായിരിക്കുന്നു. നിങ്ങളുടെ മക്കളുടെ മക്കൾ പ്രകാശത്തിന്റെ അനുയായികളായിരിക്കും. ലോകത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയോർത്ത് വിഷമിക്കേണ്ട. ദൈവത്തിന്റെ ശക്തമായ കരങ്ങൾ എല്ലാം താങ്ങി നിർത്തും. സ്വർഗ്ഗത്തിന്റെ വിജയവും സ്വർഗീയ മക്കളുടെ ഉൽക്കർഷവും കരുതിയാണ് ഇതെല്ലാം സംഭവിക്കുന്നതെന്നോർത്ത് വിശ്വാസത്തോടെ പ്രാർത്ഥിക്കുക. നിങ്ങൾ ദുഃഖിതരാണെങ്കിൽ ഞാൻ നിങ്ങളുടെ കണ്ണീരൊപ്പുമെന്നറിയുക. എന്നോടാവശ്യപ്പെട്ടാൽ സ്വർഗ്ഗീയമായ ആശ്വാസം കൊണ്ട് ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. പുതിയ കാലഘട്ടത്തെ പ്രകാശിപ്പിക്കാൻ സ്വർഗ്ഗവും ഭൂമിയും കൈകോർത്തിരിക്കുന്നു. എല്ലാം നന്നായിരിക്കുന്നു. പ്രിയപ്പെട്ട മക്കളെ, എല്ലാം നന്നായിരിക്കുന്നു.

## ജനുവരി 10, 2004

## പിതാവായ ദൈവം

ഭൂമിയിലെ എന്റെ മക്കൾക്ക് ഞാൻ അഭിവാദ്യം അർപ്പിക്കുന്നു. സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവാണ് നിങ്ങളോട് സംസാരിക്കുന്നത്. പ്രിയപ്പെട്ട എന്റെ മക്കളേ, മാറ്റത്തിന്റെ ഒരു കാലഘട്ടത്തിലാണ് നിങ്ങൾ ഇപ്പോൾ ആയിരിക്കുന്നത്. ഈ കാലഘട്ടത്തിൽ ജീവിച്ചിരുന്നെങ്കിൽ നന്നായിരിക്കുന്നു എന്ന് സ്വർഗ്ഗത്തിലുള്ള വിശുദ്ധർ ആഗ്രഹിക്കുന്നു. യേശു ബത്‌ലഹേമിൽ ജനിച്ച കാലത്തേത് പോലെയാണ് ഇപ്പോൾ. രക്ഷകന്റെ മടങ്ങിവരവിനായി ലോകം കാത്തിരിക്കുന്നതിനാൽ ഇപ്പോഴും ശിശുവുണ്ടെന്ന് നിങ്ങൾ പറയുമായിരിക്കും. യേശു നിങ്ങൾ ഓരോരുത്തരെയും ഈ ലോകത്തെ തന്നെയും ഏറ്റവും ഹൃദ്യമായി സ്നേഹിക്കുന്നു. ഞാൻ എത്രമാത്രം നിങ്ങളെ ഓരോരുത്തരേയും സ്നേഹിക്കുന്നു എന്ന് പറയുന്നില്ല. കാരണം, സ്രഷ്ടാവ് നിങ്ങളെ ഓരോരുത്തരേയും പോലെ അത്യുത്കൃഷ്ടവും സമ്പൂർണ്ണവുമായി സൃഷ്ടിച്ചിരിക്കുന്നതിനാൽ, അഗാധമായി സ്നേഹിക്കുന്നു. സ്വർഗ്ഗീയ മക്കളെ, നിങ്ങൾ ദൈവത്തിന്റെ സൃഷ്ടിയാണ്. ഒരുകൂട്ടം ജീവശാസ്ത്രപരമായ സംഭവങ്ങളാൽ, അവിചാരിതമായി ലോകത്തിലേക്ക് കടന്നുവന്നവരല്ല നിങ്ങൾ. ഇത് തികച്ചും അസംബന്ധമാണ്. ജീവശാസ്ത്രപരമായ ഓരോ സംഭവങ്ങളും പൂർത്തിയാക്കി, അവസാനം നിങ്ങളുടെ പിറവിയിൽ, സ്വർഗ്ഗം മുഴുവൻ ശ്വാസമടക്കി, നിങ്ങളുടെ വരവിനായി കാത്തുനിൽക്കുകയായിരുന്നു. എന്റെ രാജ്യം ഭൂമിയിൽ സംസ്ഥാപിതമാകുവാൻ വേണ്ടിയാണ് ഞാൻ നിങ്ങളെ സൃഷ്ടിച്ചത്. ആനന്ദകരമായ ഈ പ്രക്രിയയിൽ നിങ്ങൾ പങ്കാളികളാകണം. നിങ്ങളുടെ ദൈവത്തോട് തീർച്ചയായും നിങ്ങൾ ചോദിക്കണം, നിങ്ങളുടെ പങ്കാളിത്തത്തിന്

എന്താണ് എന്റെ പദ്ധതിയെന്ന്. ചിലരെങ്കിലും എന്നെ തിരസ്കരിക്കും. അനുസരണക്കേടിന്റെ ഈ കാലഘട്ടത്തിൽ എനിയ്ക്കിതറിയാം. എല്ലാ സ്നേഹത്തോടും ഐക്യദാർഢ്യത്തോടും കൂടി എന്നെ ശുശ്രൂഷിക്കണമെന്ന് ഞാൻ നിങ്ങളോട് ആവശ്യപ്പെട്ടേക്കാം. അങ്ങനെ എന്നെ തിരസ്ക്കരിക്കുന്നവരെ നിങ്ങളുടെ സ്നേഹം കൊണ്ട് പകരം വീട്ടും. എന്റെ പ്രിയപ്പെട്ട കുഞ്ഞുമക്കളെ, നിങ്ങൾ എനിക്കുവേണ്ടി ഇത് ചെയ്യുമോ? നിങ്ങൾ ഭയപ്പെടേണ്ട. ഇത്തരം മാറ്റങ്ങൾ പിതാവ് ആഗ്രഹിക്കുന്നുവെന്നും അങ്ങനെ പുത്രൻ ശേഷിക്കുന്നവരുടെ ഹൃദയത്തിൽ സ്വാഗതം ചെയ്യപ്പെടുമെന്നും മനസ്സിലാക്കുക. പുൽത്തൊട്ടിയിലെ ഒരു നിസ്സഹായനായ ശിശുവായി വെളിപ്പെടാനല്ല, സർവ്വസൃഷ്ടികളുടെയും രാജാവായി ഞങ്ങൾ വെളിപ്പെടുന്നു. എന്റെ പുത്രനാണ് നിങ്ങളുടെ ദൈവം. ഞാൻ നിങ്ങളുടെ ദൈവമാണ്. ആർക്കും നിഷേധിക്കാനാവാത്ത വിധം സ്വർഗ്ഗീയസമയങ്ങളിൽ, ഞങ്ങളുടെ ആത്മാവിന്റെ അഭിഷേകം ലോകത്തിലേക്ക് ഒഴുകുന്നു. ശത്രു ഞങ്ങളുടെ ആത്മാവിനെ നിഷേധിക്കും. എന്നാൽ, എന്റെ പ്രിയപ്പെട്ടവരായ നിങ്ങൾ വിശ്വസിക്കും. എന്നാൽ സത്യത്തെ നിഷേധിക്കാനാവില്ല. ശത്രുവിന്റെ നേരിയ തടസ്സപ്പെടുത്തലുകളിൽപോലും സത്യം ശത്രുവിന്റെ മേൽ ഒഴുകും. ഒരു ചെറിയ നോട്ടം കൊണ്ടുമാത്രം എല്ലാ സൃഷ്ടികളുടെയും ദൈവമായ എനിക്ക് ശത്രുവിന്റെ പ്രവർത്തനങ്ങളെ നിർവീര്യമാക്കുവാനും നശിപ്പിക്കുവാനും കഴിയും. ഒരു ചെറിയ ശതമാനം ദുഷ്ടത നിലനിൽക്കുവാൻ ഞാൻ അനുവദിക്കും. കാരണം, അങ്ങനെ എന്റെ മക്കൾക്ക് അന്ധകാരവും പ്രകാശവും തമ്മിൽ തിരിച്ചറിയാൻ കഴിയും. അതുപോലെയാണ് ഒരു കൊച്ചുകുട്ടി ചൂടും തണുപ്പും തമ്മിൽ വിവേചിച്ചറിയുന്നത്. ലോകത്തിന്റെ ഇപ്പോഴത്തെ അവസ്ഥയോർത്ത് നിങ്ങൾ എന്നെ കുറ്റപ്പെടുത്തുകയാണെങ്കിൽ, സ്വർഗ്ഗ

ത്തിലുള്ള നിങ്ങളുടെ പൂർവ്വികർ വിഷമത്തോടെ തലകുനിക്കും. വിഡ്ഢിത്തം പറയരുത്. എന്റെ മക്കളുടെമേൽ നാശം സംഭവിക്കുവാൻ ഞാൻ അനുവദിക്കില്ല. ചെറിയ രീതിയിലുള്ള നഷ്ടം ഉണ്ടാകുവാൻ ഞാൻ അനുവദിക്കാറുണ്ട്. കാരണം, അപ്പോഴാണ് ഭൗതിക സമ്പത്തിൽ നിന്ന് ദൃഷ്ടിമാറ്റി നിത്യതയിലേക്ക് നോക്കുവാൻ ആത്മാവിന് കഴിയുന്നത്. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി പല വിധത്തിലുള്ള ഭൗതിക സുഖങ്ങളും ഞാൻ എടുത്തു മാറ്റുവാൻ തുടങ്ങും. ഇതൊരു സ്വാതന്ത്ര്യാനുഭവമായി കാണുക, സൃഷ്ടികളെ, അന്ധകാരം തെരഞ്ഞെടുക്കുന്നതുവഴി നിങ്ങൾ നഷ്ടപ്പെടുത്തുന്നതുമായി താരതമ്യം ചെയ്യുമ്പോൾ ഭൂമിയിലെ നിങ്ങളുടെ ഭൗതിക സമ്പത്തിന്റെ നഷ്ടം തുലോം നിസ്സാരമാണ്. എളിമയോടുകൂടി എല്ലാം സ്വീകരിച്ചുകൊണ്ട് എന്റെ പുത്രന്റെ മടങ്ങിവരവിനായി നമുക്കൊരുമിച്ച് ലോകത്തെ ഒരുക്കാം.

## ജനുവരി 12, 2004
## പിതാവായ ദൈവം

പ്രിയപ്പെട്ട മക്കളെ, ആശ്വസിക്കുക. ഈ ഭൂമിയിലെ നിങ്ങളുടെ ജീവിതത്തിൽ ദുരിതങ്ങളുണ്ടായിരിക്കും. നിങ്ങൾക്ക് വിഷമസന്ധികളുണ്ടാകുമ്പോൾ സമാധാനത്തിലായിരിക്കുക. ആശ്വാസത്തിനായി എന്റെ അടുക്കൽ അണയുക. നിങ്ങളുടെ വിഷമങ്ങൾ എന്നോട് പറയുക. മാനുഷികമായി നിങ്ങൾക്ക് മനസ്സിലാകുന്ന തരത്തിൽ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം. എല്ലാം നന്നായി പോകുമ്പോഴും, നിങ്ങൾക്ക് എല്ലാ ഭൗതികസമ്പത്തും സ്ഥാനമാനങ്ങളുമൊക്കെ ഉണ്ടായിരുന്നപ്പോഴും ദുഃഖം നിങ്ങൾക്കുണ്ടായിരുന്നല്ലോ. ഈ വിഷമസന്ധിയിൽ ഒരു സ്വർഗ്ഗീയ കാഴ്ചപ്പാട് നിങ്ങൾക്ക് ഉണ്ടായിരിക്കണം. നിങ്ങളുമായി ഞാൻ എന്റെ തന്നെ കാഴ്ചപ്പാട് പങ്കുവയ്ക്കാം. സ്വർഗ്ഗത്തിലായിരുന്ന്, ഓരോ ഇല പൊഴിയുന്നതും ഞാൻ നിയന്ത്രിക്കുമ്പോഴും അസന്തുലിതാവസ്ഥയിലിരിക്കുന്ന ഒരു ലോകമണ് ഞാൻ കാണുന്നത്. എന്റെ ചില മക്കൾക്ക് അവർക്ക് ഭൂമിയിൽ ലഭിക്കാവുന്ന എല്ലാവിധ സുഖങ്ങളും സമ്പത്തും ഉണ്ടായിരുന്നു. ഇത്രമാത്രം ഭൗതിക സമ്പത്തുള്ള ലോകത്തിലെ ചില രാജ്യങ്ങളിലുള്ള മനുഷ്യർ വികലമായി ചിന്തിക്കാൻ തുടങ്ങി. അവർ വിചാരിച്ചത് ഈ സമ്പത്തൊക്കെ അവരുടെ അവകാശമാണെന്നത്രെ. അവർക്കുണ്ടായിരുന്ന സമ്പത്തൊക്കെ സംരക്ഷിക്കാൻ കഴിയാഞ്ഞപ്പോൾ, അതെല്ലാം തിരിച്ചെടുക്കപ്പെട്ടെന്ന് അവർ ചിന്തിക്കാൻ തുടങ്ങി. അങ്ങനെ അവർ അസന്തുഷ്ടരായി. ഒത്തിരിയേറെ മിഠായികൾ കഴിച്ച ഒരു കുഞ്ഞ് അവസാനം പ്രസന്നതയും സന്തോഷവും നഷ്ടപ്പെട്ട് അസുഖം വന്നതുപോലത്തെ അവസ്ഥയാണിത്. ഒത്തിരിയേറെ മിഠായി കഴിച്ച ഒരു കുഞ്ഞ് തന്നെത്തന്നെ രോഗബാധിത

നാക്കുന്നതിനാൽ, ആ കുട്ടിയുടെ മാതാപിതാക്കൾ മിഠായിയുടെ എണ്ണത്തിൽ നിഷ്കർഷ പുലർത്തുന്നതുപോലാണിത്. ലോകത്തിലെ സമ്പന്നരാജ്യങ്ങളിലെ എന്റെ മക്കൾ വളരെ അസന്തുഷ്ടിയും അലസതയും പ്രകടിപ്പിക്കുന്നതിനാൽ ആത്മീയ മൂല്യശോഷണത്തിലേക്ക് ഇതവരെ കൊണ്ടെത്തിക്കുന്നു. എന്നാൽ ലോകത്തിലെ മറ്റൊരു രാജ്യത്തിലേക്ക് എന്റെ ദൃഷ്ടി പതിക്കുമ്പോൾ, അവിടെ കാണുന്നത് ഒരു നേരത്തെ ആഹാരം പോലും കഴിയ്ക്കാനില്ലാതെ പട്ടിണിമൂലം മരിക്കുന്ന ധാരാളം കുഞ്ഞുങ്ങളെയാണ്. തികച്ചും വ്യത്യസ്തമായ രണ്ട് അവസ്ഥകളാണിത്. ഈ രണ്ട് അവസ്ഥകളും എന്നെ അസ്വസ്ഥനാകുന്നു, കാരണം ഒരു വിഭാഗം ജനങ്ങൾ അതീവ സുഖഭോഗങ്ങളിലും മറ്റൊരു വിഭാഗം ഭീകര ദാരിദ്ര്യത്തിലുമാണ് ജീവിക്കുന്നത്. ഈ വിഭാഗം ജനങ്ങളുടെ പിതാവാണ് നിങ്ങളെങ്കിൽ എന്തു ചെയ്യും? എന്നെപ്പോലെ തന്നെ, നിങ്ങളും പറയും, മതി ഇത് നമുക്ക് ശരിയാക്കണം. പിതാവിന്റെ സമ്പത്ത് തുല്യതയോടെ പങ്കിടണം. വളരെ നല്ല ഔദാര്യമുള്ള ആദ്യഗ്രൂപ്പിലെ ആളുകൾ അവരുടെ സമ്പത്ത് മറ്റുള്ളവരുമായി പങ്കുവച്ചു. നിങ്ങൾക്ക് ഊഹിയ്ക്കാവുന്നതിനുമപ്പുറത്തുള്ള പ്രതിഫലമാണ് ഇതുമൂലം ലഭിക്കുന്നത്. ഈ അനീതി നിങ്ങൾക്ക് മനസ്സിലായി. ദൈവത്തിന്റെ കുടുംബത്തിലെ നിർഭാഗ്യവാന്മാരായ ആളുകളെ ശുശ്രൂഷിക്കുന്ന വിശുദ്ധരായ സഹോദരീസഹോദരന്മാരെ നിങ്ങൾ സഹായിച്ചു. പ്രേഷിതപ്രവർത്തനങ്ങൾക്കായി ജീവിതം സമർപ്പിച്ച എന്റെ മക്കൾക്ക് ഇത്? അവർക്ക് ലഭിക്കുന്ന പ്രതിഫലം എന്താണെന്ന് ഞാൻ ഇപ്പോൾ പറയുന്നില്ല. ഇവർക്ക് ദൈവം നൽകുന്ന കൃതജ്ഞതയ്ക്ക് പരിധിയുണ്ടോ? ഈ കരുണാർദ്രഹൃദയരായ ശുശ്രൂഷകർക്കുള്ളതാണ് എനിക്കുള്ളതെല്ലാം. ദൈവമക്കൾക്ക് സന്തോഷകരമായി ജീവിക്കാനുള്ള ഒരു ലോകമാണ് ഞാൻ വിഭാവനം ചെയ്യുനന്നത്. എന്റെ

സമാധാനം സ്വീകരിക്കുക. യേശുക്രിസ്തുവിന്റെ നിയമം ഭൂമിയിൽ സ്ഥാപിക്കുമ്പോൾ എന്റെ പ്രിയപ്പെട്ട മക്കളെ, നിങ്ങൾ വളരെയധികം സന്തുഷ്ടരായിരിക്കും. നിങ്ങളുടെ നിത്യരക്ഷ ഉറപ്പാക്കുക എന്നതാണ് പ്രധാനം. എല്ലാവരും ആനന്ദിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾക്ക് സന്തോഷമില്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള ദുഃഖം നിങ്ങൾ അനുഭവിക്കുന്നു. ഇത് തീർത്തും താത്ക്കാലികമാണെന്നറിയുക. നിങ്ങളുടെ ആത്മീയ ഉന്നമനവും നിത്യരക്ഷയുമാണ് ഞാൻ ആഗ്രഹിക്കുന്നത്.

## ജനുവരി 13, 2004
## പിതാവായ ദൈവം

എന്റെ പ്രിയപ്പെട്ട മക്കളെ, നിങ്ങൾക്ക് ആവശ്യമുള്ളതെല്ലാം എന്നോട് ചോദിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഞാൻ നിങ്ങളുടെ പിതാവാണ്. നിങ്ങൾക്ക് ഓരോരുത്തർക്കും വളരെ വ്യക്തമായി മനസ്സിലാവുന്ന വിധത്തിൽ ഞാനുണ്ട്. നിങ്ങൾക്ക് എന്താണ് ആവശ്യമെന്ന് എന്നോട് പറയുകയും, അതു ലഭിച്ചുവെന്ന് ഞാൻ അറിയുകയും ചെയ്യട്ടെ. ആവശ്യമുള്ളതെല്ലാം ലഭിക്കണമെന്ന് നിങ്ങൾ പലപ്പോഴും ആഗ്രഹിക്കുന്നു. ഇതുവഴി സ്വർഗ്ഗത്തിലേക്ക് നോക്കുവാൻ നിങ്ങൾ മറക്കുന്നു. ഇപ്പോൾ നിങ്ങൾ സ്വർഗ്ഗത്തിലേക്ക് കണ്ണുകൾ ഉയർത്തുക. നിങ്ങളുടെ പിതാവിനോട് കരഞ്ഞപേക്ഷിക്കുക; അവിടുന്ന് എല്ലാം കാണുകയും എല്ലാം പരിഗണിക്കുകയും ചെയ്യുന്നു. അങ്ങനെ കഴിഞ്ഞ തലമുറയെപ്പോലെ നിങ്ങൾ എന്നെ ആശ്രയിക്കും. ഇത് തികച്ചും സ്വാഭാവികവും വിശുദ്ധവുമാണ്. ഇത്തരത്തിലാണ് നിങ്ങളുടെ ലോകം ഞാൻ വിഭാവനം ചെയ്തത്. മറ്റുള്ളവരെ ആശ്രയിക്കാത്തതിനാൽ സ്വാതന്ത്ര്യം നല്ലതാണ്. എന്നാൽ നിങ്ങളുടെ ദൈവത്തെ ആശ്രയിക്കുന്ന തരത്തിലാണ് നിങ്ങളെ രൂപപ്പെടുത്തിയത്. എല്ലാ സൃഷ്ടികളുടെയും നാഥനായ ദൈവത്തെ ആദരവോടെ മനസ്സിലാക്കുന്നതിനുള്ള മാർഗ്ഗമായിട്ടാണ് ഈ ആശ്രയത്വം നിങ്ങളിൽ നിന്ന് ആവശ്യപ്പെടുന്നത്. എന്നെ വെറുക്കുവാൻ ഞാൻ സ്വേച്ഛാധിപനായ ഒരു രാജാവാണോ? എന്റെ പരമാധികാരത്തിൽ നിങ്ങൾക്ക് നീരസമുണ്ടോ? എന്റെ പ്രതികാരം നിങ്ങൾ ഭയപ്പെടുന്നതിനാൽ എന്നെ പ്രീതിപ്പെടുത്തുവാൻ നിങ്ങൾ എനിക്ക് തെറ്റായ ആരാധനയർപ്പിക്കുമോ? ഇപ്രകാരമാണ് മനുഷ്യർ വ്യാജ ദൈവങ്ങളെ ആരാധിക്കുന്നത്. ഏകസത്യദൈവത്തെ

മനുഷ്യർ ആരാധിക്കുന്നത് സ്നേഹത്തോടും ആദര വോടെയുമാണ്. എല്ലാ സ്നേഹത്തിനും ആദരവിനും ഞാൻ ഏറ്റം യോഗ്യനാണ്. നിങ്ങളുടെ സ്നേഹത്തിന് ഞാൻ യോഗ്യനാണ്. മനുഷ്യരാശിയുടെ ഏറ്റവും വലിയ സുഹൃത്ത് ഞാനാണെന്ന് പലപ്പോഴും ഞാൻ തെളിയി ച്ചിട്ടുള്ളതാണ്. നിങ്ങളുടെ മരണശേഷം ഞാൻ നിങ്ങളെ എന്റെ കരങ്ങളിൽ വഹിക്കുമ്പോൾ നിങ്ങൾക്ക് മനസ്സി ലാകും, ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ നിങ്ങൾ എന്നോട് എത്രമാത്രം വിശ്വസ്തതയോടെ കടപ്പെട്ടിരുന്നുവെന്ന്. നിങ്ങളുടെ തെറ്റുകളെപ്രതി പ്രിയപ്പെട്ട മക്കളെ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. പരിപൂർണ്ണതയല്ല ഞാൻ നിങ്ങളിൽ നിന്ന് ആവശ്യപ്പെടുന്നതെന്നും എന്റെ സ്നേ ഹം കർണാദ്രവും അനന്തവുമാണെന്നും അപ്പോൾ നിങ്ങൾ മനസ്സിലാകും. എന്നോട് വീണ്ടും ഒന്നിയ്ക്ക പ്പെടുമ്പോൾ എത്രമാത്രം സന്തോഷമായിരിക്കും പ്രിയപ്പെട്ട മക്കളെ, നിങ്ങൾക്ക് ലഭിക്കുന്നത്. ഇതിന്റെ യെല്ലാം വെളിച്ചത്തിൽ ഞാൻ നിങ്ങളോട് ആവശ്യപ്പെ ടുന്നത് ഇതുമാത്രം – നിങ്ങളുടെ വിശ്വാസവും സേവ നസന്നദ്ധതയും. എന്നിൽ ശരണപ്പെടുകയും എനിക്ക് പ്രഥമസ്ഥാനം നൽകുകയും ചെയ്യണമെന്ന് വളരെ പ്ര ത്യേകമായി ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നു. ന മുക്ക് ഈ വഴി സ്വീകരിച്ചുകൂടേ ? നമുക്ക് ദൈവത്തോട് നമ്മുടെ പിതാവിനോട് ചോദിക്കാം. നമ്മൾ മറ്റൊരു വഴി തെരഞ്ഞെടുക്കണമോ എന്ന്? തീർച്ചയായും ദൈവത്തോട് ചോദിക്കാതെ ചെയ്യരുത്. നമ്മുടെ നിലനിൽപ്പിന് വേണ്ടി ചില ഭൗതിക ആവശ്യങ്ങൾ ന മുക്കുണ്ടാകാം. തികഞ്ഞ ആത്മവിശ്വാസത്തോടെ പെ ട്ടെന്നുതന്നെ, അത് വേണമെന്ന് പിതാവിനോട് നമുക്ക് ആവശ്യപ്പെടാം. അവിടുന്നാണ് നമ്മെ സൃഷ്ടിച്ചത്. അതിനാൽ അവിടുന്നു തന്നെ നമ്മുടെ ആവശ്യങ്ങൾ നിറവേറ്റും. മക്കളെ, ലോകത്തിന്റെ ഒരു ഭാഗത്തുള്ള പട്ടിണിയനുഭവിക്കുന്നവരെ നോക്കി നിങ്ങൾ പറയും,

നോക്കൂ, ദൈവം ഇവരെ സഹായിച്ചില്ല. ഞാൻ പ്രത്യുത്തരിക്കുന്നത് ഇപ്രകാരമായിരിക്കും, അവർക്കുള്ളത് ഞാൻ നൽകിയിരുന്നു. പക്ഷേ, കൂടുതൽ സ്വാധീനമുള്ളവർ അവർക്ക് അർഹതപ്പെട്ടത് പങ്കുവച്ചില്ല. അതിനാൽ, അത് എന്റെ കുറ്റമല്ല, എന്റെ മക്കളുടെ കുറ്റമാണ്. അനുസരണത്തിന്റെ ഈ പുതിയ കാലഘട്ടത്തിൽ, ഭൂമിയിലെ നല്ലൊരു വിഭാഗം മക്കൾ ഇത്തരത്തിൽ എന്നോട് അനുസരണയുള്ളവരായിരിക്കും. അവരിലൂടെ വളരെ ഫലപ്രദമായി ഇത് ചെയ്യുവാൻ എനിക്ക് കഴിയും. മക്കളെ, ഭൂമിയിൽ വലിയ സന്തോഷമുണ്ടാകും. ഓരോ ദിവസവും തങ്ങളുടെ പ്രവർത്തികൾ വഴി സ്വർഗ്ഗം നേടുവാൻ പരിശ്രമിക്കുകയാണെന്ന് ഭൂമിയിലെ എല്ലാ മനുഷ്യർക്കും അങ്ങനെ മനസ്സിലാകും. മക്കളെ, മനോഹരമായി ജീവിക്കുവാനുള്ള ഒരു വഴിയാണിത്. ഇപ്രകാരമാണ് നിങ്ങൾ ജീവിക്കേണ്ടത് എന്ന് ഞാനാഗ്രഹിക്കുന്നു. ഭൂമിയിലെ നിങ്ങളുടെ സമയം ഞാൻ സംവിധാനം ചെയ്തിരുന്നത് നിങ്ങൾ സമാധാനത്തിലും അറിവുകൾ ആർജ്ജിച്ചുമാണ്. അല്ലാതെ കഷ്ടതയനുഭവിച്ചല്ല. അതിനാൽ, എന്റെ പ്രിയപ്പെട്ടവരെ ഉല്ലസിക്കുക. നിങ്ങളുടെ ദൈവം മടങ്ങിവരുന്ന ഒരു കാലഘട്ടത്തിലാണ് നിങ്ങൾ ജീവിക്കുന്നത്. എത്രയോ പ്രാവശ്യമാണ് എന്റെ വിശുദ്ധരായ മക്കൾ നിരാശയ്ക്ക് അടിമപ്പെട്ട് പറഞ്ഞിട്ടുള്ളത്. ദൈവമേ, എന്തുകൊണ്ടാണ് അങ്ങ് ഈ ദുഷ്ടത തുടരാൻ അനുവദിക്കുന്നത്? കൊള്ളാം, എന്റെ പ്രിയപ്പെട്ട മക്കളെ, ഇനിയും ഇത് തുടരാൻ ഞാൻ അനുവദിക്കില്ല.

## ജനുവരി 14, 2004
## പിതാവായ ദൈവം

മാറ്റങ്ങൾ സംഭവിക്കുന്ന ഈ ലോകത്തിലെ എന്റെ മക്കളെ, ഞാൻ നിങ്ങളോടുകൂടെയുണ്ടെന്ന് നിങ്ങൾ അറിയണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. പലപ്പോഴും, പല തരത്തിൽ ഇത് ഞാൻ നിങ്ങളോട് പറയുന്നുണ്ട്. എന്തെല്ലാം സംഭവിച്ചാലും അവിടെ യെല്ലാം ദൈവം സന്നിഹിതനാണെന്ന് നിങ്ങൾക്ക് അറി യാമെങ്കിൽ ഒരിക്കലും നിങ്ങൾ ഭയപ്പെടുകയില്ല. എല്ലാം അറിയുന്ന, ഏറ്റവും ശക്തനായ, ഓരോ സന്ദർഭവും വീക്ഷിക്കുകയും അങ്ങനെ ഓരോ സന്ദർഭത്തിലും ഏറ്റവും നല്ലത് മാത്രം നൽകുകയും ചെയ്യുന്ന പി താവ് കൂടെയുണ്ടെന്ന് അറിയുന്ന ഒരാൾക്ക് എങ്ങ നെയാണ് ഭയപ്പെടാൻ കഴിയുന്നത്? ശരിയാണ്, നിങ്ങൾ എന്നെ കാണുന്നില്ല, എന്നാൽ വീണ്ടും ഞാൻ കാറ്റിന്റെ പ്രവർത്തനം നിങ്ങളെ ഓർമ്മപ്പെടുത്തുന്നു; കാറ്റിന്റെ സാന്നിദ്ധ്യം അതിന്റെ പ്രവൃത്തി മൂലം അറിയുവാൻ കഴിയും. അതുപോലെയാണ് ഞാനും. നിങ്ങളുടെ ഇടയിൽ എന്റെ സാന്നിദ്ധ്യം അറിയുന്നത് എന്റെ സ്വാധീനം വഴിയും ഒരു പ്രത്യേകസാഹചര്യ ത്തിൽ എന്നെ വിളിച്ചതുവഴിയും എന്റെ സാന്നിദ്ധ്യം നിങ്ങളിൽ ഉണ്ടെന്ന് ബോധ്യപ്പെടുകയും അതനുസരിച്ച് പ്രവർത്തിച്ചതുവഴിയുമാണ്. ഞാൻ നിങ്ങളെ ഓരോ രുത്തരെയും ഉപയോഗിക്കുന്നത് മറ്റുള്ളവരിലേക്ക് എന്നെ നയിക്കുകയും എന്നെ പകർന്നു നൽകുകയും ചെയ്യുന്നതിനാണ്. നിങ്ങളിലും നിങ്ങളുടെ ലോകത്തും എനിക്ക് ആധിപത്യമുണ്ടെന്ന് നിങ്ങൾ പ്രഖ്യാപിക്കു കയും എന്നെ ആദരിക്കുകയും ചെയ്താൽ, ഞാൻ നിങ്ങളോടൊപ്പമുണ്ട്. ഇപ്രകാരം, എവിടെവേണമെ ങ്കിലും എനിക്ക് സന്നിഹിതനാകാനാകും. ആരുടെ

യടുത്തുവേണമെങ്കിലും നിങ്ങൾക്ക് എന്നെ കൊണ്ടുപോകാൻ സാധിക്കും. പലവിധത്തിൽ എനിക്ക് എന്നെത്തന്നെ വെളിപ്പെടുത്താൻ കഴിയും. നിങ്ങളുടെ ക്ഷമാശീലത്തിൽ ഞാൻ വെളിപ്പെടുന്നു. നിങ്ങളുടെ പുഞ്ചിരിയിൽ, നിങ്ങളുടെ സംസാരത്തിൽ, നിങ്ങളുടെ തീരുമാനത്തിൽ എല്ലാം ഞാൻ സന്നിഹിതനാണ്. നിങ്ങൾക്ക് എന്നെ കാണാൻ കഴിയുന്നില്ല. ശരിയാണ്, എന്നെ ശുശ്രൂഷിക്കുന്നിടത്തു നിന്നും എന്നെ ശുശ്രൂഷിക്കാത്തിടത്തുനിന്നും അതുപോലെ എന്നെ ശുശ്രൂഷിക്കാത്തിടത്തു നിന്നും ഈ വ്യത്യാസം നിങ്ങൾക്ക് അനുഭവിക്കാൻ കഴിയും. ഇപ്പോൾ എന്നെ ശുശ്രൂഷിക്കുക, ഒരിക്കലും അതിന് കാലതാമസം വരുത്തരുത്. നിങ്ങളുടെ സ്വർഗ്ഗീയ പിതാവായ എന്നോടുകൂടി ആയിരിക്കും നിങ്ങളെ ബാധിക്കുന്ന എല്ലാറ്റിലും എന്റെ സാന്നിദ്ധ്യം ഉണ്ടാവാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ ജീവിതത്തിലെ ഓരോ സന്ദർഭവും നിങ്ങളുടെ ആത്മാവിന്റെ രക്ഷയ്ക്കായി മാറ്റുകയും അതുവഴി നിത്യാനന്ദം അനുഭവിക്കുവാൻ ഞാൻ നിങ്ങളെ യോഗ്യരാക്കുകയും ചെയ്യും. പക്ഷേ, എന്റെ ജീവിതത്തിലെ എല്ലാം അത്ര നല്ലതല്ലെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടാവും, അതെനിക്കറിയാം പ്രിയ കുഞ്ഞേ, അതിനാലാണ് എന്നെക്കൊണ്ട് നിങ്ങൾക്ക് ആവശ്യമുള്ളത്. നിങ്ങളുടെ വേദനയും ദുഃഖവും ദുരിതവും പരാജയങ്ങളുമെല്ലാം, കരുത്തും, ജ്ഞാനവും ക്ഷമയും സന്തോഷവുമൊക്കെയായി മാറ്റാൻ എനിക്ക് കഴിയും. ലോകത്തിൽ നിന്നും ലോകസുഖങ്ങളിലും നിന്നും വിടുതൽ പ്രാപിച്ചു ജീവിക്കുകയാണെങ്കിൽ സത്യമായും സ്വർഗ്ഗത്തിന്റെ ഒരു മുന്നാസ്വാദനം ഈ ഭൂമിയിൽ ജീവിച്ചിരിക്കുമ്പോൾത്തന്നെ നിങ്ങൾക്ക് ലഭിക്കുകയും ലോകസുഖങ്ങളിൽ നിന്നും വിട്ടുനിൽക്കാൻ നിങ്ങൾക്ക് കഴിയുകയും. വളരെ വ്യക്തമായ ഒരു ദിശാബോധം നിങ്ങൾക്ക് ലഭിക്കും. ലോകം

ഉപേക്ഷിച്ച് സ്വർഗ്ഗം നേടുവാനുള്ള യാത്ര ആരംഭിക്കുവാൻ അങ്ങനെ നിങ്ങൾക്ക് എളുപ്പമായിത്തീരും. നിങ്ങളുടെ നന്മയ്ക്കായിട്ടാണ് ഞാൻ ഇതെല്ലാം പറയുന്നതെന്ന് വിശ്വസിക്കൂ. തന്റെ മക്കളുടെ ഓരോ ആവശ്യങ്ങളും അറിയുന്ന നിങ്ങളുടെ പിതാവാണ് ഞാൻ. നിങ്ങളുടെ ആത്മാവിനെ ശാന്തമാക്കുവാനും നിങ്ങളുടെ വഴികളെ നയിക്കുവാനും എന്നെ അനുവദിക്കുക. പ്രിയപ്പെട്ട മക്കളെ ഇതിനുവേണ്ടിയാണ് ഞാൻ ഇപ്പോൾ നിങ്ങളുടെ അടുക്കൽ വന്നിരിക്കുന്നത്.

## ജനുവരി 15, 2004
## രാജാവായ ഈശോ

രാജാവിനെ സ്വീകരിക്കാൻ ലോകത്തിലെ എന്റെ പ്രിയപ്പെട്ട സഹോദരങ്ങൾ തങ്ങളുടെ ഹൃദയങ്ങൾ ഒരുക്കണം. രാജഭരണം നിലനിന്നിരുന്ന കഴിഞ്ഞ കാല ങ്ങളിൽ, കുറെ നാളുകൾക്കുശേഷം മടങ്ങിവരുന്ന രാജാവിനെ സ്വീകരിക്കുവാൻ അവർ നന്നായി ഒരു ങ്ങുമായിരുന്നു. ഭൗതികമായ കാഴ്ചപ്പാടിൽ, ഞാൻ നിങ്ങളിൽ നിന്ന് വർഷങ്ങളോളം അകന്നിരിക്കുകയാ യിരുന്നു. മടങ്ങിവരവിനായി ഞാൻ ഇപ്പോൾ ഒരുങ്ങി യിരിക്കുന്നു. ഞാൻ തയ്യാറാണ്. എന്നാൽ നിങ്ങളുടെ ലോകം അതിന് തയ്യാറല്ല. അതിനായി എന്താണ് നിങ്ങൾ ചെയ്യേണ്ടത്? എന്റെ പ്രിയപ്പെട്ട മക്കൾ തങ്ങ ളുടെ ഹൃദയം ഒരുക്കണം. ഞാൻ മടങ്ങിവരുമ്പോൾ നിങ്ങളെ എങ്ങനെയാണ് ഞാൻ കണ്ടെത്തുന്നത്? ലൗകികതയിലും ലോകസുഖങ്ങളിലും മുഴുകി, എന്റെ ആഗമനം നിങ്ങളുടെ ജീവിതശൈലിക്ക് തടസ്സം നേരി ടുന്നതും പ്രീതികരമല്ലാത്തതുമായ ഒരു കാര്യമായിരി ക്കുമോ? അത് നിങ്ങൾക്ക് ഒട്ടും നന്നല്ല, പ്രിയ മക്കളേ, കാരണം, നിങ്ങൾക്ക് ലഭിക്കാൻ പോകുന്ന സ്വർഗീയാന ന്ദം മനസ്സിലാക്കാനോ അനുഭവിക്കാനോ കഴിയില്ല. ഈ സ്വർഗ്ഗീയാനന്ദം സ്വന്തമാക്കാൻ നിങ്ങൾ തീർച്ച യായും ഒരുങ്ങണം. സമാധാനപരവും ജാഗ്രതാപൂർവ്വ വുമായ ഒരുക്കത്തിനായി നിങ്ങൾ തന്നെ ഒരു മാതൃക യാകണം. ഇപ്രകാരം ഞാൻ നിങ്ങളെ കാണുമ്പോൾ, എല്ലാ വിശുദ്ധിയോടുംകൂടി എന്നെ എതിരേൽക്കാൻ നിങ്ങൾക്ക് കഴിയും. ഒറ്റരാത്രികൊണ്ട് നിങ്ങൾ വിശുദ്ധി പ്രാപിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നുണ്ടോ? ഇല്ല. പ്രിയപ്പെട്ടവരെ ഇത് നിങ്ങൾക്ക് സാധിക്കില്ല. ഞാൻ ഇത് പ്രതീക്ഷിക്കുന്നുമില്ല. സ്വീകാര്യനും സ്നേഹസ മ്പന്നനുമായ ഒരു അതിഥിയേപ്പോലെ, ആത്മീയത

യിൽ നിങ്ങൾ എത്രമാത്രം ഉയർന്നിരിക്കുന്നുവെന്നല്ല, എന്നോട് കൂടെ നിങ്ങളുടെ ആത്മവിശുദ്ധീകരണത്തി നായി എത്രമാത്രം പ്രയത്നിക്കുന്നുവെന്നാണ് ഞാൻ അന്വേഷിക്കുന്നത്. എന്റെ രാജ്യത്തിൽ വസിക്കുന്ന ഒരു പ്രജയാണെന്ന് നിങ്ങൾക്ക് ബോധ്യം ലഭിക്കുന്ന, ശാന്തമായ ഒരു നിമിഷത്തിനായി ഞാൻ കാത്തിരിക്കു ന്നു. എന്റെ രാജ്യത്തിലേക്ക് നിങ്ങളെ ഞാൻ ഉയർത്തും. നിങ്ങൾ എന്റെ ഏറ്റവും അടുത്ത ഉപദേശകരിലൊ രാളും സുഹൃത്തുക്കളുമായിരിക്കും. ഞാൻ മടങ്ങിവരു മ്പോൾ അങ്ങനെ നിങ്ങൾ എല്ലാത്തരം വാർത്തകളും നിവേദനങ്ങളും എനിക്ക് നൽകും. ഈ ലോകത്തിന്റെ ദൈവമായ കർത്താവേ, ഈ ആത്മാവ് ദുഃഖം അനു ഭവിക്കുന്നു. അങ്ങയുടെ പ്രത്യേകസഹായം ഈ ആത്മാവിന് ആവശ്യമുണ്ട് എന്ന് നിങ്ങൾ പറയും. നിങ്ങൾ എന്റെ വിശ്വസ്തരായതുകൊണ്ട് നിങ്ങൾ എന്റെ അടുത്തുകൊണ്ടുവരുന്ന ആത്മാക്കൾക്ക് എന്റെ പ്രത്യേകസഹായവും കരുണയും ഞാൻ നൽകും. ഈ ലോകത്തിന്റെ ദൈവമായ കർത്താവേ, ഈ സ്കൂളിന്, ഈ ആശുപത്രിക്ക്, ഈ ദൈവാലയത്തിന്, ഈ സ ന്യാസസമൂഹത്തിന്, ഈ രാഷ്ട്രീയപാർട്ടിക്ക് അങ്ങ യുടെ ശക്തമായ സ്വാധീനം കൊടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു എന്നും നിങ്ങൾ എന്നോട് അഭ്യർത്ഥി ക്കും. അപ്പോൾ ഞാൻ പറയും. കൊള്ളാം രാജാവിന്റെ വിശ്വസ്തദാസാ, എന്നോട് ആവശ്യപ്പെട്ടത് ഞാൻ നൽകും. കാരണം നീ എപ്പോഴും എന്നോട് സ്നേ ഹവും വിശ്വസ്തതയുമുള്ളവനായിരുന്നു. എപ്രകാര മാണ് ദൈവരാജ്യം നമ്മൾ വിസ്തൃതമാകുന്നതെന്ന് കണ്ടോ? നിങ്ങൾ ഇനി ഒരിക്കലും അശക്തനായിരി ക്കുകയില്ല. ലോകത്തെ തന്നെ ശക്തമായി സ്വാധീനി ക്കാൻ കഴിയുന്ന വിധത്തിൽ ഞാൻ നിങ്ങളെ ശക്തരാ ക്കും. എനിക്ക് പോകേണ്ടിടത്തെല്ലാം എന്നെ കൊണ്ടു പോകുന്ന ഒരാളായി ഞാൻ നിങ്ങളെ തെരഞ്ഞെ

ടുത്തിരിക്കുന്നു. നിങ്ങളുടെ ഹൃദയം ഒരുക്കൂ, പ്രിയപ്പെട്ട മക്കളെ ഞാൻ വരുന്നു. എന്റെ ഒരൊറ്റ കൈവീശൽകൊണ്ട് അന്ധകാരത്തെ ഞാൻ തൂത്തുമാറ്റും. ദുഷ്ടൻ ഭയപ്പെട്ട് ഓടുന്നതിന് ഞാൻ ഇടയാക്കും. കാപട്യം വഴിമാറും. എല്ലാ സന്തോഷത്തോടും കൃതജ്ഞതയോടും കൂടി എന്നെ സ്വീകരിക്കാൻ നിങ്ങളുടെ ഹൃദയം ഒരുക്കുവിൻ.

## ജനുവരി 16, 2004
## രാജാവായ യേശു

എന്റെ സഹോദരീസഹോദരന്മാരെ, ഞാനീ സന്ദേശങ്ങൾ നിങ്ങൾക്ക് നൽകുന്നത് എന്റെ മടങ്ങിവരവിനായി നിങ്ങളെ ഒരുക്കേണ്ടതിനാണ്. വളരെയധികം സന്തോഷത്തോടെയാണ് ഇപ്പോൾ ഞാൻ നിങ്ങളുടെ അടുക്കൽ വരുന്നത്. ഈ ലോകത്തിലെ വേദന ഞാൻ കാണുകയും, ഈ വേദന ലഘൂകരിക്കാനും ഹൃദയങ്ങളിലും ഭവനങ്ങളിലും സമാധാനവും സന്തോഷവും വീണ്ടും കൊണ്ടുവരാൻ പോകുന്നുവെന്നും അറിയുന്നത് എനിക്ക് വലിയൊരു ആശ്വാസമാണ്. സ്നേഹമില്ലാത്ത ഒരു ലോകത്തിലൂടെ അലഞ്ഞുതിരിയുന്ന ആത്മാക്കളെ കാണുമ്പോൾ എനിക്ക് അനുഭവപ്പെടുന്ന അസ്വസ്ഥതകളെക്കുറിച്ച് നിങ്ങൾക്ക് ഊഹിക്കാനാവുമോ? ദിവ്യമായ സുഹൃത്ബന്ധങ്ങൾ ആവശ്യപ്പെടുകയേ വേണ്ടൂവെന്നും അത്തരം ചങ്ങാത്തങ്ങൾ അവരെ കാത്തിരിക്കുന്നുവെന്നും മിക്ക ആത്മാക്കൾക്കും മനസ്സിലാകുന്നേയില്ല. ലോകമെമ്പാടും ഭയാനകമായ പകർച്ച വ്യാധിപോലെ പടർന്നുപിടിച്ച ആത്മീയ രോഗം തങ്ങളുടെ കൂട്ടുകാരെ ബാധിച്ചതായി മിക്ക ആത്മാക്കൾക്കും മനസ്സിലാകുന്നേയില്ല. അവർ സ്നേഹിക്കപ്പെടാൻ യോഗ്യരല്ലെന്ന് അവർക്കു തോന്നുകയും, എന്നാൽ യഥാർത്ഥത്തിൽ, സ്നേഹിക്കാനായി അവരുടെ ജീവിതത്തിലേക്ക് കടന്നുവന്നവരും ദുരിതത്തിലാകുന്നു. മാതാപിതാക്കൾ പോലും സ്വന്തം മക്കളേക്കാൾ അധികമായി തങ്ങളേതന്നെ സ്നേഹിക്കാൻ തുടങ്ങിയതുവരെ ഈ സാഹചര്യം രൂക്ഷമായി. ഈ കുട്ടികൾ മൂല്യബോധവും മാതൃകയും നഷ്ടപ്പെട്ട മുതിർന്നവരായി വളർന്നുവന്നു. സ്വന്തം മക്കളെ വളർത്താൻ അവർക്കന്ന് പ്രാപ്തിയുണ്ടായിരുന്നില്ല. സ്വർഗ്ഗീയ വൈദ്യന് സഹായിക്കാനാകുമെന്ന് വിശ്വസിച്ച എല്ലാവരെയും സഹാ

യിച്ചുകൊണ്ട്, നിങ്ങളുടെ ഈശോ ഈ സഹനത്തിലൂടെ കടന്നുപോയി. ഒരു ആത്മാവ് നിരാശയോടെ എന്നിലേക്ക് തിരിയുകയും സഹായം അഭ്യർത്ഥിക്കുകയും ചെയ്യുമ്പോൾ ഞാൻ എത്രമാത്രം ആശ്വസിച്ചു. ആ ആത്മാവിന്റെ എല്ലാ കൃപകളും ഞാൻ ആസ്വദിക്കുകയും, അവരുടെ പ്രിയപ്പെട്ടവർ എന്റെ കൃപകൾ സ്വീകരിക്കുമ്പോൾ, അവരുടെ പ്രിയപ്പെട്ടവരുടെ മേലും ഞാൻ എന്റെ കൃപകൾ നൽകുകയും ചെയ്യും. അവരുടെ പ്രിയപ്പെട്ടവർ എന്റെ കൃപകൾ സ്വീകരിക്കാത്ത സന്ദർഭങ്ങളിൽ അവരുടെ പ്രിയപ്പെട്ടവർ എന്റെ സഹായം സ്വീകരിക്കാൻ തയ്യാറാകുന്നതുവരെ ഞാൻ എന്റെ വിശ്വസ്ത അനുയായിയെ ആശ്വസിപ്പിച്ചു. പ്രിയപ്പെട്ടവരെ, ഒരു തെറ്റും ചെയ്യരുത്. നിങ്ങളുടെ ലോകം ദുഃഖദുരിതങ്ങൾ അനുഭവിച്ചപ്പോൾ നിങ്ങളുടെ ഈശോ വെറുതെയിരുന്നില്ല. സാധ്യമായ എല്ലാ വഴികളിലൂടെയും ഞാൻ ലോകത്തോട് അപേക്ഷിച്ചു. ലോകം എന്നെ നിരസിച്ചു. ഞാൻ നിങ്ങളോട് പറഞ്ഞതുപോലെ കഴിഞ്ഞ കാലങ്ങളിൽ ഇതേ അളവിലല്ലെങ്കിലും, ഇത് സംഭവിച്ചു. അതിനാൽ, സമാനതകളില്ലാത്ത രീതിയിൽ പ്രവർത്തിക്കുവാൻ സ്വർഗ്ഗം തീരുമാനിച്ചു. എന്റെ മടങ്ങിവരവിനായുള്ള ഒരുക്കങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഈ കൃപകൾ ഒഴുകുന്ന ചാനലുകളാണ് നിങ്ങൾ. ദൈവരാജ്യത്തിന്റെ കുഞ്ഞ് ആത്മാക്കളെ നിങ്ങളുടെ ഹൃദയം ഇപ്പോൾ എന്നിലേക്ക് തുറക്കൂ. എന്റെ ആത്മാവ് നിങ്ങളിലൂടെ ഒഴുകുന്നതെങ്ങനെയെന്ന് ആശ്ചര്യത്തോടെ കാണുക. എന്റെ ഹിതത്തോട് തുറവിയുണ്ടായിരിക്കുന്നതൊഴിച്ചാൽ നിങ്ങൾക്ക് അസാധാരണമായി യാതൊന്നും ചെയ്യേണ്ടതില്ല. എനിക്കുവേണ്ടി നിങ്ങൾ എന്റെ ജോലി ചെയ്യാൻ ശ്രമിക്കുന്നതിനാലാണ് നിങ്ങൾക്ക് സമ്മർദ്ദം അനുഭവിക്കേണ്ടി വരുന്നത്. ആർക്കാണ് ദൈവത്തിന്റെ പ്രവൃത്തി ചെയ്യാൻ കഴിയുക? വളരെ അപൂർണ്ണമായ ഒരു ലോകത്ത് പൂർണ്ണത

കണ്ടെത്താൻ പരിശീലനത്തിലായിരിക്കുന്ന ഒരു കുട്ടി തയ്യാറാവുകയില്ല. നിങ്ങളിലൂടെ പ്രവർത്തിക്കാൻ എന്നെ അനുവദിക്കൂ. നിങ്ങളുടെ ആത്മാവിൽ ആവശ്യ മായ മാറ്റങ്ങൾ വരുത്തുമ്പോൾ ഞാൻ നിങ്ങളെ സ്നേ ഹിക്കുകയും പിന്തുണയ്ക്കുകയും ചെയ്യട്ടെ. തടസ്സമി ല്ലാതെ നിങ്ങളിലൂടെ ഒഴുകാൻ എന്നെ അനുവദിക്കുമ ല്ലോ. എല്ലാം നന്നായിരിക്കുന്നു, എന്റെ പ്രിയപ്പെട്ട മക്ക ളെ, ഒന്നിനെക്കുറിച്ചും നിങ്ങൾ വിഷമിക്കേണ്ടതില്ല.

## ജനുവരി 17. 2004
## രാജാവായ യേശു

എന്റെ സഹോദരീ സഹോദരന്മാർക്കായി ഞാനൊരുക്കിയ സ്ഥലത്ത് തന്നെ എല്ലാ ശാന്തതയോടും ആശ്രയബോധത്തോടും കൂടി തുടരണം. ഈ പ്രാരംഭഘട്ടത്തിലെങ്കിലും നിങ്ങളിലൂടെയാണ് ഞാൻ മടങ്ങി വരുന്നത്. എന്റെ വാക്കുകൾ നിങ്ങൾ ശ്രദ്ധിക്കുകയും എന്റെ ആത്മാവിനെ നിങ്ങളുടെയുള്ളിൽ അനുഭവിക്കുകയും അങ്ങനെ നിങ്ങൾ സ്വർഗ്ഗത്തെ സഹായിക്കാൻ ഒരുങ്ങുകയുമാണ്. ഇത് നന്നായിരിക്കുന്നു. നിങ്ങളും മറ്റൊരു കാര്യം ചെയ്യണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. എന്നോടൊപ്പം നിങ്ങൾ ആത്മാർത്ഥമായി നടക്കാൻ ആരംഭിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. എന്റെ പ്രിയപ്പെട്ട ദാസന്മാരെ, ഞാൻ നിങ്ങളോടൊപ്പമുണ്ടന്ന് ഞാൻ നിങ്ങളോട് പറഞ്ഞിട്ടുണ്ട്. ഞാൻ ഒരിക്കലും നിങ്ങളെ കൈവെടിയുകയില്ലെന്ന് ഞാൻ നിങ്ങളോട് പറഞ്ഞിട്ടുണ്ട്. നിങ്ങൾ എന്നെ സ്വാഗതം ചെയ്തിട്ടുണ്ടെങ്കിൽ ഞാൻ നിങ്ങളുടെ ഉള്ളിൽ വസിക്കുന്നുണ്ട്. എന്നാൽ ഞാൻ നിങ്ങളുടെ അരികിലുമുണ്ട്. ആരെങ്കിലും എന്നോട് പങ്കെടുക്കാൻ ആവശ്യപ്പെടുന്ന എല്ലാ സംഭാഷണത്തിലും ഞാനുണ്ട്. എന്നെ എങ്ങനെയാണ് പ്രസാദിപ്പിക്കേണ്ടതെന്ന് നിങ്ങൾക്ക് അറിയാമോ? നിങ്ങളിലൂടെ സംസാരിക്കാൻ എന്നെ അനുവദിക്കുക. നിങ്ങളിലൂടെ പ്രവർത്തിക്കുവാൻ എന്നെ അനുവദിക്കുക. നിങ്ങളിലൂടെ സ്നേഹിക്കുവാൻ എന്നെ അനുവദിക്കുക. ഉറച്ച തീരുമാനത്തോടെ നിങ്ങൾ എന്നെ പിന്തുടരുവാൻ തുടങ്ങിയതു മുതൽ നിങ്ങളിലുണ്ടായ മാറ്റങ്ങൾ നിങ്ങൾ ശ്രദ്ധിച്ചു. ലോകം നിങ്ങളെ സമാധാനത്തിൽ നിന്ന് അകറ്റാൻ ശ്രമിക്കുമ്പോൾ ഞാൻ നിങ്ങളെ സമാധാനത്തിലേക്ക് തിരികെ കൊണ്ടു

പോകുന്നത് നിങ്ങൾ ശ്രദ്ധിച്ചു. നിങ്ങളുടെ ചുറ്റുമുള്ളവരെ സ്നേഹിക്കുന്നത് എളുപ്പമാണെന്ന് നിങ്ങൾ ശ്രദ്ധിച്ചു. ഞാൻ കാണുമ്പോൾ കൂടുതൽ ക്ഷമയും കൂടുതൽ സന്തോഷവും ലോകത്തെക്കുറിച്ച് ആഴത്തിലുള്ള ധ്യാനവും നിങ്ങൾ ശ്രദ്ധിച്ചു. കുഞ്ഞ് ആത്മാക്കളേ, ഇപ്പോൾ നിങ്ങൾ വ്യത്യസ്തമായ എന്തെങ്കിലും പരിശീലിക്കാൻ തുടങ്ങണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾ പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്ന എല്ലാ കാര്യങ്ങളിലും ശാന്തമായി എന്നെക്കൂടി ഉൾപ്പെടുത്തണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും രാജാവായ ഞാൻ ഓരോ ദിവസവും ഓരോ സമയവും ഞാൻ നിങ്ങളിലൂടെ പ്രവർത്തിക്കുന്നുവെന്ന് അറിയുക. ശാന്തത എന്ന പദം ഞാൻ പലപ്പോഴും ഉപയോഗിക്കുന്നത് നിങ്ങൾ ശ്രദ്ധിക്കണം. ഞാൻ ശാന്തതയെയും ശാന്തതയുടെ ആത്മാവിനെയും പരാമർശിക്കുന്നു. ഞാൻ എന്തിനാണ് ഇത് ചെയ്യുന്നത്? കാരണം പലപ്പോഴും എന്റെ മക്കൾ ആവേശഭരിതരാകുന്നു. അത് എന്നിൽ നിന്നല്ല. ഞാൻ നിങ്ങളിലൂടെ പ്രവർത്തിക്കുന്നതിനാൽ നിങ്ങൾ എങ്ങനെ മാറും? നിങ്ങൾ കൂടുതൽ ശാന്തനും, കൂടുതൽ ചിന്താകുലനുമാകും. നിങ്ങൾ കൂടുതൽ പുഞ്ചിരിക്കുകയും വളരെ കുറച്ച് മുഖം വീർപ്പിക്കുകയും ചെയ്യും. ഞാൻ നിങ്ങളുടെ കുറവുകൾ അവഗണിക്കുന്നതുപോലെ നിങ്ങളും നിങ്ങളുടെ സഹോദരങ്ങളുടെ കുറവുകൾ അവഗണിക്കും. നിങ്ങളുടെ മുൻഗണനകൾ എന്റെ മുൻഗണനകളെ നേരിട്ട് സ്വാധീനിക്കുന്നതിനായി ഞാൻ നിങ്ങളുടെ മുൻഗണനകളെ വിശ്വസിക്കും. എന്റെ പ്രിയപ്പെട്ട ആത്മാവേ, നിങ്ങളുടേതുപോലുള്ള ആത്മാക്കൾ നിറഞ്ഞ ഒരു ലോകം സങ്കൽപ്പിക്കാൻ ഒരു നിമിഷം ശ്രമിക്കുക. ഇത് സംഭവിക്കുവാൻ പോകുന്നു. എന്റെ പിതാവ് ഇതാഗ്രഹിക്കുന്നു. ഇത് ക്രമേണ ആദ്യം, പിന്നീട് വേഗത്തിൽ സംഭവിക്കും.

എന്റെ ആത്മാവ് വളരെ സൂക്ഷ്മമായി നിരീക്ഷിച്ച നീ, ഇതിന്റെ ഭാഗമാണ്. ഇതിൽ നിങ്ങൾക്കൊരു പങ്കുണ്ട്. നീ എന്റേതാണ്, എനിക്ക് നിന്നെ ആവശ്യമുണ്ട്. ഇത് നിങ്ങൾക്ക് ബുദ്ധിമുട്ടാവുമെന്ന് കരുതരുത്. നിങ്ങൾ ഇതുവരെ അനുഭവിച്ചതിൽ വച്ച് ഏറ്റവും സ്വാഭാവികവും സുഖപ്രദവും അതിശയകരവുമായ അവസ്ഥയിലായിരിക്കും ഇത്. എന്റെ ഹിതവുമായി അനുരൂപപ്പെട്ട എന്റെ യഥാർത്ഥ അനുയായികൾ ഈ അവസ്ഥയിൽ ഇതിനകം തന്നെ നിലകൊള്ളുകയും അവർ സമാധാനത്തിലായിരിക്കുകയും ചെയ്യും. നിങ്ങൾക്കും ആ സമാധാനം ലഭിക്കും. പ്രിയപ്പെട്ടവരേ, ഇപ്പോൾ സന്തോഷിക്കൂ. ദൈവം എല്ലാവരേയും സുദൃഢമായി നയിക്കുകയും എല്ലാം നന്നായിരിക്കുകയും ചെയ്യുന്നു.

## ജനുവരി 19, 2004
## രാജാവായ യേശു

ഭൂമിയിലെ എന്റെ പ്രിയപ്പെട്ട മക്കളെ, നിങ്ങൾ ഭയപ്പെടുന്നു. നിങ്ങളുടെ ജീവിതത്തിൽ നിന്ന് ഭയം പൂർണ്ണമായും ലഘൂകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. മനുഷ്യന് എന്റെ പ്രകാശം കുറയ്ക്കാൻ കഴിയാത്തതിനാൽ, പ്രകാശത്തെ അനുഗമിക്കുന്നവർ ഒരിക്കലും ഭയപ്പെടരുത്. നിങ്ങൾ എന്നെ നിങ്ങളുടെ ഉള്ളിൽ വഹിക്കുകയാണെങ്കിൽ, നിത്യതയെ ബാധിക്കുന്ന ഒന്നും സംഭവിക്കുകയില്ല. എന്റെ ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിൽ സംരക്ഷിക്കും. എന്റെ ആത്മാവിനെ നിങ്ങൾ നഷ്ടപ്പെടുത്തുന്നതാണല്ലോ നിങ്ങളെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ കാര്യം. മാറ്റത്തിന്റെ ഈ കാലഘട്ടത്തിൽ നിങ്ങൾ ദൃഢനിശ്ചയത്തോടെ പ്രകാശത്തിന്റെ പാതയിൽ നടക്കണം. എല്ലാ കാര്യങ്ങളിലും കുട്ടികൾ മാതാപിതാക്കന്മാരെ ആശ്രയിക്കുന്നതിനാൽ അവർ ഭയപ്പെടുന്നില്ല. അവർ ഒരു പ്രശ്നം അഭിമുഖീകരിക്കുമ്പോൾ, മാതാപിതാക്കന്മാരുടെ അടുത്തേക്ക് ഓടുകയും, അത് അവരെ അറിയിക്കുകയും ബാലിശമായി അവരുടെ പ്രശ്നങ്ങളുമായി തുടരുകയും ചെയ്യും. പ്രിയപ്പെട്ടവരേ, ശ്രദ്ധിക്കുക, ഇതാണ് ഇപ്പോൾ ഞങ്ങൾ നിങ്ങളോട് ആവശ്യപ്പെടുന്നത്. നിങ്ങളുടെ സമാധാനത്തിനാണ് ഇത് ഞങ്ങൾ നിങ്ങളോട് ആവശ്യപ്പെടുന്നത്. മാറ്റത്തിന്റെയും പരിവർത്തനത്തിന്റെയും ഈ സമയത്ത് മുമ്പോട്ടുപോകാനുള്ള മാർഗ്ഗമാണിത്. താമസിയാതെ, ഇത് നിങ്ങളിലേക്ക് സ്വാഭാവികമായും വരും, ഒപ്പം ഓരോ ദിവസവും നിങ്ങൾ സ്വയം ഓർമ്മിക്കേണ്ട ആവശ്യവുമില്ല. എന്റെ മക്കളോട് അവരുടെ വിശ്വാസം പരിശീലിപ്പിക്കുവാൻ ഞാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അതിനർത്ഥം വിശ്വാസം പ്രയാസകരമെന്നു തോന്നുകയും ഭയത്തിനും ദുരിതത്തിനും ഒരു പ്രലോഭനമുണ്ടാകുകയും ചെയ്യു

മ്പോൾ തുടർന്നും വിശ്വസിക്കുക എന്നതാണ്. നിങ്ങൾ ഇങ്ങനെ പറയണം, ഞാൻ ഇത് എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന് നൽകി. എന്നെ സംരക്ഷിക്കുവാൻ ദൈവം ആഗ്രഹിക്കുന്നതിനാൽ ഞാൻ രക്ഷാകർതൃത്വം പൂർണ്ണമായി പ്രയോജനപ്പെടുത്തുകയും അതിന് ഞാൻ അവിടുത്തെ അനുവദിക്കുകയും ചെയ്യും. ഈ രീതിയിൽ ഞാൻ മാനസികമായി മോചിതനാകുന്നതിനാൽ എന്റെ പിതാവ് ആഗ്രഹിക്കുന്ന ജോലി എനിക്ക് സ്വാതന്ത്ര്യത്തോടെ ചെയ്യുവാനും കഴിയും. എന്റെ മുമ്പിൽ വച്ചിരിക്കുന്ന ഓരോ ജോലികളിലും എന്റെ ഏകാഗ്രത ഉണ്ടായിരിക്കുകയും, കഴിഞ്ഞ കാലത്തെക്കുറിച്ചോ വരാനിരിക്കുന്ന കാലത്തെക്കുറിച്ചോ ഒരിക്കലും വിഷമിക്കുകയുമില്ല. ഇപ്പോൾ മാത്രമേ എനിക്ക് എന്റെ ദൈവത്തെ സേവിക്കുവാൻ കഴിയൂ, എന്റെ ദൈവത്തിന് എന്റെ സേവനം ആവശ്യവുമാണ്. "അല്ല, ദൈവമേ, എനിക്ക് നാളെയെക്കുറിച്ച് വിഷമിക്കേണ്ടതിനാൽ എനിക്കിപ്പോൾ അങ്ങയെ ശുശ്രൂഷിക്കാൻ കഴിയില്ല. ഇത്തരം വേവലാതികളാൽ ഞാൻ തിരക്കിലായതിനാൽ അവിടുത്തെ ജോലി ചെയ്യാൻ മറ്റൊരാളെ കണ്ടെത്തൂ എന്ന്? എന്റെ സഹോദരി സഹോദരന്മാരെ, ഇന്ന് വിഷമിക്കാൻ നിങ്ങളുടെ ദൈവം ആവശ്യപ്പെട്ടിട്ടില്ല. അവിടുന്ന് നിങ്ങൾക്കായി നിരവധി ജോലികൾ ഇന്നേദിവസം ആസൂത്രണം ചെയ്തിട്ടുണ്ട്. വിഷമിക്കുക എന്നത് അതിൽ ഉൾപ്പെട്ടിട്ടില്ല. സ്വയം വിഷമിക്കുന്നതും വിഷമിപ്പിക്കുന്നതും നിങ്ങളുടെ സ്വന്തം ഇഷ്ടമാണ്. അല്ലാതെ നിങ്ങൾക്കുള്ള ദൈവഹിതമല്ല. ഒരു യഥാർത്ഥ ദാസൻ (നിങ്ങൾ എല്ലാവരും അങ്ങനെ യാകാൻ ഞാൻ ആഗ്രഹിക്കുന്നു) സന്തോഷവാനായിരിക്കും, കാരണം അവന് അല്ലെങ്കിൽ അവൾക്ക് ഇപ്പോൾ ദൈവത്തെ സേവിക്കണമെന്ന് മാത്രമേ ആഗ്രഹമുള്ളൂ. ഇപ്പോൾ ദൈവഹിതം നിറവേറപ്പെടുന്നുവെന്നും ഈ ദാസൻ ഏറ്റെടുത്ത പ്രതിബദ്ധതയുടെ പേരിൽ സ്വർഗ്ഗ

ത്തിന്റെ ഭാഗമാണെന്നും അറിയാം. കുഞ്ഞുങ്ങളേ, നിങ്ങൾക്ക് മറ്റെന്താണ് ചോദിക്കാൻ കഴിയുക? നിങ്ങൾ സ്വർഗ്ഗത്തിലേക്കുള്ള നേർപാതയിലാണ്. ആ പാതയിൽ നിന്ന് നിങ്ങളെ എപ്പോഴെങ്കിലും മാറ്റുകയാണെങ്കിൽ, അവശേഷിക്കുന്ന പാതയിൽ നിങ്ങളെ സഹായിക്കാൻ ഞാൻ ഉള്ളതിനാൽ നിങ്ങളുടെ യാത്ര അനായാസ മായി പൂർത്തീകരിക്കുവാൻ നിങ്ങൾക്കു കഴിയും. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, നിങ്ങൾ ഈ പാതയിൽ തുടരുന്നിടത്തോളം, നിങ്ങളെ വിഷമിപ്പിക്കാനുള്ള യാതൊരു ശക്തിയുടെ പ്രവർത്തനവും ഉണ്ടായിരിക്കുകയില്ല. നിങ്ങളുടെ നിത്യരക്ഷ സുരക്ഷിതമാണ്. നിങ്ങൾക്ക് മനസ്സിലാകുന്നുണ്ടോ? ക്രമേണ ഈ ലോകത്തിലുള്ള സകലതും നിങ്ങൾക്ക് നഷ്ടപ്പെടും. നിങ്ങൾ മരണക്കിടക്കയിലായിരിക്കുമ്പോൾ, ദൈവത്തിനായി നിങ്ങൾ ചെയ്ത സേവനങ്ങളല്ലാതെ മറ്റൊന്നും നിങ്ങൾക്കൊപ്പം കൊണ്ടുപോകില്ല എന്നതുറപ്പാണ്. നിങ്ങളെ സ്നേഹിക്കുന്ന യേശുവിനോട് നിങ്ങൾ ഐക്യപ്പെട്ടിട്ടുണ്ടെങ്കിൽ, ഞാൻ നിങ്ങളുടെ മുമ്പിൽ നീതിമാനായി നിൽക്കുകയും നിങ്ങളുടെ പാപങ്ങൾ തീനാളങ്ങളിൽ നിന്ന് ചെറിയ ചെറിയ ജ്വാലകളായി അകലേക്ക് തെറിക്കുകയും ചെയ്യുന്നത് നിങ്ങൾ കാണും. ഇപ്പോൾ എന്താണ് ദൈവം നിങ്ങളിൽ നിന്ന് ആവശ്യപ്പെടുന്നതെന്ന് മനസ്സിലാക്കാൻ ഞാൻ ആവശ്യപ്പെടുന്നു. കുഞ്ഞുങ്ങളേ, ഇതാണ് എന്റെ അപേക്ഷ. ഇന്നേദിവസം ദൈവരാജ്യത്തെ ശുശ്രൂഷിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുക.

## ജനുവരി 20, 2004
## രാജാവായ യേശു

പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരെ, നിങ്ങളുടെ ജീവിത സാഹചര്യങ്ങളെന്തുതന്നെയായാലും പിതാവിനെ സ്തുതിക്കുക. സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിന് നിങ്ങളുടെ വിശ്വസ്തതയ്ക്കും സ്നേഹത്തിനും നിങ്ങളുടെ ഭക്തിക്കും ഐക്യദാർഢ്യത്തിനും അർഹതയുണ്ട്. എല്ലാ സൃഷ്ടികളും പിതാവിനെ സ്തുതിക്കട്ടെ, അത് നിങ്ങളിൽ നിന്നും ആരംഭിക്കട്ടെ. ഭൂമിയിലെ എന്റെ എല്ലാ ജീവിതസാഹചര്യങ്ങളിലും ഞാൻ പിതാവിനെ ആരാധിക്കുകയും എല്ലാ കഷ്ടപ്പാടുകളും, പരീക്ഷണങ്ങളും ശാരീരികപോരായ്മകളുമെല്ലാം ഞാൻ അനുഭവിക്കുകയും ചെയ്തു. പ്രിയ ആത്മാക്കളെ, ഈ ഭൗമിക പ്രവാസകാലത്ത്, നിങ്ങളല്ല ആദ്യമായിട്ട് കഷ്ടതകൾ അനുഭവിക്കുന്നത്. നിങ്ങൾ ഏതെങ്കിലും വിധത്തിൽ കൊടിയ ദുരിതങ്ങൾക്കായി ഒറ്റപ്പെട്ടവരാണെന്ന് കരുതരുത്. കാരണം അങ്ങനെയല്ല, ശാന്തമായിരുന്ന് നിങ്ങളുടെ ലോകചരിത്രം അവലോകനം ചെയ്യുക. കഴിഞ്ഞ നൂറ്റാണ്ടിലാണ് മനുഷ്യരാശി അവരുടെ ഭൂമിയിലെ ജീവിതം കഷ്ടപ്പാടുകളില്ലാതെ ആയിരിക്കണമെന്ന് ചിന്തിച്ചുതുടങ്ങിയത്. ഈ കാലഘട്ടത്തിനു മുമ്പ് ജീവിച്ചിരുന്നവർ കഷ്ടപ്പാടുകൾ പ്രതീക്ഷിക്കുകയും നല്ല കാര്യങ്ങളിൽ സന്തോഷിക്കുകയും ചെയ്തു. പ്രയാസകരമായ സമയങ്ങളിൽ അവർ ദൈവത്തെ കുറ്റപ്പെടുത്തിയില്ല. അവർ എളിയവരും എല്ലാ ഭൗമിക അനുഭവങ്ങളും ഉൾക്കൊള്ളുകയും ചെയ്തു. ഇതാണ് ഞാൻ നിങ്ങളിൽ നിന്ന് പ്രതീക്ഷിക്കുന്നത്. ഈ മനോഭാവം നിങ്ങളുടെ നിത്യരക്ഷ ഉറപ്പാക്കുന്നതുകൂടാതെ, നിത്യസമ്മാനത്തിനു വിളിക്കുന്നതുവരെ നിങ്ങൾ സന്തോഷവാന്മാരായി തീർക്കുകയും ചെയ്യും. “കഷ്ടപ്പാടുകളിൽ ആഹ്ലാദിക്കുകയോ?” നിങ്ങൾ അവിശ്വസനീയമാംവിധം

ചോദിക്കുന്നു. ഇല്ല, എന്റെ മക്കളേ, കഷ്ടപ്പാടുകളിലും സഹനങ്ങളിലും സന്തോഷിക്കുന്ന ഒരു തലത്തിലേക്ക് നിങ്ങൾ ഉയരണമെന്ന് ഞാൻ പറയുന്നില്ല. എന്നാൽ നിങ്ങൾ ദൈവത്തെ കുറ്റപ്പെടുത്താതെ കഷ്ടപ്പാടുകളും സഹനങ്ങളും സ്വീകരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾ എല്ലാവരിലേക്കും സമാധാനം പകരാനും, സ്വീകാര്യതയുടെയും വിശ്വാസത്തിന്റെയും ഒരു മാതൃക കാണിച്ചുകൊടുക്കാനും ഞാൻ ആഗ്രഹിക്കുന്നു. ഇതാണ് ഞാൻ നിങ്ങളിൽ നിന്ന് ആവശ്യപ്പെടുന്നത്. നിങ്ങളുടെ കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളുമൊക്കെ പിതാവായ ദൈവത്തിന് നിങ്ങൾക്ക് നൽകാനാവുന്ന അവസരങ്ങളാണെന്നും അത് നിങ്ങളുടെ വിശ്വസ്തതയും വിശ്വാസവുമാണെന്നും നിങ്ങൾ സ്വയം പറയണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. പലപ്പോഴും ഇങ്ങനെ പറയുക. ദൈവമേ, ഞാൻ അങ്ങിൽ ശരണപ്പെടുന്നു. സ്വീകരിക്കുന്നതിന്റെ ചൈതന്യത്തിൽ ഈ വേദന ഞാൻ അങ്ങേക്ക് സമർപ്പിക്കുകയും എല്ലാ സാഹചര്യങ്ങളിലും ഞാൻ അങ്ങയെ ശുശ്രൂഷിക്കുകയും ചെയ്യും. പ്രിയപ്പെട്ട സഹോദരീസഹോദരന്മാരെ, ഈ പ്രാർത്ഥനയാണ്, താഴ്മയും സൗമ്യതയും നിറഞ്ഞ ഈ മനോഭാവമാണ് വലിയ വിശുദ്ധരെ രൂപപ്പെടുത്തുന്നത്. ഞാൻ നിന്നെ പഠിപ്പിക്കാം. നിങ്ങളുടെ വഴികാട്ടിയായി എന്നെ പഠിക്കുവിൻ. എന്റെ ജീവിതം പഠിക്കുവിൻ. തിരുവചനത്തിലെ എന്റെ ജീവിതത്തെക്കുറിച്ച് വായിക്കുമ്പോൾ ആത്മാക്കളോടുള്ള എന്റെ എളിമയും സൗമ്യതയും നിറഞ്ഞ സമീപനം നിങ്ങൾ കാണും. അത്തരമൊരു മുഖഭാവം ആത്മാക്കൾ ധിക്കരിച്ചോ? ഇല്ല, പ്രിയപ്പെട്ടവരേ, നല്ലവരും വിശുദ്ധരുമായ ആത്മാക്കൾ എന്നിലേക്ക് ആകർഷിക്കപ്പെടുകയും ഞാൻ സ്വർഗ്ഗം സംവഹിക്കുന്നതായും കണ്ടു. നല്ലവരും വിശുദ്ധരുമായ ആത്മാക്കൾ ദൈവത്തിന്റെ ആത്മാവിനായി ദാഹിക്കുകയും ദേശങ്ങളിൽ നിന്ന് ദേശങ്ങളിലേക്ക് എന്നെ അനുഗമിക്കുക

യും എന്നോട് അടുത്തിരിക്കുവാൻ വേണ്ടി കാത്തിരിക്കുകയും ചെയ്തു. ഇത് നിങ്ങൾക്കും സമാനമായിരിക്കും. വിശപ്പടക്കാൻ ആത്മാക്കൾ നിങ്ങളിലേക്കും ആകർഷിക്കപ്പെടും. കാരണം അവരെ സംതൃപ്തരാക്കാനുതകുന്ന ഒരേയൊരു അപ്പം നിങ്ങളും സംവഹിക്കുന്നുണ്ടെന്ന് അവർ മനസ്സിലാക്കും. പ്രിയപ്പെട്ടവരേ, എന്നെ വ്യാപിപ്പിക്കുവാൻ ഞാൻ നിങ്ങളെ ഉപയോഗിക്കുന്നു. എല്ലായിടങ്ങളിലും എന്റെ സാന്നിദ്ധ്യം ഉണ്ടാവണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. എല്ലായിടത്തും എല്ലാ മുറിയിലും, എല്ലാ വാഹനങ്ങളിലും ആത്മീയദാരിദ്ര്യത്താലും ഏകാന്തതയാലും കഷ്ടപ്പെടുന്ന ലോകത്തിന്റെ ഓരോ മുക്കിലും മൂലയിലും നിങ്ങൾ അവിടെ പ്രവേശിക്കുകയും ഞാൻ അവിടെ ഉണ്ടായിരിക്കുകയും ചെയ്യും. ദൈവത്തിനായി ദാഹിക്കുന്ന എല്ലാവരിലും എല്ലായിടങ്ങളിലും ഞാൻ എന്റെ സാന്നിദ്ധ്യം നിറയ്ക്കുകയും അവർ എനിക്ക് കൃതജ്ഞത അർപ്പിക്കുകയും ചെയ്യും. അതിനാൽ കഷ്ടതകളെ ശപിക്കരുത്. അതിനാൽ ഈ ലോകത്തിലെ വേദനകളും ദുഃഖങ്ങളുമോർത്ത് ദൈവത്തെ കുറ്റപ്പെടുത്തരുത്. ഇവയൊക്കെ സ്വീകരിക്കുന്നതിലൂടെയാണ് നിങ്ങളുടെ ആത്മാവ് വരാനിരിക്കുന്ന ലോകത്തിന്റെ പ്രകാശത്തിൽ വെട്ടിത്തിളങ്ങുന്നത്.

## ജനുവരി 21, 2004
## രാജാവായ യേശു

എന്റെ സഹോദരി സഹോദരന്മാരെ, എല്ലാം നന്നായിരിക്കുന്നു. ഇപ്പോൾ ഇതിനൊരു ഉറപ്പുനൽകുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു, കാരണം, ലോകത്തിന്റെ കണ്ണുകളിലൂടെ നോക്കുമ്പോൾ എല്ലാം ശരിയായി തോന്നുന്നില്ല. എന്റെ കണ്ണുകളിലൂടെ നോക്കൂ. നിങ്ങളെ പുതിയൊരു കാലഘട്ടത്തിലേക്ക് നയിക്കുവാൻ മടങ്ങി വരുന്ന നിങ്ങളുടെ രക്ഷകന്റെ വീക്ഷണകോണിൽ നിന്ന് നിങ്ങളുടെ ലോകം കാണണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. എല്ലായ്പ്പോഴും ഈ നിമിഷത്തിൽ നിലനിന്നുകൊണ്ട് എന്നെ അനുഗമിക്കണം, എന്റെ കുഞ്ഞുങ്ങളേ, ദുഃഖത്തിനും ഭയത്തിനും ഉത്കണ്ഠയ്ക്കും ഞാൻ നിങ്ങൾക്ക് മറുമരുന്ന് നൽകുന്നു. നിങ്ങൾ ഈ നിമിഷത്തിൽ ജീവിക്കുമ്പോൾ എന്റെ കണ്ണുകളിലൂടെയും എന്റെ വീക്ഷണകോണിലൂടെയും ലോകത്തെ കാണുമ്പോൾ എന്നെ ശുശ്രൂഷിക്കുന്നതിലും നിങ്ങളിലൂടെ പ്രവർത്തിക്കുന്നതിന് എന്നെ അനുവദിക്കുന്നതിലും നിങ്ങൾക്ക് യാതൊന്നും ആശങ്കപ്പെടാനില്ല. നിങ്ങളുടെ ആധുനിക ലോകത്തിന്റെ അന്ധകാരത്തിനും രോഗങ്ങൾക്കുമുള്ള ഉത്തരമാണിത്. ഇത് പരിശീലനം ആവശ്യമുള്ള സംഗതിയാണെങ്കിലും ഇത് സത്യമാണ്. എന്നാൽ ഏതൊരു ശീലവും പോലെ, അത് പരിശീലിച്ചുകഴിഞ്ഞാൽ നിങ്ങൾക്ക് വളരെ അനായാസമായി ചെയ്യാൻ കഴിയും. ഓരോ ആത്മാവും എന്നെ അറിയണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. എന്നെക്കുറിച്ചുള്ള ഈ അറിവ് എനിക്ക് നൽകുവാൻ കഴിയും, എന്നാൽ അതിന് നിങ്ങൾ എന്നെ അനുവദിക്കണമെന്ന് മാത്രം. എന്നോട് ഇപ്രകാരം പലപ്പോഴും പറയുക. ഈശോയേ, ഇതേക്കുറിച്ച് അങ്ങ് എന്തു പറയുന്നു? ഈശോയേ, ഈ ആത്മാവിനു

വേണ്ടി ഞാൻ എന്താണു ചെയ്യേണ്ടത്? ഈശോയേ, ഈ സാഹചര്യത്തെ തരണം ചെയ്യേണ്ടതെങ്ങനെ യെന്ന് എന്നോടു പറയൂ. എന്റെ സഹോദരീ സഹോദ രന്മാരേ, ഇത്തരം ചോദ്യങ്ങൾക്കും അപേക്ഷകൾക്കും നിങ്ങൾ എന്റെ മറുപടി കേൾക്കും. നിങ്ങളുടെ ഈശോ എന്താണ് ആഗ്രഹിക്കുന്നതെന്ന് ഊഹിക്കാൻ ഞാൻ ഇടവരുത്തുകയില്ല. നിങ്ങൾ ഇങ്ങനെയാണ് ജീവി ക്കാൻ തീരുമാനിക്കേണ്ടതെന്ന് ഞാൻ നിങ്ങളോട് വിശ ദീകരിക്കുവാൻ ആഗ്രഹിക്കുകയാണ്. നല്ല മനുഷ്യർ നൂറ്റാണ്ടുകളായി ജീവിക്കുന്നത് ഇപ്രകാരമാണ്. എല്ലാറ്റി ലും ദൈവത്തെ പ്രസാദിപ്പിക്കാനുള്ള ആഗ്രഹത്തോടെ നല്ല മനുഷ്യർ ജീവിക്കും. ഈ കാലഘട്ടത്തിൽ മാത്ര മാണ് ഈ ആഗ്രഹം അപവാദവും അസാധാരണവുമാ യത്. എന്നാൽ ഞാൻ പ്രഖ്യാപിക്കുന്ന മടങ്ങിവരവിൽ അനുസരണത്തിന്റെ യുഗത്തിലേക്ക് ഉറ്റുനോക്കുന്നത് ഭാവിയിൽ ശ്രദ്ധകേന്ദ്രീകരിക്കണമെന്നാണ് എന്റെ ആഗ്രഹം. സഹോദരീസഹോദരന്മാരേ, എന്നിൽ വിശ്വാസമർപ്പിക്കുവിൻ. മാർഗ്ഗനിർദ്ദേശമില്ലാതെ ഞാൻ നിങ്ങളെ അന്ധകാരത്തിൽ ഉപേക്ഷിക്കുകയില്ല. നിങ്ങൾ ദൈവത്തിന് വിലപ്പെട്ടവരും ദൈവരാജ്യത്തിന് പ്രധാനവുമാണ്. ശുശ്രൂഷിക്കാനാവശ്യമുള്ളത് നിങ്ങ ളുടെ പക്കലുണ്ടെന്ന് ഞാൻ ഉറപ്പുവരുത്തും.

## ജനുവരി 22, 2004
## രാജാവായ യേശു

ദുരിതമനുഭവിക്കുന്ന ഈ ലോകത്തിലെ എന്റെ സഹോദരീ സഹോദരന്മാരെ, എന്റെ മാതൃക പിന്തുടരുക. നിങ്ങളുടെ രക്ഷകൻ ധൈര്യശാലിയായിരിക്കുന്നതുപോലെ നിങ്ങളും ധൈര്യമായിരിക്കുവിൻ. നിങ്ങൾ ഭയപ്പെട്ടിരിക്കുമ്പോൾ എന്റെ പീഡാസഹനങ്ങളിൽ മുഴുകി സ്വയം ചോദിക്കുവിൻ, യേശു എങ്ങനെയാണ് ഭയത്തെ നേരിട്ടത്? എന്റെ സുഹൃത്തുക്കളേ, ഞാൻ നിങ്ങളോട് പറയുന്നു, ഞാൻ എന്റെ ഭയത്തെ അതിജീവിച്ചു. ഞാൻ എന്റെ ഭയത്തെ സൂക്ഷ്മമായി പരിശോധിക്കുകയും ഭയം സ്വാഭാവികവും എന്നാൽ അനാവശ്യമാണെന്നും ഞാൻ കണ്ടെത്തി. ദൈവത്തെ പരിത്യജിക്കുന്നതിലൂടെ അവിടുത്തെ നിരാകരിക്കുകയും എന്റെ ആത്മാവിനെ നഷ്ടപ്പെടുത്തുകയും ചെയ്യുമോ എന്നതായിരുന്നു എന്റെ ഏകഭയം. കുഞ്ഞുങ്ങളേ, ഞാൻ എങ്ങനെയാണ് തിരുവചനങ്ങളിലൂടെയും അനേകം ദൈവദാസന്മാരിലൂടെ യുഗങ്ങളായി ഞാൻ നടത്തിയ വെളിപ്പെടുത്തലുകളിലൂടെയും ജീവിച്ചതെങ്ങനെയെന്ന് നിങ്ങൾ കണ്ടുകഴിഞ്ഞു. ഞാൻ എന്നെന്നേയ്ക്കുമായി ദൈവത്തെ നിരസിക്കുവാൻ എന്തെങ്കിലും അവസരമുണ്ടായിരുന്നോ? തീർച്ചയായും, അതിന് യാതൊരു അവസരവും ഉണ്ടായിരുന്നില്ല. എന്റെ ഭയമെല്ലാം അടിസ്ഥാനരഹിതമായിരുന്നു. എന്നിട്ടും ഭയത്തിൽ കഴിയാനും അത് പരിശോധിക്കേണ്ടതായും വന്നു. അതിനാൽ മേൽപ്പറഞ്ഞ നിഗമനത്തിൽ ഞാൻ എത്തിച്ചേർന്നു. ഒരിക്കൽ ഞാൻ ദൈവത്തെ സേവിക്കുവാനും ദൈവത്തിനുവേണ്ടിയുള്ള ആ സേവനത്തിലൂടെ മനുഷ്യരാശിയെ വീണ്ടെടുക്കുവാൻ പോകുന്നുവെന്നുമുള്ള നിഗമനത്തിൽ എത്തിയപ്പോൾ എനിക്ക് യാതൊന്നും

ഭയപ്പെടേണ്ടി വന്നില്ല. എന്റെ ഭാവി തീരുമാനിക്കപ്പെട്ടുകഴിഞ്ഞു. എന്റെ പാത വ്യക്തമാക്കുകയും ഞാൻ ആ പാതയിലൂടെ സഞ്ചരിക്കുകയും ചെയ്തു. എന്നെ തടഞ്ഞതുമുതൽ എനിക്ക് യാതൊരു അനശ്ചിതത്വവും തോന്നിയില്ല. എന്റെ പീഡാസഹനത്തിന് സാക്ഷ്യം വഹിച്ച പുണ്യാത്മാക്കൾ പറയും. എന്റെ വിധിക്കെതിരെ ഞാൻ മറുതലിച്ചില്ല. ഞാൻ ദൈവത്തെ ശപിച്ചതുമില്ല. ഞാൻ മനുഷ്യവംശത്തെയോ എന്നെ പീഡിപ്പിച്ചവരെയോ ശപിച്ചില്ല. ഞാൻ കുഞ്ഞാടായിരുന്നു. ശാരീരികമായും മാനസികമായും എന്റെ ത്യാഗം പരിപൂർണ്ണമായിരുന്നു. സുഹൃത്തുക്കളെന്ന് ഞാൻ വിളിക്കുന്ന എന്റെ സഹോദരീസഹോദരന്മാരെ, എന്നിൽ നിങ്ങൾക്ക് പരിപൂർണ്ണമായൊരു മാതൃകകാണാം. എന്റെ നേതൃത്വം പിന്തുടർന്ന് നിങ്ങളുടെ ഭയം സൂക്ഷ്മമായി പരിശോധിക്കുക. നിങ്ങൾ ഇത് ചെയ്തുകഴിഞ്ഞാൽ, ഭയത്തോടെ സമയം ചെലവഴിക്കുവാൻ യാതൊരു കാരണവുമില്ലെന്നും മറ്റുള്ളവരെ ആശ്വസിപ്പിക്കുവാനും എന്റെ സദ്‌വാർത്തയും സമാധാനവും പ്രചരിപ്പിക്കുവാനും നിങ്ങളുടെ നിത്യത ചെലവഴിക്കേണ്ട ദൈവത്തെ സ്തുതിക്കുവാനും നിങ്ങളുടെ സമയം കൂടുതൽ ചെലവഴിക്കേണ്ടതാണെന്നും നിങ്ങൾ കാണും. സ്തുതിയുടെ ഓരോ നിശ്വാസവും ഓരോ വാക്യവും നിങ്ങൾ ഉച്ചരിക്കുന്ന ഓരോ സ്തുതിഗീതവും പ്രാണവായുപോലുള്ള ഒരു പദാർത്ഥം സ്വർഗ്ഗത്തിൽ നിങ്ങളെ വലയം ചെയ്യും. നിങ്ങളുടെ എല്ലാ പ്രാർത്ഥനകളിലും വിശ്വസിക്കുകയും കഠിനപ്രയാസങ്ങളും കഷ്ടതകളും സ്വീകരിക്കുന്നതുവഴി നിങ്ങൾ ആനന്ദിച്ച് ആഹ്ലാദിക്കുകയും ചെയ്യും. നിങ്ങളുടെ പ്രാർത്ഥനകളും വിധേയത്വവും ദൈവത്തിന് മഹത്വം നൽകുന്നു – ഇത് സത്യമാണ്. എന്നാൽ നിങ്ങളുടെ ഭൂമിയിലെ പ്രാർത്ഥനകളും വിധേയത്വവും നിത്യതയിൽ നിങ്ങൾക്ക് മഹത്വം നൽകുന്നു. നിങ്ങളുടെ ദൈവത്തിന് കീഴ്പ്പെടുന്ന ഈ

പ്രവൃത്തികൾ നിങ്ങളെ സ്വർഗ്ഗത്തിൽ വലയം ചെയ്യുന്ന പ്രകാശത്തെ വർദ്ധിപ്പിക്കുന്നു. ഇത് വിശ്വസിക്കണമെങ്കിൽ നിങ്ങൾ സ്വർഗ്ഗം കാണുകയും, ഇതിൽ കൂടുതൽ കാണിക്കുവാൻ എനിക്കു കഴിയുകയുമില്ലാത്തതിനാൽ, ഇപ്പോൾ നിങ്ങൾ ശുശ്രൂഷയിൽ തുടരണം. എന്നാൽ നിങ്ങളുടെ സഹോദരങ്ങൾക്കുവേണ്ടിയും സ്വർഗ്ഗരാജ്യത്തിനു വേണ്ടിയും എന്നെ നിങ്ങളോട് ചേർത്തുവയ്ക്കുക. നിങ്ങൾ ചെയ്യുന്നതിൽ ഒരിക്കലും നിങ്ങൾക്ക് ഖേദിക്കേണ്ടി വരില്ല. ഇതിലൂടെ നിങ്ങൾക്ക് സമാധാനം ലഭിക്കുമെന്ന് മനസ്സിലാക്കൂ. ഈ പ്രവൃത്തികൾക്കുള്ള നിങ്ങളുടെ പ്രതിഫലത്തിന്റെ ആരംഭം മാത്രമാണിത്. ഭൂമിയിലെ ഈ തീരുമാനങ്ങളിലൂടെ നിങ്ങൾ ദൈവത്തോട് കൂടുതൽ അടുക്കുന്നതിനാൽ നിങ്ങൾക്ക് ഈ സമാധാനം അനുഭവപ്പെടുന്നു. സുഹൃത്തുക്കളേ, നിങ്ങളുടെ ഭയം പരിശോധനാവിധേയമാക്കുക. ഞാൻ നിങ്ങളെ സഹായിക്കും. നാമൊന്നിച്ച് അവയെ ഒന്നൊന്നായി ദൂരെയെറിയും, കാരണം അവ വിശുദ്ധിക്ക് ഇന്ധനം പകരുന്നില്ല. മറിച്ച് നിങ്ങളുടെ ആത്മീയ വികാസത്തെ മരവിപ്പിക്കുന്നു. അതിനാൽ, അവ ഒഴിവാക്കണം. ഞാൻ നിങ്ങളോടൊപ്പമുണ്ട്. ഭയം ഇല്ലാതാകുന്നതിനുള്ള ഈ പ്രക്രിയ ഞാൻ തന്നെയാണ് ചെയ്യുന്നതും. ഇത് നിങ്ങൾക്ക് ഒരു പ്രധാന ലക്ഷ്യവുമാണ്.

## ജനുവരി 23, 2004
## രാജാവായ യേശു

എന്റെ സഹോദരീസഹോദരന്മാരെ, ഒരു യാത്രയിൽ അകലെയാണെങ്കിലും, ഇപ്പോൾ മടങ്ങിവരുന്ന നിങ്ങളുടെ ഒരു പ്രിയപ്പെട്ട സുഹൃത്തായി എന്നെ കരുതുക. ഈ സുഹൃത്തിനുവേണ്ടി എന്തു തയ്യാറെടുപ്പുകൾ നിങ്ങൾ നടത്തും? ഈ സുഹൃത്ത് തിരിച്ചെത്തുമ്പോൾ വലിയൊരാഘോഷം ഉണ്ടാകില്ലേ? ഈ സുഹൃത്ത് എല്ലായ്പ്പോഴും നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ താത്പര്യങ്ങൾ പരിഗണിക്കുകയും ചെയ്തിരുന്നുവെന്ന് ഓർക്കുക. നിങ്ങൾ ജീവിക്കേണ്ടതിനായി ഈ സുഹൃത്ത് തന്റെ ജീവൻ അർപ്പിച്ചുകൊണ്ട് നിങ്ങളോടുള്ള വിശ്വസ്തത തെളിയിച്ചിട്ടുണ്ട്. ചുരുക്കത്തിൽ, ഈ സുഹൃത്തിനുള്ളതെല്ലാം നിങ്ങൾക്ക് നൽകിയിട്ടുണ്ട്. എന്തെല്ലാം തയ്യാറെടുപ്പുകളാണ് ഉചിതമെന്ന് ഇപ്പോൾ പരിഗണിക്കുക. എന്നെ നിങ്ങളുടെ ലോകത്തോട് സ്വാഗതം ചെയ്യാൻ ഒരു തയ്യാറെടുപ്പും മതിയാവുകയില്ലെന്ന് എനിക്ക് തോന്നുന്നു. സഹോദരങ്ങളെ, ഞാൻ മടങ്ങിവരുന്നു. നിങ്ങളിൽ പലരും എന്റെ മടങ്ങിവരവിന് സാക്ഷ്യം വഹിക്കും. എന്നെ അഭിവാദ്യം ചെയ്യാൻ നിങ്ങൾ തയ്യാറായോ? ഇത് നിങ്ങൾക്ക് വളരെ ആനന്ദകരമായൊരു സമയമായിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുകയും അത് നിങ്ങളുടെ സഹകരണത്തിലൂടെ മാത്രമേ സാധ്യമാവുകയുമുള്ളൂ. കർത്താവിന്റെ വഴിയൊരുക്കുവിൻ. നിങ്ങളുടെ ഹൃദയം തുറക്കുവിൻ. നിങ്ങളുടെ ചുറ്റുമുള്ളവരുടെയും ഹൃദയങ്ങൾ തുറക്കുവാൻ എന്നെ സഹായിക്കുവിൻ. ഓരോ ദിവസവും എന്നോടു ചോദിക്കുവിൻ, അങ്ങയുടെ വരവിനായി ഞാൻ ഇന്ന് എന്താണ് ചെയ്യേണ്ടത്? കർത്താവേ, എന്നെ നയിക്കണമേ, ഞാൻ അങ്ങയുടെ ഹിതം

ഞാൻ നിറവേറ്റും. ദൈവമക്കളേ, പല കാര്യങ്ങളും ഞാൻ നിങ്ങൾക്ക് വെളിപ്പെടുത്തിയിട്ടുണ്ട്. എന്റെ വചനങ്ങൾ നിങ്ങളുടെ ഹൃദയത്തിൽ സ്വീകരിക്കുകയും അവ ജീവിക്കുകയും ചെയ്യുവിൻ. എന്തെന്നാൽ, സത്യമായും എന്റെ വചനങ്ങൾ നിങ്ങളെ നയിക്കാനും നിങ്ങളെ സമാശ്വസിപ്പിക്കാനും സുഖമാക്കാനുമുള്ളതാണ്. എന്റെ വചനങ്ങൾ സത്യമാണ്. ഞാൻ യേശുവാണ്. ഞാൻ രാജാവാണ്. ഞാൻ നിങ്ങളുടെ ലോകത്തേയ്ക്ക് മടങ്ങുകയും അത് ഞാനാണെന്ന് ആർക്കും നിഷേധിക്കുവാൻ സാധിക്കുകയുമില്ല. ചിലർ എന്നെ പരിത്യജിക്കും. പക്ഷേ നിങ്ങൾ അങ്ങനെ ചെയ്യില്ല. നിങ്ങളുടെ ലോകത്തിൽ ഈ കരുണാർദ്രമായ ഇടപെടലോർത്ത് നിങ്ങൾ പിതാവിന് സ്തുതിഗീതങ്ങൾ ആലപിക്കും. എന്റെ മുന്നേറ്റ കൂട്ടാളിയായി ഇപ്പോൾ എന്നോടുകൂടെ ആയിരിക്കുവിൻ. എന്റെ മടങ്ങിവരവിനായി തയ്യാറെടുക്കുകയും അങ്ങനെ ഈ സ്വർഗ്ഗീയ പരിശ്രമവുമായി നിങ്ങൾ സഹകരിച്ചതിന് നിത്യതയോളം നിങ്ങൾ കൃതജ്ഞതയുള്ളവരുമായിരിക്കും. എനിക്കുവേണ്ടി പ്രവർത്തിക്കൂ. പ്രിയ ആത്മാവേ, നിന്റെ എല്ലാ ആഗ്രഹങ്ങളും ഞാൻ സാധിച്ചുതരും.

## ജനുവരി 24, 2004
## പിതാവായ ദൈവം

എന്റെ മക്കളേ, നിങ്ങൾ യേശുവിനുള്ള വഴിയൊരുക്കുവിൻ. എന്റെ പുത്രൻ മഹത്വത്തോടെ മടങ്ങി വരുന്നു. അവന്റെ സ്വർഗ്ഗീയമഹത്വം ആകാശത്തെ പ്രകാശിപ്പിക്കുന്നതായി നിങ്ങൾ കാണും. അതിനുമുമ്പ് അവന്റെ സ്വർഗ്ഗീയ മഹത്വം ഭൂമിയിലെ നീതിമാന്മാരുടെ ആത്മാക്കളെ പ്രകാശിപ്പിക്കുന്നതായി നിങ്ങൾ കാണും. ഈ ആത്മാക്കൾ മിന്നൽപിണർപോലെ ആയിരിക്കുകയും ദിവ്യസ്നേഹത്തിന്റെ പ്രവാഹം മറ്റ് ആത്മാക്കൾക്ക് കൈമാറുകയും ചെയ്യും. സത്യമായും പരിവർത്തനത്തിന്റെയും തയ്യാറെടുപ്പിന്റെയും ഈ സമയത്ത് എന്റെ വിശ്വസ്തരായ മക്കൾക്ക് ചെയ്യാനുള്ള ജോലിയുണ്ട്. നിങ്ങളിലൂടെയാണ് ഞാൻ ലോകത്തെ ഒരുക്കുന്നത്. കുഞ്ഞുപൈതങ്ങളേ, എന്റെ പരിപാലനയിൽ ആത്മവിശ്വാസമുണ്ടായിരിക്കുകയും എല്ലാകാര്യങ്ങളിലും നിങ്ങളുടെ ദൈവത്തിൽ വിശ്വസിക്കുകയും ചെയ്യുവിൻ. സമാധാനപരമായ ശരണപ്പെടലിന്റെയും വിശ്വസ്തമായ ശുശ്രൂഷയുടെയും മാതൃക കാണിക്കുവിൻ. ഈശോയുടെ മടങ്ങിവരവിന് തയ്യാറായതിനാൽ നിങ്ങൾ ഖേദിക്കുമോ? രക്ഷകനെ സ്വീകരിക്കുന്നതിന് തയ്യാറാകാൻ നിരവധി ആത്മാക്കളെ സഹായിച്ചതിൽ നിങ്ങൾ ഖേദിക്കുന്നുവോ? യേശുവിനെ സ്വാഗതം ചെയ്യുന്നതിന് തയ്യാറായ ഓരോ ആത്മാവും അവിടുത്തേക്ക് ആനന്ദം നൽകും. ഞാൻ നിങ്ങൾക്ക് ഏൽപിച്ചുതന്ന ജോലികൾ പൂർത്തിയാക്കുന്നതിലൂടെ എത്രത്തോളം നിങ്ങൾ ഭൂമിയെ ഒരുങ്ങുന്നുവോ, അത്രയധികം നിങ്ങളുടെ പ്രതിഫലം വർദ്ധിക്കുകയും അത്രയധികം ആഘോഷിക്കുകയും ചെയ്യും. അത് മറ്റുള്ളവരിൽ നിന്നെല്ലാം മാറി, ഞാൻ മാത്രം കണ്ടുകൊണ്ട് ശാന്തതയോടെയും വിനയത്തോടെയും

ശുശ്രൂഷിക്കാൻ ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നതാകാം. അനേകായിരങ്ങളെ നയിക്കാൻ ഞാൻ തെരഞ്ഞെടുത്ത ഒരുവനെപ്പോലെ നിങ്ങളുടെ ശുശ്രൂഷയും ദൈവരാജ്യത്തിന് വളരെ വിലപ്പെട്ടതാണ്. ഭൗമികമായ ഒരു മൂല്യം നിങ്ങളുടെ ശുശ്രൂഷക്ക് നൽകരുത്. ഞാൻ നിങ്ങൾക്കായി തെരഞ്ഞെടുത്ത പ്രവർത്തികൾക്ക് മൂല്യമിടാൻ എനിക്ക് മാത്രമേ കഴിയൂ. നിശബ്ദമായി ശുശ്രൂഷിക്കാൻ നിങ്ങൾക്ക് വിളി ലഭിച്ചാൽ, ശാന്തമായി ശുശ്രൂഷിച്ച്, ആനന്ദത്തോടെ എന്നോട് ഒന്നായി ചേരുക. ഉച്ചത്തിൽ ശുശ്രൂഷിക്കുവാൻ നിങ്ങളെ വിളിച്ചാൽ, ഉച്ചത്തിൽ ശുശ്രൂഷിച്ച് ആനന്ദത്തോടെ എന്നോട് ഒന്നായി ചേരുക. എല്ലായ്പ്പോഴും നിങ്ങൾക്ക് ലഭ്യമാകുന്ന എന്റെ ധൈര്യം നിലനിർത്തുക. നിങ്ങൾക്ക് ആവശ്യമുള്ളതെല്ലാം ലഭിക്കും. നിങ്ങൾ തെറിച്ചുവീഴുകയാണെന്ന് തോന്നുമ്പോൾ എന്നെ വിളിക്കൂ. നിങ്ങളുടെ പാതയിലെ വഴിതിരിച്ചുവിടലുകൾ ഞാൻ പരിഹരിക്കുകയും നിങ്ങളുടെ ശാന്തത ഞാൻ പുതുക്കുകയും ചെയ്യും. ശുശ്രൂഷയ്ക്കായി നിങ്ങൾ തെരഞ്ഞെടുത്തതിൽ എല്ലായ്പ്പോഴും എനിക്ക് കൃതജ്ഞതയർപ്പിക്കുവിൻ. എന്റെ രാജ്യത്തിൽ നിങ്ങളെ ഉപയോഗിക്കുവാൻ കൃത്യമായ സ്ഥലം ഞാൻ തെരഞ്ഞെടുത്തതിനാൽ, മറ്റെവിടെയെങ്കിലും മതിയായിരുന്നെന്ന് ഒരിക്കലും വിചാരിക്കരുത്. ഇപ്പോൾ നാം ഒരുമിച്ചാണ്. എന്റെ കരങ്ങളാൽ സ്നേഹത്തോടെ മെനഞ്ഞെടുത്ത എന്റെ പ്രിയപ്പെട്ട ആത്മാവേ, നിത്യതയിൽ നാം ഒരുമിച്ചായിരിക്കും.

# ഭാഗം രണ്ട്

# ഈശോ വൈദികരോട് സംസാരിക്കുന്നു

## ജനുവരി 26, 2004
## ഈശോ

എന്റെ വൈദിക സഹോദരങ്ങളെ, സഹോദരങ്ങളെ, ഈ സന്ദേശത്തിലൂടെ നിങ്ങളോട് സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. വളരെയധികം സ്നേഹത്തോടും കരുതലോടും കൂടിയാണ് ഞാൻ നിങ്ങളെ എന്റെ സഹോദരങ്ങൾ എന്ന് വിളിക്കുന്നത്. ജീവിതത്തിനുള്ള പൊതു തയ്യാറെടുപ്പും സമാനമായ ജീവിത വീക്ഷണവുമുള്ള ഒരാളെയാണല്ലോ നാം സഹോദരൻ എന്ന് വിളിക്കാറുള്ളത്. ഞാൻ നിങ്ങൾക്ക് അപ്രകാരമുള്ള ഒരുവനാണ്. ഞാൻ നിങ്ങളുടെ സഹോദരനാണ്. നിങ്ങൾ എന്റേയും. നിങ്ങളുടെ രക്ഷകനായ ദൈവം കാണുന്നതുപോലെ തന്നെ നിങ്ങൾ നിങ്ങളുടെ ജീവിതത്തെ നോക്കി കാണണം. വ്യക്തമായി പറഞ്ഞാൽ, എല്ലാം എന്റെ കണ്ണുകളിലൂടെ കാണുക. ഞാൻ യേശുക്രിസ്തുവാണ്. നിങ്ങൾ എന്റെ കണ്ണുകളിലൂടെ കാണുക. ഞാൻ യേശുക്രിസ്തുവാണ്. നിങ്ങൾ എന്റെ ദിവ്യദാസൻമാരും. നിങ്ങളുടെ ദൈവവിളിയിലൂടെ എന്റെ ദൈവികതയുടെ ഒരു പങ്ക് ഞാൻ നിങ്ങളുമായി പങ്കുവച്ചിരിക്കുന്നു. അതിനാൽ നിങ്ങളല്ല, ആട്ടിൻകൂട്ടത്തിലേക്ക് ആടുകളെ നയിക്കുന്നത്. ഞാനാണ് നിങ്ങളിലൂടെ അത് ചെയ്യുന്നത്. നിങ്ങൾക്ക് എന്നോട് തുറവിയുണ്ടെങ്കിൽ, എന്റെ കൃപകൾ സ്വീകരിക്കുന്നെങ്കിൽ, ഇത് സാധിക്കും. വിശുദ്ധിയിലേക്കും സമാധാനത്തിലേക്കും അനേകർ നിങ്ങളിലൂടെ നയിക്കപ്പെടുന്നത് അങ്ങനെ നിങ്ങൾ കാണും. എന്റെ കൃപകളോട് തുറവിയില്ലാതിരിക്കുകയും, അവ നിങ്ങളിലൂടെ ഒഴുകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ അനേകർ ദൈവീകജീവനില്ലാതെ നഷ്ടപ്പെടുന്നത് നിങ്ങൾക്ക് കാണേണ്ടി വരും. നിങ്ങൾ തെരഞ്ഞെടുക്കപ്പെട്ടവരാണ്. നിങ്ങളുടെ പൗരോഹിത്യ വിളിയിൽ എത്തപ്പെട്ടത്

ജീവിതത്തിലെ ചില ആകസ്മിക സംഭവങ്ങളിലൂടെ യാണെന്ന് ഒരിക്കലും വിചിരിക്കരുത്. അങ്ങനെയല്ല. എന്റെ പ്രിയപുത്രാ, നീയല്ല എന്നെ തെരഞ്ഞെടുത്ത്, ഞാൻ, ഞാനാണ് നിന്നെ തെരഞ്ഞെടുത്തത്. ഞാൻ സ്വർഗ്ഗസ്ഥനായ പിതാവ് ശുശ്രൂഷിക്കാനായി നിന്നെ പൗരോഹിത്യത്തിലേക്ക് വിളിച്ചു. എന്റെ രാജ്യത്തിന്റെ വരവിനായി നിങ്ങൾക്ക് വളരെയധികം ദാനങ്ങൾ നൽകപ്പെട്ടു. ഈ ദാനങ്ങൾ ഫലമണിയാൻ ഞാൻ അനുവദിക്കും. നിങ്ങൾക്ക് നൽകപ്പെട്ടിരിക്കുന്ന ദാനങ്ങൾ തൃപ്തികരമല്ലെന്നോ, അവ ശരിയായി വിനിയോഗിക്കാൻ കഴിയുന്നില്ലെന്നോ തോന്നുന്നെങ്കിൽ, അതിനു കാരണം എന്റെ പരിശുദ്ധാത്മാവിനെ അവിടേക്ക് സന്നിവേശിപ്പിക്കാൻ നിങ്ങൾ തയ്യാറല്ലെന്നാണ്. എന്റെ പ്രിയ സഹോദരാ, ഞാൻ ആഗ്രഹിക്കുന്ന തലത്തിലേക്ക് നിന്റെ പൗരോഹിത്യത്തെ ഉയർത്താൻ ആവശ്യമായതെല്ലാം നിന്നെക്കുറിച്ചുള്ള എന്റെ ഹിതം വഴി സംയോജിപ്പിക്കാൻ കഴിയുമെന്ന് മനസ്സിലാക്കുക. ഒരു പക്ഷേ നീ കഠിനമായി പീഡിപ്പിക്കപ്പെടുന്നുണ്ടാവാം. ഒരു പക്ഷേ നിന്നിലൂടെ ദൈവികത ഒഴുകുന്നില്ലെന്ന് തോന്നാം. ദയവായി ഒരു പുതിയ തുടക്കം തുടങ്ങുക. എന്നോടൊത്ത് നിന്റെ ദൈവവിളി സമാരംഭിക്കുക. നിന്നെയൊന്ന് നവീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവരാജ്യത്തോടും എന്നോടുമുള്ള പ്രതിബദ്ധത ഞാൻ ആവശ്യപ്പെടുന്നു. നിന്നിലൂടെ നിർവ്വഹിയ്ക്കേണ്ട പലതും പരിസമാപ്തിയിലെത്താൻ, നീ ഒന്നു ചെറുതാകാൻ ഞാൻ ആഗ്രഹിക്കുന്നു. നിന്റേതായ ലക്ഷ്യങ്ങളും ആഗ്രഹങ്ങളുമെല്ലാം മാറ്റി വച്ച് എന്റെ ഹിതം മാത്രം നിറവേറ്റാനുള്ള കൃപ എന്നോട് ചോദിക്കുക. സ്വർഗ്ഗീയ പാതയിലൂടെ സഞ്ചരിക്കുവാൻ എന്റെ അമ്മ നിന്നെ സഹായിക്കും. സ്വർഗ്ഗത്തെ മാത്രം സേവിക്കുവാൻ സമയമായി. എന്റെ പ്രിയപ്പെട്ട സഹോദരാ, നീ എന്നെ അനുവദിയ്ക്കുമെങ്കിൽ നിന്നെ

വളരെയധികം ആനന്ദിപ്പിക്കുന്ന മാർഗ്ഗത്തിലൂടെ ഞാൻ നയിക്കും. നിന്റെ ജീവിതത്തിലെ അത്ഭുതകരമായ വിളിയേയും, നിന്നിലെ അത്ഭുതകരമായ ദൈവികത യെയും കുറിച്ച് വിചിന്തനം ചെയ്യാൻ നിനക്ക് സാധി ക്കുന്നില്ലെങ്കിൽ, ഓർക്കുക, നിനക്ക് ഒരു നവീകരണം ആവശ്യമുണ്ട്. ഞാൻ നിന്നെ നവീകരിക്കാം.

# ജനുവരി 27, 2004
## ഈശോ

സ്വർഗ്ഗത്തിന്റെ പ്രിയ പുത്രന്മാരെ, ഞാൻ നിങ്ങളെ വിളിക്കുന്നു. ഈ ലോകത്ത് പ്രചരിക്കപ്പെട്ടതെല്ലാം എന്റെ കരുണാർദ്രഹൃദയം കാണുകയും എന്റെ സ്വർഗ്ഗീയ പുത്രന്മാർ അനുഭവിക്കുന്ന സഹനവും മർദ്ദനവും അവസാനിക്കണമെന്നും ഞാൻ ആഗ്രഹിക്കുന്നു. പ്രിയപ്പെട്ടവരെ, നിങ്ങൾ സ്വർഗ്ഗത്തിന്റെ പുത്രന്മാരാണ്. എന്റെ പരിശുദ്ധമായ പൗരോഹിത്യം ഈ ലോകത്തിൽ പരിപാലിക്കുകയെന്ന വലിയ കടമ നിങ്ങൾക്കുണ്ട്. നിങ്ങളുടെ ഭൗമിക ലോകത്ത് ശരീരത്തോടുകൂടി ഞാൻ സഞ്ചരിക്കുന്നില്ല. അങ്ങനെ ചെയ്യുവാൻ എനിക്ക് നിങ്ങളുള്ളതിനാൽ എനിക്ക് അതിന്റെ ആവശ്യമില്ലല്ലോ. എന്റെ ഈ ലോക ജീവിതത്തിൽ അനേകരുടെ അടുത്തേക്ക് ഞാൻ പോയതുപോലെ, ഞാൻ ശാരീരികമായി നിലവിലുള്ളതുപോലെ, ആത്മാക്കളിലേക്ക് എന്നെ നിങ്ങൾ ആനയിക്കൂ. മനുഷ്യവംശത്തിന്റെ രക്ഷകനാകാൻ വിളിക്കപ്പെടുന്നത് സങ്കൽപ്പിക്കു. അതായിരുന്നു എന്റെ വിളി. നിങ്ങളുടെ വിളി എന്താണ്? മനുഷ്യരാശിയുടെ രക്ഷകനെ എല്ലാ ദിവസവും നേരിട്ട് മനുഷ്യരിൽ എത്തിക്കുക എന്നതാണ് നിങ്ങളുടെ വിളി. കൂദാശകൾ സംലഭ്യമാക്കുവാൻ നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു. പിതാവിന്റെ പ്രിയപ്പെട്ട പുത്രന്മാരെ, ആത്മാക്കൾ അനുതപിക്കുകയും പാപങ്ങൾ ഏറ്റു പറയുകയും ചെയ്യണം. ഇതാണ് ഞാൻ ആവശ്യപ്പെടുന്നത്. ഇത് നടക്കുവാൻ, കൂദാശകൾ പരികർമ്മം ചെയ്യുന്നതിന് വൈദികർ ഉണ്ടാകണം. ദൈവമക്കൾക്കുവേണ്ടി അത് ചെയ്യുവാൻ നിങ്ങൾ തയ്യാറാണോ? അല്ലെങ്കിൽ, അങ്ങനെ ചെയ്യാൻ ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നുണ്ടോ ഇല്ലയോ എന്ന് നിങ്ങൾ പരിഗണിക്കണം. കൂദാശകളുടെ പരികർമ്മം

നിങ്ങളുടെ ദൈവവിളിയുടെ ഭാഗമാണ്. എന്റെ പുത്രന്മാരിൽ പലരും അവരുടെ ജീവിതത്തിലെ ഈ മുൻഗണനയിൽ നിന്നും വിട്ടുപോയി. ഇതൊരു ശല്യമായി അവർ കാണുന്നു. എന്റെ പുത്രന്മാരെ, ആത്മാക്കളെ ശുശ്രൂഷിക്കാൻ മാത്രമല്ല, ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നത്. നിങ്ങൾ ആത്മാക്കളെ ശുശ്രൂഷിക്കുക വഴി ഞാൻ തന്നെ നിങ്ങളെ ശുശ്രൂഷിക്കുകയും നിങ്ങളുടെ ദൈവവിളിയെ ആസാധാരണമായ കൃപകൾ കൊണ്ട് നിറയ്ക്കുകയും ചെയ്യും. ആത്മാക്കളോടുള്ള നിങ്ങളുടെ സേവനത്തിലൂടെയാണ് നിങ്ങളുടെ തന്നെയും നിത്യരക്ഷ ഉറപ്പാക്കുക. നിങ്ങളുടെ പൗരോഹിത്യത്തിന്റെ ഈ ഭാഗത്തെ അതിരുകടന്നതായി കണക്കാക്കരുത്. നിങ്ങളുടെ ശുശ്രൂഷയുടെ പാതയിലൂടെ നടക്കുമ്പോൾ എന്നെയും ഞാൻ ശുശ്രൂഷ ചെയ്യാൻ ഉപയോഗിച്ച രീതികളേയും നിങ്ങൾ പഠിക്കണം. എല്ലായ്പ്പോഴും ഞാൻ ദയാലുവായിരുന്നു. ഞാൻ ക്ഷമാശീലനായിരുന്നു. ഞാൻ എളിയവനായിരുന്നു. ഓർക്കുക, ഞാൻ ദൈവമാണ്. മറ്റുള്ളവരെ നിയന്ത്രിക്കാനുള്ള ആയുധമായി എന്റെ അധികാരത്തെ ഞാൻ ദുർബലപ്പെടുത്തിയില്ല. സത്യം പറഞ്ഞു കൊണ്ടാണ് ഞാൻ എന്റെ അധികാരം നിർവ്വഹിച്ചത്. എന്റെ പ്രിയപ്പെട്ട പുത്രന്മാരെ, ഞാൻ ധൈര്യശാലിയായിരുന്നു. സത്യം പറഞ്ഞതിനാലാണ് എനിക്ക് മരണം വരിക്കേണ്ടി വന്നതെന്നും നിങ്ങൾ ഓർക്കണം. ഈ ഭീഷണി എന്റെ നാവിനെ ബന്ധിച്ചോ? ഇല്ല എന്ന് നിങ്ങൾക്ക് അറിയാമല്ലോ. ഞാൻ എപ്പോഴും സത്യം മാത്രം പറഞ്ഞു. മനുഷ്യരാശിയുടെ കോപത്തെയോ ശത്രുവിന്റെ കോപത്തെയോ ഞാൻ ഭയപ്പെട്ടില്ല. നിങ്ങളുടെ അനുമതിയില്ലാതെ മനുഷ്യർക്ക് നിങ്ങളുടെ ആത്മാവിനെ സ്പർശിക്കുക സാധ്യമല്ല. മറ്റുള്ളവരെ അകറ്റുന്ന ഒരു സത്യം സംസാരിക്കുവാൻ നിങ്ങളോട് ആവശ്യപ്പെടുമ്പോൾ ഇത് ഓർമ്മിക്കുന്നത് നന്നായിരിക്കും. വെല്ലുവിളികളു

ടേതായ ഒരു കാലഘട്ടത്തിലാണ് നിങ്ങൾ ഇപ്പോൾ ജീവിക്കുന്നത്. ഇതിനായി ദൈവത്തോട് നന്ദിപറയുക. നിങ്ങൾക്ക് സങ്കൽപ്പിക്കാൻ കഴിയുന്ന എല്ലാ വിധത്തിലും നിങ്ങളെ സഹായിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾ തനിച്ചില്ല. ഞാൻ നിങ്ങളോടൊപ്പം ആയിക്കൊണ്ട് നിങ്ങളുടെ ദൈവവിളിയിൽ ജീവിക്കാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ അനുവാദത്തോടും സഹകരണത്തോടും കൂടി മാത്രമേ ഇത് ചെയ്യാൻ എനിക്ക് സാധിക്കു. എന്റെ തെരഞ്ഞെടുക്കപ്പെട്ട പുത്രന്മാരെ, എന്റെ തിരുഹൃദയത്തിലേക്ക് മടങ്ങി വരു. എന്റെ അസാധാരണമായ ആശ്വാസങ്ങൾ നിങ്ങൾക്കായി കാത്തിരിക്കുന്നു. സ്വർഗ്ഗപ്രാപ്തിക്കുള്ള എല്ലാ ശുശ്രൂഷകളിലും നിങ്ങൾക്ക് ആനന്ദം ലഭിക്കുകയും നിങ്ങൾ ആനന്ദപൂർവ്വം ശുശ്രൂഷിക്കുകയും ചെയ്യണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. എന്നാൽ ഞാനുമായി ഐക്യപ്പെട്ടിരുന്നാൽ മാത്രമേ ഈ ആനന്ദം എനിക്ക് നിങ്ങളിലേക്ക് പ്രവഹിപ്പിക്കാൻ സാധിക്കു. നിങ്ങളുടെ ആത്മാവിൽ എല്ലാ ജ്ഞാനവും സ്നേഹവും നിറയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾക്ക് സംശയമോ ആശയക്കുഴപ്പമോ, തോന്നാതിരിക്കാൻ നിങ്ങൾക്കായി സത്യത്തെ പ്രകാശിതമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ അരികിലേക്ക് വരു. എന്നോടൊപ്പം ആയിരിക്കു. നിങ്ങൾ മറ്റുള്ളവരെ ശുശ്രൂഷിക്കേണ്ടതിനായി ഞാൻ തന്നെ നിങ്ങളെ ശുശ്രൂഷിക്കാം.

## ജനുവരി 28, 2004
## ഈശോ

പിതാവിന്റെ ശുശ്രൂഷയിൽ വ്യാപരിക്കുന്ന എന്റെ സഹോദരന്മാരെ, എനിക്ക് നിങ്ങളോടുള്ള അനുകമ്പ എന്റെ ഹൃദയത്തെ വികസിപ്പിക്കുന്നു. നിങ്ങളുടെ ഭയവും നിരുൽസാഹങ്ങളുമൊക്കെ ഞാൻ എങ്ങനെ മനസ്സിലാക്കും. നിങ്ങളുടെ അദ്ധ്വാനത്തിന്റെ ഫലം കാണാതെ തന്നെ നിങ്ങൾ പലപ്പോഴും അദ്ധ്വാനിക്കുന്നു. ഇത് ബുദ്ധിമുട്ടാണ്. പക്ഷേ നിങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും നിങ്ങൾക്ക് പെട്ടെന്ന് ലഭിക്കേണ്ട ഈ സംതൃപ്തി ഞാൻ ഉപയോഗപ്പെടുത്തുന്നു. എന്റെ കണ്ണുകളിലൂടെ നിങ്ങളുടെ പൗരോഹിത്യത്തെ നോക്കിക്കാണുന്നെങ്കിൽ, വിശാലമായ ഒരു കാഴ്ചപ്പാട് ലഭിക്കാൻ അത് നിങ്ങളെ പ്രാപ്തരാക്കും. നിങ്ങളുടെ ഓരോ പൗരോഹിത്യധർമ്മവും നിത്യതയെ സ്വാധീനിക്കുന്നു, കാരണം ഒരു തരത്തിൽ അത് ആത്മാക്കളെ സ്വാധീനിക്കുന്നു. ഓരോ പ്രവൃത്തിയുടെയും പ്രാധാന്യം നിങ്ങൾ വില കുറച്ചുകാണുമോ? ഒരുപക്ഷേ നിങ്ങളുടെ വിനയം അങ്ങനെ ചിന്തിക്കാൻ പ്രേരിപ്പിക്കണമെന്നില്ല. നിങ്ങളെ സ്വയം പ്രാധാന്യമുള്ളവനാക്കാനല്ല ഞാൻ ഇത് നിങ്ങളോട് പറയുന്നത്. എന്റെ സഹോദരന്മാരെ, ദൈവരാജ്യത്തിന്റെ വരവിന് നിങ്ങളുടെ ശുശ്രൂഷ എത്രത്തോളം നിർണ്ണായകമാണെന്ന് നിങ്ങളെ ബോധ്യപ്പെടുത്തുന്നതിനാണ് ഞാനിത് നിങ്ങളോട് പറയുന്നത്. എന്റെ അധികാരത്തോടെ നിങ്ങൾ സംസാരിക്കണം. ഇതിനെക്കുറിച്ച് അറിഞ്ഞിരിക്കുക. സ്വർഗ്ഗത്തിന്റെ പുത്രന്മാരെ, ഈ കാലഘട്ടത്തിൽ നിങ്ങൾ അഭിമുഖീകരിക്കുന്ന ഒരു ബുദ്ധിമുട്ട് ഇതാണ്, ലോകസംഭവങ്ങളിലും ആത്മാക്കളിലും നിങ്ങൾക്ക് കാര്യമായ സ്വാധീനമില്ലെന്ന ലൗകിക വീക്ഷണം നിങ്ങളിൽ പലരും

അശ്രദ്ധമായി സാംശീകരിച്ചിരിക്കുന്നു എന്നതാണ്. ഇതൊരു പിശകാണ്. ഇത് ശരിയല്ല. ഇത് ലൗകിക ചിന്ത യാണ്. സ്വർഗ്ഗീയ ചിന്തയല്ല. പ്രിയപുത്രന്മാരെ, എന്നെ പ്പോലെ ചിന്തിക്കുക, ദൈവം നിങ്ങളിലൂടെ പ്രവർത്തി ക്കുന്നുണ്ടെങ്കിൽ, നിങ്ങളുടെ വിളിയുമായി സമ്പർക്കം പുലർത്തുന്ന ഓരോരുത്തരുടെയും ജീവിതത്തെ വളരെയധികം സ്വാധീനിക്കാൻ കഴിയുമെന്ന് മനസ്സിലാക്കുക. നിങ്ങൾ ഒത്തിരി ഭാരിച്ച ഉത്ത രവാദിത്വം ഏറ്റെടുക്കണമെന്ന് ഞാൻ ആവ ശ്യപ്പെടുന്നില്ല. എന്നാൽ തീർച്ചയായും നിങ്ങൾ ഉത്ത രവാദിത്വം ഏറ്റെടുക്കണം. ഞാൻ സത്യമാണെന്ന് നിങ്ങൾക്ക് അറിയാം. അങ്ങനെയുള്ളത് മാത്രമേ ഞാൻ സംസാരിക്കുകയുള്ളൂ. ഞാൻ അസത്യം പറ യുകയോ കൗശലം കാണിക്കുകയോ ഇല്ല. നിങ്ങളുടെ ദൈവവിളി സമുചിതമായ ഗൗരവത്തോടെ കാണാൻ ഞാൻ ഈ പറയുന്ന സത്യങ്ങൾ ഉപകരിക്കും. എന്റെ പുത്രന്മാരേ, നിങ്ങൾ സ്വർഗ്ഗത്തിന്റെ നിധികളാണ്. നിങ്ങ ളുടെ മാനുഷികതക്ക് സങ്കൽപ്പിക്കാവുന്നതിലധികം നിങ്ങൾ മൂലം ഞാൻ ആശ്വസിപ്പിക്കപ്പെടുന്നു. നിങ്ങളുടെ പൗരോഹിത്യശുശ്രൂഷയിൽ നിന്ന് ഞാൻ എത്രമാത്രം ആശ്വാസം സ്വീകരിക്കുന്നുവെന്ന് നിങ്ങൾ മനസ്സിലാക്കി യിട്ടുണ്ടെങ്കിൽ, നിങ്ങൾ അമിതാദ്ധ്വാനം ചെയ്യുകയും, എന്നാൽ അതിൽ നിന്നും ഞാൻ നിങ്ങളെ മോചിപ്പിക്കു കയും ചെയ്യും. എന്നാൽ, എന്റെ രാജ്യത്തിന്റെ വരവിൽ, നിങ്ങൾക്കുള്ള പങ്കിൽ നിന്ന് ഞാൻ നിങ്ങളെ ഒഴിവാ ക്കുന്നില്ല. ഞാൻ മടങ്ങിവരുന്നതിനാൽ, ഈ സമയ ങ്ങളിൽ നിങ്ങൾ ജാഗ്രത പാലിക്കുക. നിങ്ങൾ എന്നെ അനുവദിക്കുമെങ്കിൽ, ഞാൻ നിങ്ങളിലൂടെ തീരുമാന മെടുക്കും. ദൈവമഹത്വത്തിനായി നിങ്ങളുടെ സഹക രണം എനിക്ക് ആവശ്യമുണ്ട്. നിത്യപുരോഹിതനായ എന്നോടൊപ്പം മൗനമായി സമയം ചെലവഴിക്കുക.

## ജനുവരി 29, 2004
## ഈശോ

പിതാവിന്റെ ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന എന്റെ സഹോദരന്മാർ തങ്ങളെ സഹായിക്കാൻ സ്വർഗ്ഗം മുഴുവനുമുണ്ടെന്ന് പലപ്പോഴും മറക്കുന്നു. ദിവസം മുഴുവനും നിങ്ങൾക്ക് ഈ ദിവ്യമായ സഹായം ലഭിക്കാൻ സ്വർഗ്ഗത്തോട് ആവശ്യപ്പെടണം. മുൻകാലങ്ങളിൽ പുരോഹിതൻ അവരുടെ മുൻഗാമികളുടെ സ്വർഗ്ഗീയ ഉപദേശം തേടാൻ നിർദ്ദേശിച്ചിരുന്നു. നിങ്ങൾക്ക് മുമ്പേ പോയ ദൈവത്തിന്റെ യോദ്ധാക്കളുമായി സമയം ചെലവഴിക്കുക. ഭാവനയിൽ കാണാവുന്ന എല്ലാ സാഹചര്യങ്ങളിലും അവർ നിങ്ങളെ പ്രചോദിപ്പിക്കും. ദൈവവിളിയിൽ ബുദ്ധിമുട്ടുകൾ അനുഭവിച്ച ആദ്യവ്യക്തി നിങ്ങൾ അല്ലല്ലോ. എല്ലാ ധാരണയോടും ദയയോടും കൂടിയാണ് ഞാനിതിപ്പോൾ പറയുന്നത്. നിങ്ങൾക്ക് താല്പര്യമില്ലാത്ത ഒരു ജോലി ചെയ്യാൻ നിങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ, ഞാനാണ് ഈ ചുമതല പൂർത്തിയാക്കാൻ നിങ്ങളോട് ആവശ്യപ്പെടുന്നതെന്ന് അറിയുക. നിങ്ങളേയും നിങ്ങളുടെ ആത്മാവിനെയും എവിടെയാണ് നിലനിർത്തേണ്ടതെന്ന കാര്യത്തിൽ എനിക്ക് നല്ല നിശ്ചയവും നിങ്ങളുടെ പൗരോഹിത്യം പഠിക്കേണ്ട പാഠങ്ങളും എന്റെ പക്കലുണ്ട്. ദൈവരാജ്യത്തെ ശുശ്രൂഷിക്കാൻ നിങ്ങളെ ഉപയോഗപ്പെടുത്തുന്ന ഏതൊരു പ്രവൃത്തിയും എന്നെ നിങ്ങൾ ചെയ്യുമെങ്കിൽ, നിങ്ങളുടെ ആത്മീയ പുരോഗതി വർദ്ധിപ്പിക്കാൻ ഞാനിടയാക്കും. എന്റെ പ്രിയപ്പെട്ട ആത്മാവേ, ദൈവത്തിനുവേണ്ടിയുള്ള ശുശ്രൂഷാമേഖലയിൽ എന്നോട് ഐക്യപ്പെട്ടത്, ഞാൻ ഈ വഴിയാണ് വരുന്നതെന്ന് നിങ്ങൾക്ക് ഉറപ്പുനൽകുന്നതിനാണ്. നിങ്ങളുടെ ഉന്നമനത്തിനായി നൽകിയിട്ടുള്ള എല്ലാ സ്നേഹവും എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും

എല്ലാ സഹായങ്ങളും നിങ്ങൾ പ്രയോജനപ്പെടുത്താനും നിങ്ങളിലൂടെ മറ്റുള്ളവർക്ക് പ്രയോജനം ലഭിക്കാനും ഞാൻ ആഗ്രഹിക്കുന്നു. എല്ലാ ബുദ്ധിമുട്ടുകളോടുംകൂടി സ്വർഗ്ഗത്തിലേക്ക് വരിക. മറ്റുള്ളവർക്ക് നൽകുന്നത് തന്നെയാണ് തങ്ങളെത്തന്നെ പരിപോഷിപ്പിക്കാൻ നൽകേണ്ടതെന്ന യാഥാർത്ഥ്യം പലപ്പോഴും എന്റെ സഹോദരന്മാർ മറക്കുന്നു. ഇതാണ് വിശ്വാസത്തിന്റെ ദാനം. നിങ്ങൾ എന്നോടൊപ്പം ഒറ്റയ്ക്ക് സമയം ചെലവഴിക്കണം, അതുവഴി ഈ സമ്മാനം നിങ്ങളുടെ ആത്മാവിൽ അതിന്റെ പൂർണ്ണമായ നേട്ടത്തിനായി ഉപയോഗപ്പെടുത്തുന്നുവെന്ന് നമുക്ക് ഉറപ്പാക്കാം. എന്റെ പ്രിയപ്പെട്ട ശുശ്രൂഷകർക്കായി ഇത് ചെയ്യുവാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ ദൈവവിളിയിൽ എല്ലാം നന്നായി നടക്കുന്നുങ്കിൽ, ഒരു ശാന്തത, വിശ്വാസത്തോടുള്ള വെല്ലുവിളികൾ, അസ്വസ്ഥത, ഏതൊരു വിളിയിലേയും അനിവാര്യമായ ഇച്ഛാഭംഗം, എന്നിവയിലെല്ലാം നിങ്ങളെ നിലനിർത്തുന്ന ശുശ്രൂഷാസ്ഥിരത നിങ്ങൾക്ക് അനുഭവപ്പെടും. എന്നാൽ നിങ്ങളുടെ വിളിയിൽ എല്ലാം ശരിയല്ലെങ്കിൽ, നിങ്ങൾക്ക് പരിമിതി തോന്നും, നിങ്ങൾക്ക് ഉറപ്പുണ്ടാവില്ല, മറ്റുള്ളവരിലേക്ക് വിശ്വാസം പകരാൻ നിങ്ങൾക്ക് സാധിക്കില്ല. കാരണം നമ്മുടെ തിരുസഭയുടെ നിത്യസത്യങ്ങളെക്കുറിച്ച് നിങ്ങൾക്ക് സ്വയം ഉറപ്പില്ല. എന്റെ പ്രിയപ്പെട്ട അനുഗാമി, ഇത് നിങ്ങളെക്കുറിച്ചാണെങ്കിൽ, നമുക്കൊരുമിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. നിത്യപുരോഹിതന്റെ ചുവടുപിടിക്കാൻ നിങ്ങൾ യോഗ്യരല്ലെന്ന് ഭയപ്പെടുകയും കരുതുകയുമരുത്. ലോകമാസകലം പടർന്നു പിടിച്ച പകർച്ചവ്യാധിയുടെ ലക്ഷണമായാണ് ഈ വികാരങ്ങളെ കാണേണ്ടത്. ഇരുട്ട് ബാധിച്ച ഒരു കാലഘട്ടത്തിലാണ് നിങ്ങൾ ജീവിക്കുന്നത്. നിങ്ങളിൽ ചിലർക്കും രോഗം ബാധിച്ചതിൽ അത്ഭുതപ്പെടാനില്ല. ഞാൻ ഇതേക്കുറിച്ച് ശാന്തനാണ്, പക്ഷേ ഇപ്പോൾ നിങ്ങളുടെ ആത്മീയ

രോഗത്തിന് പരിഹാരം കാണാൻ ഞാൻ ആഗ്രഹിക്കുന്നു. അത് നിങ്ങൾ എനിക്ക് നൽകണം. ഞാൻ നിങ്ങളെ ശുശ്രൂഷിക്കുകയും നിങ്ങളുടെ ബലഹീനതയെ ആത്മീയശക്തി ഉപയോഗിച്ച് മാറ്റി സ്ഥാപിക്കുകയും ചെയ്യുമ്പോൾ നിങ്ങൾ വിനയാന്വിതരായിരിക്കണം. സ്വർഗ്ഗത്തിലേക്ക് നോക്കുക. ഞാൻ ഇവിടെയുണ്ട്. നിങ്ങൾ അനുഗമിക്കേണ്ട വെളിച്ചം ഞാൻ തന്നെ. ഇപ്പോൾ അകലേക്ക് നോക്കരുത്. നിങ്ങളുടെ കണ്ണുകൾ എന്നിൽ കേന്ദ്രീകരിച്ച് നിങ്ങളുടെ ആരോഹണം ആരംഭിക്കുക. നിങ്ങളുടെ രക്ഷകൻ പ്രവർത്തനനിരതനെന്നും നിങ്ങളുടെ രോഗശാന്തിയുടെ ഉത്ഭവം ദൈവികമാണെന്നും നിങ്ങൾക്ക് വ്യക്തമായി മനസ്സിലാക്കുന്ന തരത്തിലുള്ള സഹായം നിങ്ങൾക്ക് ലഭ്യമാകും. എന്റെ പ്രിയപ്പെട്ടവരേ, നിങ്ങൾ എന്റെയാണ്. ഞാൻ നിങ്ങളുടെ ദൈവമാണ്. ലോകം നിങ്ങളുടെ ദൈവമല്ല. ഇരുട്ട് നിങ്ങളെ ആകർഷിച്ചതിൽ വിഷമിക്കേണ്ട. ഇപ്പോൾ ഞാൻ നിങ്ങളെ എന്നിലേക്ക് അടുപ്പിക്കുന്നു. ലോകത്തോടുള്ള നിങ്ങളുടെ മൈത്രിയല്ലാതെ, നമുക്കിടയിൽ മറ്റൊന്നുമില്ല, എന്റെ മകനെ, അത് എനിക്ക് തരൂ. ലോകം നിങ്ങളെ നിത്യതയോളം സ്നേഹിക്കില്ല. ഞാൻ മാത്രമാണ് അത്തരമൊരു ലക്ഷ്യം  തേടുന്നത്. ഞാൻ നിങ്ങളുടെ ക്ഷേമം തേടുന്നു. മറ്റുള്ളവരെ ശുശ്രൂഷിക്കുവാൻ ഞാൻ നിങ്ങളെ ഉപയോഗിക്കുന്നതിന് വളരെ മുമ്പ്, ഞാൻ നിങ്ങളെ ശുശ്രൂഷിക്കണം. നിങ്ങളെ ഇപ്പോൾ ശുശ്രൂഷിക്കുവാൻ യേശുവിനെ അനുവദിക്കണം, അതിലൂടെ നിങ്ങളുടെ ദൈവവിളിയുടെ മനോഹാരിത എനിക്ക് പകരം വയ്ക്കാനാകും. എങ്കിൽ മാത്രമേ നിങ്ങൾ പ്രഥമ പുരോഹിതന്റെ മടങ്ങിവരവിന് ആവശ്യമായ രീതിയിൽ മറ്റുള്ളവരെ ശുശ്രൂഷിക്കാൻ കഴിയൂ.

## ജനുവരി 30, 2004
## ഈശോ

നിങ്ങളുടെ വഴികാട്ടിയായി എന്നിലുള്ള വിശ്വാസം നവീകരിക്കാൻ ഞാൻ എന്റെ സഹോദരങ്ങളോട് ആവശ്യപ്പെടുന്നു. ശുശ്രൂഷയിലെ പ്രിയ ആത്മാക്കളെ, എല്ലായ്പ്പോഴും ഞാനായിരിക്കണം നിങ്ങളുടെ ലക്ഷ്യം. എന്നോടുള്ള നിങ്ങളുടെ ഐക്യമായിരിക്കണം നിങ്ങളുടെ ആദ്യമുൻഗണന. ഞാനുമായി നിങ്ങൾക്കുള്ള ബന്ധമായിരിക്കണം നിങ്ങളുടെ ദൈവവിളിയെ നയിക്കേണ്ടത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, നിങ്ങൾ എന്നോട് ഐക്യപ്പെട്ടിട്ടുണ്ടെങ്കിൽ, നിങ്ങളുടെ പ്രവർത്തനങ്ങളെ നിങ്ങൾ ചോദ്യം ചെയ്യില്ല. നിങ്ങളുടെ വിശ്വാസത്തെക്കുറിച്ചും സഭയെക്കുറിച്ചും വെല്ലുവിളി നിറഞ്ഞ സാഹചര്യങ്ങളിൽ വിശ്വാസത്തിന്റെ കാര്യങ്ങളിൽ നിങ്ങൾ എങ്ങനെ പ്രതികരിക്കണം എന്നതിനെക്കുറിച്ചും വളരെക്കുറച്ചേ നിങ്ങൾ സമയം ചെലവഴിക്കൂ. കാരണം, ഇതെല്ലാം സംഭവിക്കുന്നത് നമ്മുടെ പ്രാർത്ഥനാസമയത്താണ്. നിങ്ങൾ പ്രാർത്ഥിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യുമ്പോൾ മാത്രമല്ല, സർവ്വശക്തനായ ദൈവത്തെ ധ്യാനിക്കുകയും ചെയ്യുമ്പോൾ; ഈ സമയത്താണ് ഞാൻ നിങ്ങളുടെ ഉള്ളിൽ ഉത്തരങ്ങൾ സ്ഥാപിക്കുന്നത്. തുടർന്ന് നിങ്ങളുടെ ശുശ്രൂഷയ്ക്ക് ആവശ്യമായ സത്യങ്ങൾ ലഭിക്കും. നിങ്ങളുടെ പല സുഹൃത്തുക്കൾക്കും ചോദ്യങ്ങളുണ്ടെന്ന് നിങ്ങൾ അറിയുന്നു. ഒരു ചർച്ചയും ആവശ്യമില്ലാത്ത കാര്യങ്ങളെക്കുറിച്ച് ധാരാളം ചർച്ചകൾ നടക്കുന്നു. നിങ്ങൾ വിധേയത്വം പ്രഖ്യാപിച്ച നിങ്ങളുടെ പരിശുദ്ധ പിതാവിലൂടെ ഞാൻ ഉത്തരങ്ങൾ നൽകിക്കഴിഞ്ഞു. നിങ്ങൾ സംസാരം അവസാനിപ്പിക്കണം. ഈ കാര്യങ്ങൾ തീരുമാനിക്കേണ്ടത് നിങ്ങളല്ല. ഈ കാര്യങ്ങളിൽ നിങ്ങൾ അനുസരിക്കുകയും സന്തോ

ഷകരമായ അനുസരണത്തിന്റെ മാതൃക സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. പ്രിയപ്പെട്ടവരെ, സന്തോഷകരം എന്ന പദത്തെ ഞാൻ ഊന്നി പറയട്ടെ? ശുശ്രൂഷ നിർവ്വഹിക്കുന്നതിൽ ഞാൻ നിങ്ങൾക്ക് സന്തോഷം നൽകി. നിങ്ങൾക്ക് ആ സന്തോഷം അനുഭവപ്പെടാത്തപ്പോൾ, പ്രാർത്ഥനയിൽ നിങ്ങൾ വീണ്ടും എന്റെ അടുക്കൽ വരണം. നമ്മൾ അതേക്കുറിച്ച് ചർച്ച ചെയ്തല്ലോ. നിങ്ങളുടെ വിളി ഒരു ശിക്ഷാനടപടിയായി നിങ്ങൾക്ക് അനുഭവപ്പെടരുത്. അത് ആനന്ദദായകമായ സ്വാതന്ത്ര്യാവസ്ഥയാണെന്ന് തോന്നണം. എല്ലാദിവസവും നിങ്ങൾക്ക് അങ്ങനെ തോന്നില്ല, മാത്രമല്ല എല്ലാ ദിവസവും അങ്ങനെ അനുഭവപ്പെടുമെന്ന് നിങ്ങൾ പ്രതീക്ഷിക്കയുമരുത്. കാരണം, എല്ലാറ്റിന്റെയും അവസാനം, സ്നേഹം ത്യാഗമാണ്. എന്നോടുള്ള നിങ്ങളുടെ സ്നേഹം ഒരു ത്യാഗം ആവശ്യപ്പെടുന്നു. നിങ്ങളുടെ യേശു ആ വസ്തുത അംഗീകരിക്കുന്നില്ലെന്ന് ദയവായി കരുതരുത്. നിങ്ങൾക്കൊപ്പം സമയം ചെലവഴിയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നത് നിങ്ങളോടുള്ള എന്റെ സ്നേഹമാണ്. നിങ്ങളോടുള്ള എന്റെ സ്നേഹം മറ്റ് മിക്ക ആത്മാക്കൾക്കും വളരെ മുമ്പു തന്നെ നിങ്ങളെ ലോകത്തിൽ നിന്ന് മോചിപ്പിച്ചു. നിങ്ങളോടുള്ള എന്റെ സ്നേഹം നിങ്ങളുടെ നിത്യരക്ഷ ഉറപ്പാക്കുന്ന ഒരു ശുശ്രൂഷാ നിലവാരത്തിലേക്ക് നിങ്ങളെ കൊണ്ടുവന്നു. എന്നാൽ നിങ്ങൾ തീർച്ചയായും ശുശ്രൂഷിക്കണം. എന്റെ കൃതജ്ഞതയോടെ നിങ്ങൾ നിത്യത ചെലവഴിക്കുകയും ഭൂമിയിലെ നിങ്ങളുടെ ശുശ്രൂഷയെക്കുറിച്ചുള്ള പിതാവിന്റെ അംഗീകാരം ആസ്വദിക്കുകയും ചെയ്യും. എന്റെ പ്രിയ സഹോദരാ, ഞാൻ നിന്നെ സ്നേഹിക്കുന്നു. നിങ്ങൾ എന്നോടൊപ്പം നിൽക്കുകയും, എന്നിൽ നിന്നും മാർഗ്ഗനിർദ്ദേശം സ്വീകരിക്കുകയും ചെയ്യുന്നതിൽ എനിക്ക് വളരെ നന്ദിയുണ്ട്. നിന്നെ സ്നേഹിക്കാൻ എന്നെ അനുവദിക്കുക. നിങ്ങളുടെ ദൈവവിളി

ഭാരമേറിയതായി തോന്നിപ്പിക്കുന്ന ലൗകിക ചങ്ങലകളിൽ നിന്ന് നിങ്ങളുടെ ആത്മാവിനെ മോചിപ്പിക്കാൻ എന്നെ അനുവദിക്കുക. ഞാൻ നിങ്ങളെ സ്വതന്ത്രരാക്കും, പക്ഷേ നിങ്ങൾ പ്രാർത്ഥിക്കണം. പ്രാർത്ഥനാസമയത്തോട് പ്രതിബദ്ധത പുലർത്തുക. കടമനിർവ്വഹണമല്ലാതെ മറ്റൊന്നും അതിൽ ഇടപെടാൻ അനുവദിക്കരുത്. നിങ്ങൾക്ക് ഇല്ലാത്തത് കൊടുക്കുവാൻ സാധിക്കില്ല. കൊടുക്കേണ്ടത് നിങ്ങൾക്ക് കൊടുക്കുവാൻ സാധിക്കുന്നില്ലെങ്കിൽ നിങ്ങളുടെ വിളി ഫലപ്രാപ്തിയിൽ എത്തുകയില്ല. ഈ നിമിഷം ഞാൻ നിങ്ങളുടെ ആത്മാവിലേക്ക് നോക്കുകയാണ്. ഞാൻ എല്ലാം കാണുന്നു. നിങ്ങളെ പൂർണ്ണശേഷിയിലേക്ക് കൊണ്ടുവരാൻ എന്താണ് ചെയ്യേണ്ടതെന്ന് എനിക്ക് കൃത്യമായി അറിയാം. നിങ്ങൾക്ക് അത് ചെയ്യാൻ എന്നോട് ആവശ്യപ്പെടുക. നിങ്ങൾക്കായി അത് ചെയ്യാൻ എന്നെ ക്ഷണിക്കുക. എന്നിട്ട്, നിങ്ങൾക്കായി അത് ചെയ്യാൻ എന്നെ അനുവദിക്കുക. നിങ്ങളുടെ ചുറ്റും ആത്മാക്കൾ കഷ്ടപ്പെടുന്നു. നിങ്ങൾ എന്നെ അവരുടെ അടുക്കൽ കൊണ്ടുവരണം. എന്റെ സ്നേഹത്തിന്റെ തെളിച്ചം നിങ്ങളിലൂടെ തിളങ്ങുകയും മറ്റുള്ളവർ നിങ്ങളുമായുള്ള സമ്പർക്കം വഴി ഊഷ്മളമാക്കുകയും ശക്തിപ്പെടുകയും പരിവർത്തനം ചെയ്യുകയും സ്ഥിരീകരിക്കുകയും ചെയ്യുന്നതിലൂടെ നിങ്ങൾ ഉടൻ സുതാര്യവൽക്കരിക്കപ്പെടും. ഇത് സാധ്യമല്ലെന്ന് നിങ്ങൾ കരുതുന്നുണ്ടോ? അങ്ങനെയെങ്കിൽ, എന്നോടൊപ്പം നിങ്ങൾ കൂടുതൽ സമയം ചെലവഴിക്കേണ്ടതിന്റെ മറ്റൊരു അടയാളമാണിത്. നിങ്ങൾ എന്നോടൊപ്പം സയമം ചെലവഴിക്കുമ്പോൾ, നിങ്ങളുടെ പരിമിതികൾ നിങ്ങൾ മറക്കുകയും എന്റെ അനന്തശക്തിയെക്കുറിച്ച് ചിന്തിക്കുകയും ചെയ്യുന്നു. ഈ രീതിയിലാണ് എന്റെ അനന്തമായ ശക്തി നിങ്ങളിലൂടെ ഒഴുകാൻ തുടങ്ങുന്നത്. അത് ഇങ്ങനെയായിരിക്കണം, ഉദ്ദേശിച്ചതുപോലെ തന്നെ. ഇപ്പോൾ വരൂ.

ദൈവരാജ്യത്തെ ശുശ്രൂഷിക്കാനുള്ള പ്രതിജ്ഞാബദ്ധത നിങ്ങൾ നടത്തി. എന്നെ സ്നേഹിക്കാൻ ഇന്ന് മറ്റൊരു പ്രതിജ്ഞാബദ്ധത ഉറപ്പാക്കുക. നിങ്ങളെ സ്നേഹിക്കാൻ നിങ്ങൾ എന്നെ അനുവദിക്കുന്നു. അത് പങ്കിടാൻ സ്നേഹത്തിന്റെ ഒരു ഒഴുക്ക് നൽകുന്നു. നിങ്ങളിൽ നിന്ന് ഇതാണ് എനിക്ക് വേണ്ടത്.

# ജനുവരി 31, 2004
# ഈശോ

എന്റെ സഹോദരന്മാരെ, ഞാൻ വിജയത്തോടെ നിങ്ങളുടെ ലോകത്തേക്ക് തിരിച്ചുവരുന്നു. രാജാവായി ഞാൻ നിങ്ങളുടെ ലോകത്തേക്ക് മടങ്ങിവരുന്നു. എന്റെ വിശ്വസ്തദാസന്മാർക്കുള്ള പ്രതിഫലം എന്തായിരിക്കും? ഭൗമിക ഭാഷയിൽ ഒരു നിമിഷം ചിന്തിക്കൂ. ഒരു രാജാവ് തന്റെ രാജ്യത്തിൽ നിന്ന് അകന്നു പോകുന്നുവെന്നും അദ്ദേഹത്തിന്റെ അഭാവത്തിൽ അനേകം ദാസന്മാർ അവിശ്വസ്തരാണെന്നും കരുതുക. അവർ തങ്ങളുടെ അനുസരണക്കേട് പ്രകടിപ്പിക്കുകയും തന്റെ രാജ്യത്തിന്റെ ഐക്യത്തിനായി രാജാവ് രൂപകൽപ്പന ചെയ്ത താളക്രമത്തെ പരിഹസിക്കുകയും ചെയ്യുന്നു. ഇത് വലിയ വേദനയ്ക്കും അസ്വസ്ഥതയ്ക്കും കാരണമാവുകയും രാജ്യത്തിന്റെ ഐക്യത്തെ ഭീഷണിപ്പെടുത്തുകയും ചെയ്യുന്നു. ക്രമക്കേട് കാരണം, രാജ്യം ശത്രുക്കളോട് പ്രതിരോധിക്കാൻ യോഗ്യരല്ല. അവർ സാവധാനം രാജ്യം ഏറ്റെടുക്കുകയും അവരുടെ സ്വന്തം ക്രമം അടിച്ചേൽപ്പിക്കുകയും ചെയ്യുന്നു. ഇത് ജ്ഞാനിയും ദയാലുവുമായ രാജാവ് അവിടുത്തെ പ്രജകൾക്കായി സൃഷ്ടിക്കുവാൻ പ്രവർത്തിച്ച എല്ലാറ്റിനും എതിരായിരുന്നു. ഈ ശത്രു ശക്തനോ ജ്ഞാനിയോ ആയിരുന്നില്ലെന്ന് കരുതുക. ശത്രുസൈന്യം അസംഘടിതവും അവർക്ക് താരതമ്യേന വളരെക്കുറച്ച് ആൾക്കാരുമേ ഉണ്ടായിരുന്നുള്ളൂ. രാജാവിന്റെ പ്രജകളിൽ ഭൂരിഭാഗവും അലസരും അവരുടെ രാജാവിന്റെ അഭാവത്തിൽ മന്ദോഷ്ണരുമായിരുന്നു എന്നതാണ് ശത്രു ഉപയോഗിച്ച നേട്ടം. അതിനാൽ അനായാസം ശത്രുക്കൾ കടന്നുകയറി വിജയിച്ചു. എന്നാൽ നല്ലവനായ രാജാവിന്റെ എല്ലാ പ്രജകളും ഉറങ്ങുന്നില്ല. അനേകർ ജാഗരൂകരായി, ഇങ്ങനെ സംഭവിച്ചതിൽ പ

രിഭ്രാന്തരാകുകയും കൂടെയുള്ളവർക്ക് മുന്നറിയിപ്പ് നൽകുകയും ചെയ്തു. വിശ്വസ്തരായ ഇവർ, രാജാവ് മടങ്ങിവരുമെന്നും അവൻ നീതിമാനായതിനാൽ രാജ്യത്തിനെതിരായി പ്രവർത്തിക്കുന്ന ദുർബ്ബലരെ ശിക്ഷിക്കുമെന്നും മുന്നറിയിപ്പ് നൽകി. ചിലർ ഇത് ശ്രദ്ധിച്ചു, എന്നാൽ ചിലർ ഇത് ശ്രദ്ധിച്ചതേയില്ല. ഏതുവിധേനയും, വിശ്വസ്തരായവർ, നുഴഞ്ഞുകയറ്റക്കാരുടെ വിലകുറഞ്ഞ ആഘോഷങ്ങളിലേക്ക് ആകർഷിക്കപ്പെടാൻ വിസമ്മതിച്ചു. നല്ല രാജാവിന്റെ നിയമങ്ങൾ പാലിച്ചതിന് അവരെ പലപ്പോഴും പരിഹസിച്ചിരുന്നു. പലപ്പോഴും അവർ മറ്റ് വഴികളിൽ കഷ്ടപ്പെടുന്നതായി അവർ കണ്ടെത്തി. പലർക്കും ഭൗതിക നേട്ടങ്ങൾ നഷ്ടപ്പെട്ടു. വിശ്വാസമുള്ളതിനാൽ ചിലരുടെ കുടുംബബന്ധങ്ങൾ നഷ്ടപ്പെട്ടു. ചില നല്ല പ്രജകൾ രാജാവിനെ പ്രതിരോധിക്കാൻ അവരുടെ ജീവിതം ഹോമിച്ചു. രാജാവിനെ ഈ കാര്യങ്ങളെല്ലാം അപ്പപ്പോൾ അറിയിച്ചിട്ടുണ്ടെന്ന് കരുതുക. രാജാവിന്റെ യാത്ര പൂർത്തീകരിക്കുമ്പോൾ തന്റെ ജനത്തിന്റെ ഇടയിലേക്ക് മടങ്ങിവരാൻ തിടുക്കം കൂട്ടുകയും ചെയ്യുന്നു. തന്റെ ജനത്തിന്റെ ക്ഷേമത്തിനുവേണ്ടി അവിടുന്ന് സംവിധാനം ചെയ്ത ഈ മനോഹരവും ആകർഷണീയവുമായ രാജ്യം നിയമവിരുദ്ധവും വൃത്തികെട്ടതുമായ ഒരു സ്ഥലമായി മാറിയെന്ന് കാണുമ്പോൾ അദ്ദേഹത്തിന്റെ മനോവികാരങ്ങൾ സങ്കൽപ്പിക്കുക. ഞാൻ ആ രാജാവാണ്. എനിക്ക് അനന്തമായ ശക്തിയും ജ്ഞാനവും ഓരോ ആത്മാവിനെയും ഒറ്റ നോട്ടത്തിൽ അറിയാൻ കഴിയും എന്ന ഒരേയൊരു വ്യത്യാസം മാത്രം. ഞാൻ മടങ്ങിവരുന്നു. എന്റെ പ്രിയപ്പെട്ട സഹോദരവൈദികരെ, വലിയ അനുസരണക്കേടിന്റെ കാലത്ത് എന്നിൽ വിശ്വാസം കാത്തുസൂക്ഷിച്ച പ്രജകളാണ് നിങ്ങൾ. നിങ്ങളുടെ വിശ്വസ്തതയ്ക്ക് എങ്ങനെ ഞാൻ പ്രതിഫലം നൽകുമെന്ന് ഒരു നിമിഷം ചിന്തിക്കൂ. കുറച്ചു

പേർ മാത്രം എന്നെ അനുഗമിക്കുന്ന കാലത്താണ് എന്റെ പിന്നാലെ വരാൻ നിങ്ങൾ തീരുമാനിച്ചത്. ശത്രുവിന്റെ വിലകെട്ട ആഘോഷങ്ങളിൽ പങ്കുചേരാൻ പലരും പുറപ്പെട്ടപ്പോൾ നിങ്ങൾ എന്റെ ശുശ്രൂഷയിൽ തുടർന്നു. ലോകത്തിന്റെ നിരന്തരമായ മോഹമുണ്ടായിട്ടും, സ്ഥിരോത്സാഹമുള്ള വിശ്വസ്തരായ ആത്മാക്കളെ ശുശ്രൂഷിക്കാൻ നിങ്ങൾ പരിശ്രമിച്ചു. എന്റെ പിതാവ് സൃഷ്ടിച്ച ഓരോ ആത്മാവിനെ പ്രതിയും എന്റെ ഹൃദയം വേദനിക്കുന്നു. ഇതൊരു വലിയ സത്യമാണ്. എന്നാൽ ഈ അന്ധകാരവേളയിൽ എന്നെ ശുശ്രൂഷിച്ചവരോട് എനിക്ക് ദിവ്യമായൊരു കൃതജ്ഞതയുണ്ട്. നിങ്ങൾ എണ്ണത്തിൽ കൂടുതലുണ്ടെങ്കിലും ലോകവുമായി ബന്ധപ്പെടുമ്പോൾ നിങ്ങൾ കുറവാണ്. നിങ്ങൾ തെരഞ്ഞെടുക്കപ്പെട്ടവരാണ്, ഞാൻ നിങ്ങളെ ഉപയോഗിക്കും. ഞാൻ ഇപ്പോൾ നിങ്ങളെ ഉപയോഗപ്പെടുത്തുന്നു. എന്റെ മടങ്ങിവരവിൽ നിങ്ങളുടെ പങ്ക് ഞാൻ വെളിപ്പെടുത്തുവാൻ തുടങ്ങുന്നു. ഈ വ്യക്തിഗത നിർദ്ദേശത്തോട് തുറവിയുള്ളവരായിരിക്കുക. രാജാവിന്റെ അഭാവത്തിൽ അവിടുത്തെ പ്രതിരോധിച്ച ആ ദാസന്മാർക്കും ഞാൻ നൽകുന്ന പ്രതിഫലം ഭൂമിയിലെ ഒരു മനുഷ്യനും സങ്കൽപ്പിക്കാൻപോലും കഴിയില്ലെന്ന് ഓർക്കുക.

## ഫെബ്രുവരി 2, 2004
## ഈശോ

ദൈവരാജ്യത്തിന്റെ ശുശ്രൂഷയിൽ ആയിരിക്കുന്ന എന്റെ സഹോദരന്മാരോട് വളരെ സ്നേഹത്തോടെ ഞാൻ സംസാരിക്കുന്നു. പ്രിയ സഹോദരന്മാരെ, നിങ്ങൾ തന്നെയാണ് വിളവെടുപ്പ് നടത്തേണ്ടത്. പതിരിൽ നിന്ന് ഗോതമ്പ് വേർതിരിക്കാൻ ഞാൻ വരുന്നു. നിങ്ങൾ എന്നെ പലവിധത്തിലും സഹായിക്കും. ആത്മാക്കൾ ഇപ്പോൾതന്നെ എന്റെ ഹൃദയത്തിലേക്ക് മടങ്ങിവരണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. പലർക്കും എന്റെ സാന്നിദ്ധ്യം അനുഭവപ്പെടുന്നില്ല. കാരണം, വളരെക്കുറച്ചു പേർ മാത്രമേ ദൈവാത്മാവിനെ അവരിൽ സന്നിവേശിപ്പിക്കുന്നുള്ളൂ. നീ എന്റെ ആത്മാവിനെ നിന്നിൽ കുടിയിരുത്തുന്നു. അവർ നിന്നിലൂടെയും നിന്റെ ശുശ്രൂഷയിലൂടെയും എന്നെ കണ്ടെത്തും. കാരണം ഭൗതിക സമ്പത്തിലും അധികാരത്തിലുമൊക്കെ താൽപര്യമുണ്ടെങ്കിലും മനുഷ്യാത്മാവ് എനിക്കായി ദാഹിക്കുന്നു. ആ ദിവ്യസ്ഥാനം നിറയ്ക്കാൻ ദൈവത്തിനല്ലാതെ മറ്റാർക്കും സാധ്യമല്ല. ഒരാത്മാവിന് ദിവ്യഗുരുനാഥനില്ലെങ്കിൽ അവർക്ക് ഏകാന്തമായ ഒരു ശൂന്യതയനുഭവപ്പെടും. അവർ തിരയുന്നു. ഈ കാലഘട്ടത്തിൽ പലരും തെരയുകയും അവരുടെ കയ്പേറിയ ശൂന്യത നിറയ്ക്കാനുള്ള ശ്രമത്തിൽ എല്ലാത്തരം വിഡ്ഢിത്തങ്ങളും ഉപയോഗപ്പെടുത്തുകയും ചെയ്യും. അലഞ്ഞു തിരിയുന്ന എന്റെ നിസ്സഹായരായ കുഞ്ഞുങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ തയ്യാറായവർക്ക് ഒരു കുറവുമില്ല. എന്നാൽ ഈ കുഞ്ഞുങ്ങളെ എന്നിലേക്ക് അടുപ്പിക്കാൻ തയ്യാറായ ആത്മാക്കളുടെ കുറവ് അധികമാണത്രെ. ഞാൻ കൂടുതൽ ആളുകളെ എന്റെ ജോലി ചെയ്യാൻ വിളിക്കുന്നു. ആത്മാക്കൾ അവരുടെ ലോകത്തെ നോക്കി കാണുകയും തുടർന്ന്

സ്വർഗ്ഗത്തിലേക്ക് നോക്കുകയും ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്ന എന്റെ ശബ്ദം നിങ്ങളുടെ ഹൃദയത്തിൽ കേൾക്കുന്നുണ്ടോ? നിങ്ങൾ എന്റെ ശബ്ദം കേൾക്കണം. നിങ്ങൾ ശ്രദ്ധിക്കുന്നില്ലെങ്കിൽ, പ്രിയ കുഞ്ഞേ, നിങ്ങൾക്ക് കേൾക്കാൻ കഴിയില്ല. നിശബ്ദതയിൽ എന്നെ ശ്രദ്ധിക്കുക. നിങ്ങളോട് സംസാരിക്കാൻ എന്നോട് ആവശ്യപ്പെടുക. നിങ്ങൾക്ക് എന്റെ ശബ്ദം കേൾക്കാൻ കഴിയുന്നില്ലെങ്കിൽ ഉച്ചത്തിൽ സംസാരിക്കാൻ എന്നോട് ആവശ്യപ്പെടണം. നിങ്ങൾക്കുവേണ്ടി ഞാനത് ചെയ്യും. ഞാൻ നിങ്ങളെ വിളിക്കുകയും നിങ്ങൾ എന്റെ ശബ്ദം കേൾക്കുകയും ചെയ്യുന്നുവെങ്കിൽ, എല്ലാം നന്നായിരിക്കും. നിങ്ങളുടെ ദൈവവിളി കണ്ടെത്തുന്നതിന് നിങ്ങളെ സഹായിക്കാൻ തയ്യാറായ ആത്മാക്കളെ ഞാൻ അയയ്ക്കുകയും എന്റെ വിളിക്ക് നിങ്ങൾ പ്രത്യുത്തരം നൽകുകയും ചെയ്യും. പ്രശ്നസങ്കീർണ്ണമായ ഈ ലോകത്തിലെ ചെറുപ്പക്കാരെ, നിങ്ങളുടെ ആത്മാവിനെ തെരയുക. എന്നെ നിങ്ങൾ അവിടെ കണ്ടെത്തുകയും ഒരുപക്ഷേ ഈ പരിവർത്തനസമയത്ത് ലോകത്തെ നയിക്കാനായി നിങ്ങൾ സൃഷ്ടിക്കപ്പെട്ടിരിക്കാം. നിങ്ങളുടെ ഈശോ എല്ലാം കാണുന്നതിനാൽ ഒട്ടുംതന്നെ നിങ്ങൾ ഭയപ്പെടേണ്ടതില്ല. ഞാൻ നിങ്ങളുടെ ആരംഭവും അവസാനവുമാണ്. നിങ്ങളുടെ നിത്യാനന്ദം തേടുന്നവനാണ് ഞാൻ. ഈ കാലഘട്ടത്തിൽ നിങ്ങളെ അണിചേർത്തിരിക്കുന്നത് ശുശ്രൂഷയ്ക്കായാണ്. ഈ കാലഘട്ടത്തിൽ, പലരും സ്വർഗ്ഗം നഷ്ടപ്പെടുത്തുമ്പോൾ, നിങ്ങളുടെ ശുശ്രൂഷ നിർണ്ണായകമാണ്. ഈ ദിവസം എനിയ്ക്കായി ഒരു തീരുമാനമെടുക്കാനും മുറിവേറ്റ എന്റെ ഹൃദയത്തിലേക്ക് നിരവധി ആത്മാക്കളെ എത്തിക്കാനും നിങ്ങൾക്ക് കഴിയും. പിതാവിന്റെ ഏറ്റവും വാത്സല്യഭാജനമെ, എന്റെ അടുക്കലേക്ക് വന്നതിൽ നിങ്ങൾക്ക് ഒരിക്കലും ഖേദിക്കേണ്ടി വരില്ല. ഇത് സാധ്യമേയല്ല. ശുശ്രൂഷിച്ചതിൽ

നിങ്ങൾ അതിയായി സന്തോഷിക്കും. എന്റെ ദിവ്യ മാർഗ്ഗനിർദ്ദേശം നിങ്ങളുടെ ആത്മാവിൽ ഞാൻ മന്ത്രിക്കുമ്പോൾ എന്റെ ആത്മാവിന്റെ അഭിഷേകം ആസ്വദിക്കൂ. ആത്മാവിന്റെ സ്വർഗ്ഗീയ നിശ്വാസം സമാധാനവും ശാന്തതയും ശാന്തതയിൽ വിഹരിക്കുന്ന അഗാധമായ ജ്ഞാനവും നൽകും. നിങ്ങൾക്ക് ആവശ്യമായതെല്ലാം ലഭിക്കും. എന്റെ അരികിലേക്ക് ഇപ്പോൾത്തന്നെ വരൂ. ശുശ്രൂഷയ്ക്കായി ഞാൻ നിങ്ങളെ ഒരുക്കാം.

# ഫെബ്രുവരി 3, 2004
# പിതാവായ ദൈവം

എന്റെ വാത്സല്യമക്കളെ, എന്റെ പ്രീതിനിങ്ങളിലുണ്ട്. ഒരു ജനറൽ കൺവീനർ വലിയൊരു കൺവൻഷൻ നടത്തി ഞാൻ നിങ്ങളെ നോക്കികാണുകയും എന്റെ സ്വത്തുക്കളിൽ ഒന്നായി കണക്കാക്കുകയും ചെയ്യുന്നതുപോലെയാണ് എന്റെ പുത്രന്റെ മടങ്ങിവരവ് ഞാൻ പ്ലാൻ ചെയ്തിരിക്കുന്നത്. നിങ്ങളുടെ പിതാവിന്റെ രാജ്യത്തിന്റെ സ്വത്താണ് നിങ്ങൾ. നിങ്ങൾ എന്നെ അനുവദിക്കുമെങ്കിൽ, എന്നോടുള്ള നിങ്ങളുടെ പ്രതിബദ്ധത പരമാവധി പ്രയോജനപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ അയോഗ്യമായ അതെ എന്ന ഉത്തരം എനിക്ക് നൽകിയാൽ എനിക്കതിന് കഴിയും. നിങ്ങളുടെ പിതാവിന് നിങ്ങൾ അത് നൽകുമോ? നിങ്ങൾക്ക് നൽകിയിരിക്കുന്ന ദാനങ്ങൾ അനിവാര്യമാണെന്ന് എനിക്ക് അറിയാമെന്നതിനാൽ ദൈവരാജ്യത്തെ ശുശ്രൂഷിക്കാനാണ് ഞാൻ നിങ്ങളെ സൃഷ്ടിച്ചത്. നിങ്ങളുടെ ദാനങ്ങളിൽ ഞാൻ കൂടുതൽ ദൈവികത നിറച്ച് അതിനെ വിപുലീകരിക്കാൻ പോകുന്നു. ഞാനാണ് നിങ്ങളിലൂടെ പ്രവർത്തിക്കുകയും ആത്മാക്കളെ ശുശ്രൂഷിക്കുകയും ചെയ്യുന്നത്. ഈ രീതിയിൽ മാത്രമേ പരിശുദ്ധാത്മാവിന്റെ ഒരു സ്ഫോടനമുണ്ടാകൂ. ഇത് നിങ്ങളുടെ ലോകത്ത് ആവശ്യമാണ് താനും. ഒരു പ്രത്യേകമാം വിധത്തിൽ നിങ്ങൾ തയ്യാറാവുകയാണ്. രാജാവിന്റെ മടങ്ങിവരവിനായി എപ്പോഴും തയ്യാറാവുകയും കാത്തിരിക്കുകയും ചെയ്യുകയാണെന്ന് പറയുന്ന ചിലർ നിങ്ങളുടെ കൂട്ടത്തിലുണ്ട്. ഇത് ശരിയാണ്, തീർച്ചയായും, നൂറ്റാണ്ടുകളായി ഇത് ചെയ്യാൻ ആത്മാക്കളോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ നിങ്ങളുടെ തലമുറ മഹത്തും ഭയാനകവുമായ മാറ്റങ്ങൾ കാണുമെന്ന് ഞാൻ നിങ്ങളോട് പറയുന്നു. രാജാവിന്റെ മടങ്ങിവരവി

നായി തങ്ങളുടെ ഹൃദയങ്ങളെ ഒരുക്കണമെന്ന് വർഷങ്ങളായി ഞാൻ എന്റെ മക്കളോട് പറയുമ്പോൾ, നിങ്ങളുടെ ഹൃദയം മാത്രമല്ല, മറ്റുള്ളവരുടെ ഹൃദയവും, ലോകം തന്നെയും ഒരുക്കണമെന്ന് വീണ്ടും ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നു. ഒരു പുതിയ കാലഘട്ടത്തേക്ക് നാം പ്രവേശിക്കുകയാൽ, ഇത് തികച്ചും വ്യത്യസ്തമാണ്. ഈ കാലഘട്ടം സന്തോഷകരവും അനുസരണമുള്ളതുമായ ഒരു കാലഘട്ടമായിരിക്കും, കാരണം, ഇപ്പോഴാണ് ഞാൻ സ്രഷ്ടാവായ ദൈവമാണെന്ന് എല്ലാ മനുഷ്യരും അറിയുന്നത്. സൃഷ്ടിക്കപ്പെട്ട സൃഷ്ടിയോടുള്ള എന്റെ സ്നേഹത്തെക്കുറിച്ച് എല്ലാ മനുഷ്യരും അറിയും. ലോകത്തിലെ എന്റെ പുത്രന്റെ ഭരണത്താൽ ഞാൻ നീതീകരിക്കപ്പെടും. ലോകത്തിൽ എന്നോട് യോജിച്ച് ജീവിക്കാൻ ആഗ്രഹിക്കുന്ന എന്റെ സൃഷ്ടികൾ സുരക്ഷിതരായിരിക്കും, അവരുടെ സന്താനങ്ങൾ ഏകസത്യദൈവത്തെ ആത്മവിശ്വാസത്തോടെയും സമാധാനത്തോടെയും ആരാധിക്കും. നിങ്ങൾ ഇപ്പോൾ കരുണ അനുഭവിക്കുന്നു. എന്നാൽ ഈ സമയം എല്ലാ സമയത്തെയും പോലെ അവസാനിക്കാൻ വിധിച്ചിരിക്കുന്നു. വരാനിരിക്കുന്ന സമയത്ത് നീതിയും കണക്കുകൂട്ടലുകളും ഉൾപ്പെടും. ഭൗമികരാജ്യത്തിന്റെ മേച്ചിൽപ്പുറങ്ങളിൽ ശുശ്രൂഷിക്കുന്ന എന്റെ മക്കളെ, നിങ്ങൾ ആത്മാക്കളെ ഒരുക്കണം. നിങ്ങൾക്ക് ചെയ്തുതീർക്കാൻ ഒരു ദൗത്യമുണ്ട്. അത് ദിവ്യവും അതിന്റെ ഉത്ഭവം സ്വർഗ്ഗവുമാണ്. നിങ്ങളുടെ ദൈവവിളിയെ ഞാൻ വളരെയധികം ആശ്രയിക്കുമ്പോൾ നിങ്ങളുടെ ശുശ്രൂഷ എന്നെ നിരസിക്കല്ലേ. നിങ്ങൾ എന്റേതും, എന്റെ ഉടമസ്ഥതയിലുള്ളതെല്ലാം നിങ്ങളുടേതുമായിരിക്കും. നിങ്ങളുടെ പ്രതിഫലത്തെ ഒരിക്കലും സംശയിക്കരുത്. അനുസരണയോടെ ഇപ്പോൾ എന്നെ ശുശ്രൂഷിക്കുക, നിങ്ങളുടെ ആത്മാവിന്റെ ഒഴുക്ക് തുറക്കപ്പെടുകയും അത് നിങ്ങളുടെ ചുറ്റുമുള്ളവരെ വലയം ചെയ്യുകയും ചെയ്യും.

നിങ്ങൾ എന്റെ വാക്കുകൾ ശ്രദ്ധിക്കുകയും അത് സത്യമാണെന്ന് വിശ്വസിക്കുകയും ചെയ്യണം. ഈ വാക്കുകൾ ഞാൻ നിങ്ങളുടെ ജീവിതത്തിൽ സ്വീകരിക്കുകയും അങ്ങനെ ഞാൻ ദൈവമാണെന്ന് നിങ്ങൾ മനസ്സിലാക്കുകയും ചെയ്യും.

## ഫെബ്രുവരി 4, 2004
## പിതാവായ ദൈവം

മകനേ, എന്നിലേക്ക് കണ്ണുകളുയർത്തുക. എന്റെ ദൃഷ്ടി നിന്നിൽ പതിയട്ടെ. നിന്നോടുള്ള എന്റെ സ്നേഹം നീ അനുഭവിക്കുന്നുണ്ടോ? എന്റെ ആർദ്രത അനുഭവിക്കുന്നുണ്ടോ? ആ ആർദ്രതയിൽ അല്പ നേരം വിശ്രമിക്കുക, അതുവഴി എന്റെ ഏറ്റവും മികച്ച കൃപകളാൽ നിന്നെ നിറയ്ക്കുവാൻ എനിക്കു കഴിയും. നിനക്ക് ആവശ്യമായിട്ടുള്ളതെല്ലാം എന്റെ പക്കലുണ്ട്. നിന്റെ ദൈവവിളിയിൽ നോക്കുമ്പോൾ ഒത്തിരി കുറവുകളും പാളിച്ചകളും കാണുന്നുണ്ടാകും. എന്റെ ദരിദ്രരിൽ ദരിദ്രരായ കുഞ്ഞുങ്ങളെ ശുശ്രൂഷിക്കാൻ എനിക്ക് ഉപയോഗിക്കാവുന്ന ഒരു ശുശ്രൂഷകനെ നിന്റെ ദൈവവിളിയിൽ ഞാൻ കാണുന്നു. വിഷമസന്ധിയിലായിരിക്കുന്ന ഒരു കൂടപ്പിറപ്പിനെ രക്ഷിക്കാനുള്ള അവസരം നിഷേധിക്കുന്ന ഒരുവനോടുള്ള പിതാവിന്റെ കൃതജ്ഞത നിങ്ങൾക്ക് ഊഹിക്കാൻ കഴിയുമോ ? അതെന്റെ മകനാണെന്ന് നിങ്ങൾക്ക് വിഭാവനം ചെയ്യാൻ കഴിയുമോ? നിങ്ങൾക്കായി അത് നൽകാൻ എനിക്ക് കഴിയും. നിങ്ങൾ ഇവിടെ എത്തുമ്പോൾ ആ കൃതജ്ഞത നിങ്ങൾക്ക് ലഭിക്കും, എന്നാൽ ആദ്യം നിങ്ങൾ കുറച്ചുകാലം നിരന്തരം പരിശ്രമിക്കണം. നിങ്ങളുടെ വിളിയുടെ മൂല്യത്തെക്കുറിച്ച് നിങ്ങൾ ചിലപ്പോഴൊക്കെ ആശ്ചര്യപ്പെടാറുണ്ടോ? ഭൗമിക അർത്ഥത്തിൽ അതിനൊരു വിലയിടാൻ സാധിക്കില്ല. അതിനെ അമൂല്യമെന്ന് വിളിക്കുന്നു. അതിനർത്ഥം മൂല്യം നിർണ്ണയിക്കാൻ കഴിയാത്തതും, മഹത്തും ആയതിനാൽ ഒരു മൂല്യവും കല്പിക്കാൻ കഴിയില്ല എന്നതാണ്. നിങ്ങളുടെ ദൈവവിളിക്ക് എന്റെ രാജ്യത്തിനും നമ്മുടെ സ്വർഗ്ഗീയ കുടുംബത്തിനും ഒരു ശാശ്വതമൂല്യം ഉണ്ട്.

ജീവിതത്തെ മാറ്റിമറിക്കാനും ഒരിക്കലും പ്രകാശത്തെ അനുധാവനം ചെയ്യാത്ത ആത്മാക്കളെ നിത്യമായ പ്രകാശത്തിലേക്ക് നയിക്കാനും നിങ്ങളുടെ ദൈവവിളിയെ പ്രാപ്തമാക്കിയിരിക്കുന്നു. ഈ പ്രകാശം കാണുമ്പോൾ, ഈ സ്വർഗ്ഗീയ ലാൻഡ്സ്കേപ്പ് കാണുമ്പോൾ, നിങ്ങൾക്ക് മനസ്സിലാകും. എന്തുകൊണ്ടാണ് നിങ്ങളുടെ ദൈവവിളിക്ക് ഒരു വിലയിടാൻ കഴിയാത്തതെന്ന്. മനുഷ്യമനസ്സിന് മനസ്സിലാക്കാൻ കഴിയുന്നതിനേക്കാൾ എന്റെ ഓരോ മക്കളെയും ഞാൻ സ്നേഹിക്കുന്നു. ഈ ഉത്കൃഷ്ടമായ സ്വർഗ്ഗീയ കുടുംബത്തിൽ നിത്യത ചെലവഴിക്കുവാൻ ഓരോരുത്തരും എന്നിലേക്ക് മടങ്ങണമെന്നതാണ് എന്റെ ആഗ്രഹം. പലരും ഇരുട്ടിനെ തെരഞ്ഞെടുക്കുന്നു. പ്രിയ മകനെ, അതിനാലാണ് ഈ സന്ദേശങ്ങളും അതോടനുബന്ധിച്ചുള്ള കൃപകളും ഭൂമിയിലേക്ക് അയയ്ക്കുന്നത്. ഈ നിമിഷംവരെ നിങ്ങളുടെ ജീവിതത്തിൽ സംഭവിച്ചതെല്ലാം നിങ്ങളെ ഒരുക്കുന്നു. ഓരോ സംഭവവും ഞാൻ അനുവദിച്ചു. അതിനാൽ ഈ സമയം വരുമ്പോൾ നിങ്ങൾ തയ്യാറായിരിക്കും. നിങ്ങൾ തയ്യാറാണ്. നിങ്ങൾ ഒരുങ്ങിയിരിക്കുന്നു. ഞാൻ നിയോഗിച്ച സ്ഥലത്ത് നിങ്ങൾ ആയിരിക്കുന്നു. സ്വർഗ്ഗത്തിലേക്ക് നോക്കൂ, എന്റെ പ്രിയ മകനെ, എന്റെ സ്നേഹം നിന്റെ മേൽ പ്രവഹിക്കുന്നത് അനുഭവിക്കൂ. നിങ്ങളുടെ രക്ഷകൻ നിങ്ങളുടെ ഉള്ളിൽ വസിക്കുന്നു. ഈ നിത്യപുരോഹിതൻ നിങ്ങളുടെ പാതകളെ നയിക്കും. അത് ചെയ്യാൻ അവിടുത്തെ അനുവദിക്കുക. ഒരു ശിശുവിനെപ്പോലെ നിങ്ങളുടെ കൈകൾ എന്നിലേക്ക് വച്ചുകൊണ്ട് എന്റെ ശുശ്രൂഷാമേഖലയിലേക്ക് ഞാൻ നിങ്ങളെ നയിക്കട്ടെ. നിങ്ങൾക്കായി ഒന്നും കരുതാതെ, നിങ്ങൾ വിശ്വാസം പരിശീലിക്കണം. ഈശോയോട്. നിങ്ങളെ ഉപയോഗിക്കണമേയെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവെന്ന് ദിവസം മുഴുവൻ പറയുക. ഇപ്രകാരം അവിടുത്തോട് പറയുക.

“ഈശോയെ, ഈ ദിവസം എന്നെ എങ്ങനെ ഉപയോഗിക്കാൻ ആഗ്രഹിക്കുന്നു? ഈശോയെ, എന്നി ൽ അങ്ങേക്ക് സന്നദ്ധനായ ഒരു ദാസനുണ്ട്. അങ്ങയുടെ രാജ്യത്തിനായി പ്രവർത്തിക്കുവാൻ എന്നെ അനുവദിച്ചാലും.”

എന്റെ പ്രിയ മകനെ, നീ ഒരു വലിയ ഭാഗ്യത്തിന്റെ അവകാശിയാണ്. നിങ്ങളുടെ മൂല്യം തിരിച്ചറിയാത്ത ഒരു ലോകത്തിനായി നിങ്ങളുടെ അനന്തരാവകാശം നിരസിക്കരുത്. നിങ്ങളുടെ പിതാവിനെ എളിമയോടെ ശുശ്രൂഷിക്കുക. നിങ്ങളുടെ ദൈവവിളിയായ യഥാർത്ഥ ആനന്ദം നിങ്ങൾ അനുഭവിക്കും.

## ഫെബ്രുവരി 5, 2004
## പിതാവായ ദൈവം

എന്റെ പുത്രന്മാരെ, നിങ്ങൾ സ്വർഗ്ഗത്തിലെ യഥാർത്ഥ മനുഷ്യരും, സ്വർഗ്ഗം മുഴുവൻ നിങ്ങളുടെ പോരാട്ടം മനസ്സിലാക്കുകയും മദ്ധ്യസ്ഥശക്തികളിലൂടെ നിങ്ങളെ പിന്തുണയ്ക്കുകയും ചെയ്യുന്നു. നിങ്ങളൊരു വിഷമസന്ധിയിലാണെങ്കിൽ, നിങ്ങൾ ഈ സാഹോദര്യം പ്രയോജനപ്പെടുത്തി നിങ്ങൾക്ക് മുമ്പേ പോയവരോട് അഭ്യർത്ഥിക്കണം. എന്റെ കുടുംബം വളരെ വലുതാണ്, എന്നാൽ ഈ കുടുംബം ഭൂമിയിലെ ഏറ്റവും മികച്ച ക്രിസ്തീയ കുടുംബത്തെപ്പോലെ കഴിയുകയും അതിൽ ഞങ്ങളെല്ലാവരും പരസ്പരം സഹായിക്കുകയും ചെയ്യുന്നു. ഞങ്ങൾക്ക് സ്വർഗ്ഗത്തിൽ ദിവ്യദർശനം ഉള്ളതിനാൽ എന്നോട് ഐക്യപ്പെട്ട ആത്മാക്കൾക്ക് നിങ്ങളുടെ ദൗത്യം കാണാനാകുകയും ഒപ്പം നിങ്ങളുടെ പ്രവർത്തനങ്ങളിൽ ഏറ്റവും വിജയകരമായത് എന്തെന്ന് മനസ്സിലാക്കുവാനും സാധിക്കും. പ്രിയപ്പെട്ട എന്റെ ദാസന്മാരെ, ഈ കാരണത്താലാണ് ബുദ്ധിപരമായ ഭൗമിക ഉപദേശങ്ങളേക്കാൾ നിങ്ങളെ സഹായിക്കുന്ന ഏറ്റവും നല്ല ന്യായാധിപന്മാർ അവരായത്. സഹോദരങ്ങളെ പരസ്പരം സഹായിക്കുന്ന ഈ സംവിധാനം പ്രയോജനപ്പെടുത്തുക. ദൈവമെ, ഞങ്ങൾ അത് എങ്ങനെ ചെയ്യും? നിങ്ങൾ ചോദിക്കുന്നു. ഞാൻ നിങ്ങളോട് പറയാം. നിങ്ങളുടെ പോരാട്ടങ്ങൾ നിങ്ങൾക്ക് മുമ്പുള്ള മറ്റുള്ളവർ പരാജയപ്പെടുത്തിയിട്ടുണ്ടെന്ന് നിങ്ങൾ ആദ്യം മനസ്സിലാക്കണം. ആ അർത്ഥത്തിൽ ഇതിന് പുതുമയില്ല. യഥാർത്ഥ ദാസന്മാർ തങ്ങളുടെ കടമകൾ പൂർത്തീകരിക്കുന്നത് കാണാൻ ഇഷ്ടപ്പെടാത്ത അന്ധകാര ശക്തികളുമായി പ്രകാശത്തിന്റെ പുത്രീപുത്രന്മാർക്ക് എല്ലായ്പ്പോഴും പോരാടേണ്ടി വന്നു. ഇത് ഒരു പുതിയ കാര്യമല്ല.

ഈശോയുടെ മടങ്ങിവരവിനായുള്ള പ്രക്രിയ ആരംഭിച്ച ഒരു ശ്രദ്ധേയമായ സമയത്താണ് നിങ്ങൾ ജീവിക്കുന്നത്. ആ പുതിയ കാലഘട്ടത്തെ സഹായിക്കാൻ നിങ്ങളെ ക്ഷണിക്കുന്നു. ഇത് വ്യത്യസ്തമാണെങ്കിലും നിങ്ങൾക്കുമുമ്പേ കടന്നുപോയ നിങ്ങളുടെ സഹോദരീസഹോദരന്മാർ കാഴ്ചവച്ച അതേ കടമകളാണ് നിങ്ങളും നിർവ്വഹിക്കേണ്ടത്. അതിനാൽ സ്വർഗ്ഗത്തിൽ നിന്ന് പരിപൂർണ്ണമായ ബോദ്ധ്യം നിങ്ങൾക്ക് ലഭിക്കുന്നു. വിജയപഥത്തിലെത്തിയ ഈ ആത്മാക്കളുടെ പോരാട്ടങ്ങളെക്കുറിച്ച് നിങ്ങൾ അറിയണം. അവരുടെ ജീവിതം പഠിക്കുകയും പ്രലോഭനങ്ങളെയും തിന്മയെയും അവർ എങ്ങനെ നേരിട്ടെന്ന് അറിയുകയും ചെയ്യുവിൻ. അവരിൽ നിന്ന് നിങ്ങൾ പഠിക്കുന്നതിലധികവും വളരെ ലളിതവും. ഈ ആത്മാക്കൾ എല്ലാ ദിവസവും ഉണരുകയും തങ്ങളുടെ വിളിക്കനുസരിച്ച് അവർ കടമകൾ നിർവ്വഹിക്കുകയും ചെയ്തു എന്നതാണ്. ഇതുതന്നെയാണ് നിങ്ങളും ചെയ്യേണ്ടത്. എന്നാൽ, നിങ്ങളുടെ പോരാട്ടങ്ങൾ അവിടുന്ന് കാണുന്നെന്നും ഭയമോ അനശ്ചിതത്വമോ ഉണ്ടായപ്പോൾ ദൈവത്തിന്റെ സുസ്ഥിരമായ കൈകൾ തങ്ങളെ താങ്ങിയിട്ടുണ്ടെന്നും അറിയുമ്പോൾ ഇപ്പോഴും പ്രവാസത്തിലായിരിക്കുന്നവർക്ക് വളരെ ആശ്വാസപ്രദമാണ്. ഞാൻ നിങ്ങളോട് കൂടെയുണ്ട്. എല്ലാത്തരം സ്വർഗ്ഗീയ സഹായങ്ങളും ഞാൻ അയക്കുന്നു. നിങ്ങളുടെ ദൈവവിളി നിങ്ങളുടെ സ്വന്തം ശക്തിയാൽ നിലനിൽക്കുമെന്ന് ഒരിക്കലും കരുതരുത്. ഞാനാണ് നിങ്ങളുടെ ആത്മാവിന് ആവശ്യമായ ഇന്ധനം നിറയ്ക്കുന്നതെന്നും ഞാനാണ് മറ്റുള്ളവരെ സ്പർശിക്കുന്നതെന്നും നിങ്ങൾ മനസ്സിലാക്കുന്നില്ലെങ്കിൽ നിങ്ങളുടെ ദൈവവിളി ഒരിക്കലും അഭിവൃദ്ധിപ്പെടില്ല. മറ്റുള്ളവരെ ശുശ്രൂഷിക്കാൻ ഞാനുപയോഗിക്കുന്ന ഉപകരണമാണ് നിങ്ങളെങ്കിലും അതിനാവശ്യമായ കൃപകൾ എന്നിലൂടെ സ്വർഗ്ഗത്തിൽ നിന്നാണ് ഉത്ഭ

വിക്കുന്നത്. അനുസരണക്കേടിന്റെ ഈ യുഗം മനുഷ്യന്റെ അഹങ്കാരത്തെ വലിയ തോതിൽ പോഷിപ്പിക്കുന്നതിനാൽ അനേകർ കഷ്ടതയനുഭവിക്കുന്നു. നിങ്ങളുടെ ആത്മാവിനെ പരിശോധിച്ച് ഇത് പിഴുതെറിയുക. പ്രിയ മകനെ, എളിമ നിങ്ങളുടെ ആത്മാവിനെ തുറക്കും. എന്നെ പരിത്യജിച്ച ആത്മാക്കളെപ്പോലെ നിങ്ങളും എന്നെ നിരസിച്ചാൽ നിങ്ങളുടെ ചിന്തകൾ തീർത്തും ഭൗമികമായിരിക്കും എന്നതിന്റെ അന്തർലീനമായിരിക്കും എളിമ. നിങ്ങൾ ഇത് പ്രതീക്ഷിക്കുന്നുവോ? നിങ്ങളെ നിലനിർത്താനും നയിക്കുവാനും എന്നെക്കൂടാതെയുള്ള ഒരു ജീവിതത്തിലൂടെ നിങ്ങൾക്ക് പ്രതിബദ്ധരാകാൻ സാധിക്കുമോ? അല്ല എന്നുള്ളതാണ് ഉത്തരമെങ്കിൽ, തീർച്ചയായും അങ്ങനെയായിരിക്കണം, എങ്കിൽ നിങ്ങൾ എന്റെയടുത്തു വരികയും ഞാനാണ് ദൈവമെന്നും നിങ്ങൾ എന്റെ ദാസന്മാരാണെന്നും അറിയണം.

## ഫെബ്രുവരി 6, 2004
## പിതാവായ ദൈവം

സ്വർഗ്ഗത്തിന്റെ പുത്രന്മാരെ, എന്റെ സ്വരം ശ്രവിക്കുവിൻ. നിങ്ങൾ കാതുകൊണ്ട് കേൾക്കുന്നു, എന്നാൽ ഇപ്പോൾ നിങ്ങളുടെ ഹൃദയം കൊണ്ട് ശ്രവിക്കണം. മനുഷ്യരാശിയെക്കുറിച്ച് ശ്രേഷ്ഠമായതെല്ലാം എന്റെ പുത്രനുമായുള്ള ഐക്യത്തിലൂടെ നിങ്ങൾക്ക് സാധ്യമാണ്. നിത്യപുരോഹിതനുമായുള്ള ഐക്യത്തിലൂടെ എല്ലാം നിങ്ങൾക്ക് ലളിതമാകും. ഈ ഐക്യത്തിലൂടെ നിങ്ങൾ ഭൂമിയിലുള്ള ഒരു ദൈവദാസന്റെ ഏറ്റവും ഉയർന്ന പതിപ്പായി മാറും. നിങ്ങൾക്കിത് അനിവാര്യവും, അതിനായി പ്രയത്നിക്കുകയും ചെയ്യണം. എന്നാൽ ഭൗമിക കാഴ്ചപ്പാടിൽ നിങ്ങൾക്കിത് ഗ്രഹിക്കാൻ കഴിയില്ല. ലോകത്തെക്കുറിച്ചുള്ള നിങ്ങളുടെ ഗ്രാഹ്യം ഉപേക്ഷിച്ചാൽ മാത്രമേ വിശുദ്ധി കൈവശപ്പെടുത്തുന്നത് എങ്ങനെയെന്ന് നിങ്ങൾക്ക് ഗ്രഹിക്കാൻ കഴിയൂ. ലോകവുമായുള്ള നിങ്ങളുടെ പ്രതിപത്തി എനിക്ക് സമർപ്പിക്കുക. സ്നേഹത്തിൽ എനിയ്ക്കെതിരെ പിടിക്കപ്പെടാൻ വിധിച്ചിരിക്കുന്ന പ്രിയ മകനെ അവയെല്ലാം എന്റെ കാൽക്കീഴിൽ വയ്ക്കുക. ഇത്തരം പ്രതിപത്തികളെല്ലാം എന്റെ കാൽക്കീഴിൽ വയ്ക്കുക വഴി, അവയുമായുള്ള പിടി ഞാൻ നിങ്ങളിൽ നിന്നും ഇല്ലാതാക്കും. ആദ്യമൊക്കെ ഇത് ദുഷ്കരമാണെങ്കിലും താമസിയാതെ ഇതൊരു ശീലമാവുകയും ഈ കെണിയിൽ നിന്നും നിങ്ങൾ വിടുതൽ പ്രാപിക്കുകയും ചെയ്യും. ഓരോ പ്രഭാതത്തിലും ഈ പ്രതിപത്തികൾ എന്റെ കാൽക്കൽ സമർപ്പിക്കണെമെന്ന് തോന്നുമ്പോൾ ഒരിക്കലും അതേക്കുറിച്ച് നിരാശപ്പെടരുത്. അത് അങ്ങനെതന്നെ ആകട്ടെ. നിങ്ങളെ സഹായിക്കുന്നതിൽ എനിക്ക് മടുപ്പ് തോന്നുന്നുണ്ടോ ? തീർച്ചയായും ഇല്ല. ഞാൻ നിങ്ങളെ സൃഷ്ടിക്കുകയും നിങ്ങളുടെ ദൈവവിളിയെന്ന മഹാദാനം

സ്വീകരിച്ചുകൊണ്ട് നിങ്ങൾ എന്റെമേലുള്ള ആധിപത്യത്തോട് പ്രതികരിക്കുകയും ചെയ്തു. നിങ്ങൾ ഏറ്റെടുത്ത ഈ ദൗത്യത്തിന്റെ പ്രതിഫലം സ്വീകരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. എല്ലാ ആത്മീയ രീതിയിലും ഞങ്ങൾ നിങ്ങളെ ശക്തിപ്പെടുത്തും. വീണ്ടും, ഈ ശുശ്രൂഷയിൽ ശക്തരാകാനുള്ള വഴിയെന്നത് നിങ്ങൾ ദുർബ്ബലരാവുകയും എന്റെയും എന്റെ രാജ്യത്തിലെ എല്ലാവരുടെയും കരുത്ത് നിങ്ങളിലൂടെ ഒഴുകുകയും ചെയ്യുക എന്നതാണ്. നിങ്ങളുടെ കുറവുകൾ ഞാൻ പ്രതീക്ഷിക്കുകയും അവയെല്ലാം ക്ഷമിക്കുകയും ചെയ്യുന്നു. അതുപോലെ നിങ്ങളുടെ വിജയങ്ങൾ ഞാൻ കാണുകയും അവ ആഘോഷിക്കുകയും ചെയ്യുന്നു. നിങ്ങളുടെ പ്രതിഫലം ഞാൻ ഒരുക്കുന്നു. ശുശ്രൂഷിക്കുക, എന്റെ മകനെ, ശുശ്രൂഷിക്കുക.

# ഭാഗം മൂന്ന്

# ഈശോ പാപികളോട് സംസാരിക്കുന്നു

## ഫെബ്രുവരി 16, 2004
## ഈശോ

ഞാൻ നിങ്ങളെ വിളിക്കുന്നതിനാൽ എന്റെ ശബ്ദം ശ്രവിക്കുക. പ്രിയപ്പെട്ട ആത്മാവെ, ഈ ലോകത്തിന്റെ അന്ധകാരത്തിൽ കുടുങ്ങിയ, നിങ്ങൾക്കുവേണ്ടിയാണ് ഞാൻ വിലപിക്കുന്നത്. ഞാൻ നിങ്ങളുടെ രക്ഷകനാണ്. എന്റെ ശബ്ദം കേൾക്കാനുള്ള സമയം സമാഗതമായതിനാൽ ഞാൻ ഇപ്പോൾ ഉച്ചത്തിൽ നിങ്ങളെ വിളിക്കുന്നു. ഇനി നിങ്ങൾ എന്നിൽ നിന്നും അകന്നുപോകരുത്. സ്വർഗ്ഗരാജ്യത്തിന്റെ പ്രിയപ്പെട്ട ആത്മാവെ, നിങ്ങൾ നിങ്ങളുടെ കുടുംബത്തോടൊപ്പമാണ്. നിങ്ങൾ ചോദിക്കുന്നു. ആരാണ് നിങ്ങളുടെ കുടുംബം. ഞങ്ങളാണ് നിങ്ങളുടെ കുടുംബം. നിങ്ങളെ സ്നേഹിക്കുന്ന ധാരാളം ആത്മാക്കൾ ഭൂമിയിലുണ്ട്, എന്നാൽ നിങ്ങൾ ക്രിസ്തീയതയിലേക്ക് മടങ്ങിവരണം. ക്രിസ്തീയത എന്നത് ക്രിസ്തുവിനെ അനുഗമിക്കലാണ്. ആരാണ് ഈ ക്രിസ്തു? ഞാനാണ് ക്രിസ്തു. നിങ്ങൾക്കുവേണ്ടി കുരിശിൽ മരിച്ച യേശുവാണ് ഞാൻ. എന്റെ ത്യാഗം നിങ്ങൾക്ക് സ്വർഗ്ഗം ആസ്വദിക്കുവാൻ അവസരമൊരുക്കി. എന്നെക്കുറിച്ച് ഞാൻ നിങ്ങളോട് പറയട്ടെ. അതിനാൽ ആരാണ് നിങ്ങളെ സ്നേഹിക്കുന്നതെന്നും, ആരെയാണ് പിന്തുടരാൻ നിങ്ങളെ വിളിക്കുന്നതെന്നും നിങ്ങൾ മനസ്സിലാക്കും. നിങ്ങൾ ചെയ്യുന്നതുപോലെ ഞാനും നിങ്ങളുടെ ഭൂമിയിൽ നടന്നു. മനുഷ്യരാശിയുടെ പതനം നിങ്ങൾ കാണുന്നതുപോലെ ഞാനും കണ്ടു. അനീതി കാണുന്നതിൽ ഞാൻ ദുഃഖിച്ചു, ന്യായമല്ലാത്തതു കാണുമ്പോൾ നിങ്ങൾ ദുഃഖിക്കുന്നതുപോലെ എനിക്ക് വെറുപ്പ് തോന്നിയോ? ഇല്ല. എന്തുകൊണ്ടാണിത്? കാരണം ഞാൻ ദൈവമായതുകൊണ്ടാണോ? അല്ല. ഭൂമിയിൽ ഞാൻ ദൈവമായിരുന്നു,

എന്നാൽ ഞാൻ മനുഷ്യന്റെ ശരീരത്തിൽ കുടുങ്ങിപ്പോകുകയും ശരീരത്തിന്റെ പരിമിതികളാൽ നിയന്ത്രിതനുമായിരുന്നു. നിങ്ങൾക്ക് എന്നെ അനുഗമിക്കാനുള്ള സമയമാകുമ്പോൾ ഞാൻ ദൈവമായതിനാൽ എനിക്കിത് എളുപ്പമാണെന്ന് നിങ്ങൾ പറയാതിരിക്കുവാനാണ് ഞാൻ ഇങ്ങനെ ചെയ്തത്. എന്റെ ദൈവത്വം, കഴിഞ്ഞ മൂന്നുവർഷങ്ങൾ ഒഴികെ, അതും സുഖപ്പെടുത്താനും മുറിവുണക്കാനും സ്വർഗ്ഗരാജ്യത്തിലെ രാജാവാണ് ഞാനെന്ന വാദം ബലപ്പെടുത്താനും, പിതാവിന്റെ സന്നിധിയിലേക്ക് എല്ലാവരേയും ആനയിക്കുവാനുമാണ് ഞാൻ വന്നിരിക്കുന്നതെന്ന് സ്ഥാപിക്കുവാനും, അല്ലാതെ, മറ്റൊന്നിനും ഉപയോഗിച്ചിരുന്നില്ല. എന്റെ ദൈവത്വത്തിന്റെ തെളിവ് പരിഗണിക്കാതെ എന്നെ നിരസിച്ചവർക്ക് ഞാൻ അത്ഭുതങ്ങൾ പാഴാക്കിയില്ല. എന്നെ നിരസിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ? നീ എന്റേതാണ്, പ്രിയപ്പെട്ട ആത്മാവെ. സ്നേഹത്തിലേക്കും ആനന്ദത്തിലേക്കും ഞാൻ നിങ്ങളെ പരിചയപ്പെടുത്തേണ്ടതിനായി എന്നിലേക്ക് മടങ്ങിവരിക. ഭൂമിയിൽ ആയിരുന്നപ്പോൾ ഞാൻ പരുഷമാകാഞ്ഞത് എന്തുകൊണ്ടാണെന്ന് പറയാം. കാരണം അനേകർ എന്നെ അനുഗമിക്കുമെന്ന് ഞാൻ അറിഞ്ഞിരുന്നു. ഒരിക്കൽ നിങ്ങളും എന്നെ അനുഗമിക്കുമെന്ന് എനിക്കറിയാമെന്നതിനാൽ എനിക്ക് ഒട്ടും പാരുഷ്യം തോന്നിയില്ല. അത്രമാത്രം പ്രധാനപ്പെട്ട ഒരുവനാണ് എനിക്ക് നിങ്ങളെന്ന് കരുതുന്നുണ്ടോ? ഞാൻ നിങ്ങൾക്ക് ഉറപ്പ് നൽകുന്നു. അത് സത്യമാണ്. ഈ നിമിഷം ഞാനും നീയും മാത്രമേയുള്ളു. ഞാൻ ഇപ്പോൾ നിന്നെ നോക്കുന്നു. ഹൃദയം തണുത്തുറഞ്ഞിരിക്കുന്ന പാവം കുഞ്ഞേ, എന്നെ നീ തിരിച്ചുനോക്കുമോ? എന്റെ സ്നേഹം നിന്നിലേക്ക് ഒഴുകുന്നു. പ്രിയപ്പെട്ട ആത്മാവെ, നിന്റെ ഹൃദയം തുറക്കൂ. നിന്റെ അടുക്കലേക്ക് വരാൻ എന്നോട് ആവശ്യപ്പെടൂ. ഞാൻ ഇവിടെത്തന്നെ ഉണ്ട്.

നിന്നെ സ്നേഹിക്കാൻ ഞാൻ കാത്തിരിക്കുകയാണ്. ഇനി ഒരിക്കലും എന്നെ നിർവീര്യനാക്കരുതേ. എനിക്ക് എല്ലാം സാധ്യമാണ്. നീ അനുവദിക്കുമെങ്കിൽ, ഒരു നിമിഷം കൊണ്ട് എനിക്ക് നിന്നെ സുഖപ്പെടുത്താനും നിന്റെ മുറിവുണക്കാനും സാധിക്കും. എന്റെ പ്രിയപ്പെട്ട കുഞ്ഞേ, എന്നോട് ഇത് ആവശ്യപ്പെടൂ. നീ എന്റെ കുടുംബത്തിന്റെ ഭാഗവും നിന്നെ തിരികെ കൊണ്ടുവരുവാൻ എന്റെ കുടുംബം വേദനിക്കുകയും ചെയ്യുന്നു. നിന്നെ പേരുചൊല്ലി ഞാൻ വിളിക്കുന്നു. കണ്ണുകളടച്ച് എന്റെ ശബ്ദം ശ്രവിക്കൂ. ഈശോയെ, എന്നെ സ്നേഹിക്കൂ എന്ന് ശാന്തമായി എന്നോട് പറയൂ. മറ്റെല്ലാം ഞാൻ പരിപാലിക്കും. ഇപ്പോൾ നീ എന്റെ സാന്നിദ്ധ്യം അനുഭവിക്കുകയും നിന്റെ ഹൃദയത്തെ ഞാൻ രൂപാന്തരപ്പെടുത്തുന്നതുവഴി എന്റെ സ്നേഹത്തിൽ വിശ്രമിക്കാൻ നിനക്ക് കഴിയും. ഭയപ്പെടേണ്ട, എന്റെ സ്നേഹത്തിൽ വിശ്രമിക്കാൻ നിനക്ക് കഴിയും. ഭയപ്പെടേണ്ട, എന്റെ കുഞ്ഞേ, ദൈവം ഉള്ളപ്പോൾ എല്ലാം നന്നായിരിക്കുന്നു, സത്യമായും ഞാൻ നിങ്ങളോടൊപ്പമുണ്ട്.

## ഫെബ്രുവരി 17, 2004
## ഈശോ

എന്റെ മക്കളെ, ഞാൻ നിങ്ങളെ സൃഷ്ടിച്ചതുകൊണ്ടാണ് നിങ്ങളെ ഞാൻ മക്കളെ എന്ന് വിളിക്കുന്നത്. ഞാൻ നിങ്ങളുടെ ദൈവമാണ്. ഞാൻ മാത്രമാണ് ദൈവം. നിങ്ങൾ എന്നിൽ നിന്ന് വേർപെടുമ്പോൾ നിങ്ങൾക്ക് ഒരിക്കലും സമാധാനം യഥാർത്ഥ സമാധാനം ഉണ്ടാവില്ലെന്ന് പറയുമ്പോൾ എന്നെ വിശ്വസിക്കൂ. നിങ്ങളുടെ നിത്യജീവൻ പരിഗണിക്കണം. പ്രിയപ്പെട്ട കുഞ്ഞ് ആത്മാവെ, നിങ്ങളുടെ നിത്യജീവിതം രണ്ട് സ്ഥലങ്ങളുള്ളതിൽ ഒന്നിൽ നിങ്ങൾ ചെലവഴിക്കും. ഇതേക്കുറിച്ച് നിങ്ങൾ ഗൗരവപൂർവ്വം ചിന്തിക്കുകയും നിങ്ങൾ എവിടെ താമസിക്കാൻ ആഗ്രഹിക്കുന്നുവെന്ന് നിർണ്ണയിക്കുകയും ചെയ്യണം. നിങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നില്ലെന്നും, അല്ലെങ്കിൽ ദൈവം എന്നെന്നെയ്ക്കുമായി നരകത്തിലേക്ക് അയയ്ക്കുമെന്ന് വിശ്വസിക്കുന്നില്ലെന്നും നിങ്ങൾ പറയുന്നു. ഞാൻ ഇന്ന് നിങ്ങളോട് പറയുന്നു. ഞാനല്ല അത് ചെയ്യുന്നത്, നരകത്തിലേക്ക് തള്ളിയിടുന്നത് അവിടെയുള്ള ആളാണ്. ആത്മാവ് തന്നെയാണ് നരകം തെരഞ്ഞെടുക്കുന്നത്. എന്തുകൊണ്ടാണ് ആത്മാവ് നരകം തെരഞ്ഞെടുക്കുന്നതെന്ന് അറിയാമോ? കാരണം, സമാനചിന്താഗതിക്കാരായ ആത്മാക്കൾ അവിടെയുണ്ട്. അന്ധകാരവുമായി സ്വയം യോജിക്കുന്ന ഒരു ആത്മാവ് സ്വർഗ്ഗത്തെ രെരഞ്ഞെടുക്കുന്നില്ല, കാരണം ആ ആത്മാവിന് സ്വർഗ്ഗം സുഖപ്രദമായിരിക്കില്ല. ദൈവത്തോട് ദേഷ്യപ്പെടാൻ നിങ്ങൾക്ക് കഴിയുമെങ്കിലും ദൈവം തെറ്റുകാരനല്ല. നിങ്ങളുടെ ഈ ഭൂമിയിലെ എല്ലാ തെറ്റുകൾക്കും നിങ്ങൾക്ക് ദൈവത്തെ കുറ്റപ്പെടുത്താം, ഒരു പക്ഷേ ഇത് ഭൂമിയിൽ ശരിയായി നിങ്ങൾക്ക് വർത്തിച്ചേക്കാം. എന്നാൽ നിങ്ങളുടെ മരണസമയത്ത്

ഇത് നിങ്ങൾക്ക് അനുകൂലമായി വർത്തിക്കുന്നത് അവസാനിക്കുമെന്ന് ഞാൻ ഉറപ്പുനൽകുന്നു. സത്യം ഒഴിവാക്കാനാവാത്തതിനാൽ ആ സമയത്ത് നിങ്ങളെ മാത്രമേ കുറ്റപ്പെടുത്താൻ കഴിയൂ. നിങ്ങൾ ഏകസത്യ ദൈവത്തെ അഭിമുഖീകരിക്കുകയും അവിടുത്തോട് ദൈവം ഇല്ലെന്ന് പറയാൻ ശ്രമിക്കുകയും ചെയ്യും. ഇത് എങ്ങനെ ശരിയാകുമെന്നാണ് നിങ്ങൾ കരുതുന്നത്? പ്രിയപ്പെട്ടവരെ, ഇത് ശരിയാവുകയില്ല, അതിനാലാണ് ഇപ്പോൾ ഞാൻ നിങ്ങളോട് സംസാരിക്കുന്നത്. നാശത്തിലേക്ക് നയിക്കുന്ന ഈ പാതയിൽ നിന്ന് നിങ്ങൾ വ്യതിചലിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ നിങ്ങൾ എനിക്കെതിരെ തിരിഞ്ഞിരിക്കുകയും അത് നിർത്തുവാൻ ഞാൻ നിങ്ങളോട് ആവശ്യപ്പെടുകയും ചെയ്യുന്നു. ഞാൻ നിങ്ങളെ സ്നേഹിക്കുന്നു. നിങ്ങളെ സ്നേഹിക്കുന്ന ധാരാളം ക്രിസ്ത്യാനികൾ ലോകത്തുണ്ട്. അവരിലൂടെ എന്റെ സ്നേഹം നിങ്ങളിലേക്ക് ഒഴുകും. എന്റെ രാജ്യത്തിനായി നിങ്ങളെ എനിക്കാവശ്യമുണ്ട്. നിങ്ങൾ എന്നെ ശുശ്രൂഷിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾ ഏറ്റവും മികച്ച നന്മക്ക് പ്രാപ്തരാണ്. എനിക്കായി അനേകം ആത്മാക്കളെ സ്വർഗ്ഗത്തിൽ എത്തിയ്ക്കാൻ നിങ്ങൾ പ്രാപ്തരാണ്. എന്റെ ചില നല്ല സുഹൃത്തുക്കൾ നിങ്ങളേക്കാൾ മോശമായ പാപികളായിരുന്നു. ദയവായി എന്നിലേക്ക് മടങ്ങുക. ഞാൻ നിങ്ങളെ സ്നേഹിക്കുകയും എനിക്ക് നിങ്ങളുടെ മുറിവ് ഉണക്കാനും സുഖപ്പെടുത്താനും കഴിയും. എന്റെ ക്ഷമ നിങ്ങളുടേതാണ് അത് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ. സ്വയം ക്ഷമിക്കുവാൻ നിങ്ങളെ പ്രേരിപ്പിക്കുന്നതാണ് കൂടുതൽ ബുദ്ധിമുട്ട്, പക്ഷേ ഞാൻ ദൈവമാണ്, അതിനുവേണ്ടി ചെറിയ ഒരു അത്ഭുതം ഞാൻ ചെയ്യുകയേ വേണ്ടൂ. നിങ്ങൾക്കായി ഞാനതു ചെയ്യും. ഭൂമിയിലൂടെ സ്നേഹത്തോടെ, നടക്കുവാൻ, ഞാൻ നിങ്ങളെ മറ്റൊരു യേശുവാക്കി മാറ്റും. അത്

നിങ്ങൾക്ക് വേണമോ? നിങ്ങൾക്ക് ഇത് ചിത്രീകരിക്കാൻ കഴിയുമോ? ഇപ്പോൾ തന്നെ അത് ചെയ്യുക, ഇനി കാത്തിരിക്കരുത്. ഞാൻ നിങ്ങളെ കൃപകൾകൊണ്ട് അഭിഷേകം ചെയ്യും. നിങ്ങളുടെ അമൂല്യമായ മുഖകമലം സ്വർഗ്ഗത്തിലേക്ക് ഉയർത്തി, എന്റെ സ്നേഹം അനുഭവിക്കുവിൻ. പാപത്തിൽ നിന്ന് പിന്തിരിയുകയും എന്നെ അനുഗമിക്കുകയും ചെയ്യുവിൻ എന്ന് ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

# ഫെബ്രുവരി 18, 2004
# ഈശോ

പ്രിയ ആത്മാക്കളേ, ഞാൻ നിങ്ങളെ അന്ധകാരത്തിൽ നിന്ന് മോചിപ്പിക്കാൻ വന്നിരിക്കുന്നു. ഒരു ആത്മാവ് വളരെക്കാലം അന്ധകാരത്തിൽ കഴിയുമ്പോൾ, പ്രകാശത്തിന്റെ അഭാവത്തെ ആ ആത്മാവ് പരിചിതനാകുന്നു. പിന്നീട് ഈ ആത്മാവ് ദൈനംദിന അടിസ്ഥാനത്തിൽ അവർ ദൈവത്തിൽ വസിക്കുന്നുവെന്ന് മനസ്സിലാക്കുന്നതിൽ പരാജയപ്പെടുന്നു. അഹങ്കാരത്തോടെ ഒരു ആത്മാവ് ഇങ്ങനെ പറഞ്ഞേക്കാം, നിങ്ങളുടെ ദൈവത്തെക്കൂടാതെ ഞാൻ സന്തുഷ്ടനാണ്, അവിടുത്തെ അറിയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഞാൻ ദൈവമായതിനാൽ എല്ലാം അറിയുന്നു. നിങ്ങൾ ദുരിതത്തിലാണെന്ന് എനിക്കറിയാം. നിങ്ങളുടെ അഹങ്കാരത്തെ പിന്തുണയ്ക്കാൻ നിങ്ങൾ എതിർപ്പ് പ്രകടിപ്പിച്ചിട്ടും നിങ്ങളുടെ ആത്മാവ് വിദ്വേഷത്തിൽ മുഴുകിയിട്ടുണ്ടെന്ന് എനിക്കറിയാം. പ്രിയപ്പെട്ട ആത്മാവെ, നിങ്ങൾ എന്നെ നോക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. തെളിവ് ആവശ്യപ്പെട്ട് നിങ്ങൾ എന്നെ വ്രണപ്പെടുത്തുന്നില്ല. നിങ്ങളേക്കാൾ കൂടുതൽ പോരാളികളായ ആത്മാക്കളുമായി ഞാൻ ഇടപെട്ടിട്ടുണ്ട്. നിങ്ങളോട് ഹൃദയത്തിൽ സംസാരിക്കുവാൻ എന്നോട് ആവശ്യപ്പെടുക. ഞാൻ അങ്ങനെ ചെയ്യാം. ഞാൻ ഉണ്ടെന്ന് നിങ്ങൾക്ക് അറിയണമോ? ഞാൻ ഉണ്ടെന്ന് ഞാൻ നിങ്ങളെ ബോധ്യപ്പെടുത്തുമ്പോൾ നിങ്ങളെന്നെ അനുഗമിക്കുമോ? എന്നോട് ആ പ്രതിബദ്ധതയുണ്ടാക്കാൻ ഞാൻ നിങ്ങളെ വെല്ലുവിളിക്കുന്നു. ഞാൻ നിങ്ങളുടെ ആത്മാവിൽ സംസാരിക്കുകയും എന്റെ ശബ്ദം നിങ്ങൾ കേൾക്കുകയും ചെയ്യുകയാണെങ്കിൽ, അന്ധകാരത്തെ പരിത്യജിച്ച് എന്റെ ജനത്തിന്റെ അടുക്കലേക്ക് മടങ്ങുമോ? നിങ്ങളുടെ ധൈര്യം ചോർന്നു

പോകുന്നത് നിങ്ങൾ കാണുന്നില്ലേ, പ്രിയപ്പെട്ട ആത്മാവെ, നിങ്ങൾ ക്രിസ്തുവിന്റെ ദാസനാകാൻ പോകുകയാണെങ്കിൽ ഇതിനേക്കാൾ ധൈര്യശാലിയാകാൻ നിങ്ങൾക്ക് സാധിക്കും. ഞാൻ ഇവിടെയുണ്ട്. ഞാൻ നിങ്ങളുടെ ഓരോ ചുവടുവയ്പും നിരീക്ഷിക്കുകയും നിങ്ങളുടെ ഓരോ വാക്കും ശ്രദ്ധിക്കുകയും ചെയ്യുന്നു. എനിക്ക് നിങ്ങളെ തിരികെ ലഭിക്കണം. നിങ്ങളെ എന്റെ ഹൃദയത്തോട് ചേർത്തുവയ്ക്കാനും നിത്യതയോളം അവിടെ നിലനിർത്താനും ഞാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ ആനന്ദകരമായ പുഞ്ചിരി വീണ്ടും കാണാൻ ഞാൻ ആഗ്രഹിക്കുകയും, നിങ്ങളെ സ്നേഹിച്ചവർ നിങ്ങളോട് വരുത്തിയ എല്ലാ മുറിവുകളും ഉണക്കുവാൻ ഞാൻ ആഗ്രഹിക്കുകയും ചെയ്യുന്നു.. എനിക്ക് അത് ചെയ്യാൻ കഴിയും. നിങ്ങൾ ഉത്തരങ്ങൾക്കായി കാത്തിരിക്കുന്നു. നിങ്ങൾ സമാശ്വാസങ്ങൾ പ്രതീക്ഷിക്കുന്നു. ഒരു ദിവസം എത്ര തവണ നിങ്ങൾ എന്നെ മറികടക്കുന്നു എന്ന് നിങ്ങൾ മനസ്സിലാക്കുന്നുണ്ടോ? എല്ലാ സാഹചര്യങ്ങളിലും ഞാൻ നിങ്ങളെ എങ്ങനെ നിരീക്ഷിക്കുകയും നിങ്ങളുടെ വേദന കാണുകയും ചെയ്യുന്നുവെന്ന് നിങ്ങൾക്ക് അറിയാമോ? പ്രിയപ്പെട്ട ദൈവപൈതലേ, നിങ്ങൾ എന്നെ പരിഹസിക്കുന്നു. ഞാൻ നിങ്ങളെ ശ്രവിക്കുന്നു. നിങ്ങൾ എന്നെ പ്രകോപിച്ചിട്ടും ഞാൻ ഒരിക്കലും നിങ്ങളെ ഉപേക്ഷിക്കുകയോ നിങ്ങൾ എന്നെ നോക്കില്ലെന്ന് പ്രത്യാശിക്കുകയോ ചെയ്യില്ല. നിങ്ങൾ ഇപ്പോൾ തന്നെ കണ്ണുകൾ അടച്ച് എന്നെ അന്വേഷിച്ചാൽ ഞാൻ നിങ്ങളുടെ അടുക്കൽ വരും.

# ഫെബ്രുവരി 19, 2004
# ഈശോ

എന്റെ ആത്മാക്കളേ, ഞാൻ നിങ്ങളെ എന്റെ ആത്മാക്കൾ എന്ന് വിളിച്ചത് ഞാൻ തന്നെയാണ് നിങ്ങളെ സൃഷ്ടിച്ചതിനാലാണ്. നിങ്ങൾ ഇത് എതിർക്കുകയും ഒരു കൂട്ടം ജീവശാസ്ത്രപരമായ സംഭവങ്ങളിലൂടെയാണ് നിങ്ങൾ സൃഷ്ടിക്കപ്പെട്ടതെന്നും പറയാൻ ആഗ്രഹിക്കുന്നുവല്ലോ. എന്നെ അകലങ്ങളിൽ മാറ്റി നിർത്താൻ നിങ്ങൾ ആഗ്രഹിക്കുന്നുവല്ലോ. പ്രിയപ്പെട്ട ആത്മാക്കളെ, ഞാൻ തന്നെയാണ് നിങ്ങളുടെ ജന്മം എന്ന ദൈവിക സംഭവങ്ങളെ ചിട്ടപ്പെടുത്തിയത്. ഞാനത് ചിട്ടപ്പെടുത്തിയെങ്കിലും എനിക്കത് റദ്ദാക്കാമായിരുന്നു. എനിക്ക് എളുപ്പത്തിൽ പറയാൻ കഴിയുമായിരുന്നു, ഇല്ല എന്നെ ശുശ്രൂഷിക്കാൻ ഞാൻ ആഗ്രഹിക്കുന്നതുപോലെ ഈ ആത്മാവ് ശുശ്രൂഷിക്കില്ല. അതിനാൽ അവന്റെ ജന്മം ഞാൻ റദ്ദാക്കുന്നു. എന്തുകൊണ്ടാണ് ഞാൻ അതു ചെയ്യാഞ്ഞത്? എനിക്കെതിരെ മത്സരിക്കാൻ വിധിക്കപ്പെട്ട ഒരു ആത്മാവിന്റെ ജനനത്തെ തടസ്സപ്പെടുത്തുന്നതിൽ നിന്ന് എന്നെ തടഞ്ഞതെന്താണ്? ഞാൻ നിങ്ങളോട് ആത്മാർത്ഥമായി പറയുന്നു, ഞാൻ നിങ്ങളെ സ്നേഹിക്കുന്നതിനാൽ നിങ്ങളുടെ ജനനത്തിൽ ഞാൻ ആഹ്ലാദിച്ചു. ഒരു ആത്മാവ് എന്നെ വേദനിപ്പിക്കുമ്പോൾ ഞാൻ അവരെ സ്നേഹിക്കുന്നത് അവസാനിപ്പിക്കുന്നില്ല. ഒരു ചെറിയ കുട്ടി അനുസരണക്കേട് കാണിക്കുമ്പോൾ മാതാപിതാക്കൾ ആ കുഞ്ഞിനെ സ്നേഹിക്കുന്നത് അവസാനിപ്പിക്കുമോ? ആ കുട്ടിക്ക് പ്രായമാകുകയും അനുസരണക്കേടിൽ തന്നെ നിലനിൽക്കുകയും ചെയ്യുന്നു. മാതാപിതാക്കൾക്ക് എപ്പോഴെങ്കിലും അവരുടെ കുഞ്ഞിനെ സ്നേഹിക്കുന്നത് നിർത്താൻ കഴിയുമോ? മിക്കപ്പോഴും സാധിക്കില്ല. മാതാപിതാക്കൾ കുഞ്ഞിനെ സ്നേഹിക്കു

ന്നത് തുടരുകയും ഒരു ദിവസം ആ കുഞ്ഞ് സ്നേഹം തിരികെ നൽകുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. ഞാനും അതുപോലെയാണ് ഞാൻ ഉണ്ട്. പ്രിയപ്പെട്ട വരേ, ഞാൻ നിലവിലില്ല എന്ന നിങ്ങളുടെ വാക്ക് ആ വസ്തുതയെ ഇല്ലാതാക്കുന്നില്ല. ഇതാ ഞാൻ ഇവിടെ യുണ്ട്. ഞാൻ നിങ്ങളോട് സംസാരിക്കുന്നു. ഒരിക്കൽ കൂടി ഞാൻ നിങ്ങളുടെ ഹൃദയവാതിലിൽ മുട്ടുന്നു. ഇന്ന് നിങ്ങൾ എനിക്ക് ഉത്തരം നൽകുമോ? നിങ്ങളുടെ ഹൃദയത്തിൽ വരുവാൻ നിങ്ങൾ എന്നെ അനുവദി ക്കുമോ? മുറിവേറ്റ എന്റെ പ്രിയപ്പെട്ട പൈതലേ, എനിക്ക വിടെ കുറെ ജോലികൾ ചെയ്യാനുണ്ട്. ഞാൻ നിങ്ങളെ നോക്കുകയും നിങ്ങൾക്ക് കൈവരേണ്ടത് കൃത്യമായി കാണുകയും ചെയ്യുന്നു. ഈ സന്ദേശങ്ങൾ നിങ്ങളുടെ കരങ്ങളിലെടുത്ത് വായിക്കുന്നതും ഒരു ജൈവിക സംഭ വമാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ? എന്നെ സ്നേ ഹിക്കാൻ വിധിക്കപ്പെട്ട എന്റെ കുഞ്ഞാത്മാവേ, ഒരു നിമിഷം നിങ്ങളെ നയിക്കാൻ നിങ്ങളുടെ ആത്മാവിനെ അനുവദിക്കുകയും നിങ്ങളെ എന്റെ ഹൃദയത്തിൽ തിരികെ കൊണ്ടുവരണമെന്ന് ഞാൻ ആഗ്രഹിക്കുക യും ചെയ്യുന്നു. നിങ്ങൾക്കായി ഒരു സ്ഥലം ഇവിടെ ഉണ്ടായിരിക്കുകയും നിങ്ങളില്ലാതെ ഞാൻ ഏകാന്തത അനുഭവിക്കുകയും ചെയ്യും. എന്റെ ഏക പൈതലെന്ന പോലെ ഞാൻ നിന്നെ സ്നേഹിക്കുന്നു, ഈ നിമിഷം ഞാനും നീയും മാത്രമേയുള്ളു. നിങ്ങൾ എനിക്ക് ന ഷ്ടപ്പെടരുത്. എന്റെ രാജ്യത്ത് നിങ്ങൾക്കായി ഒരു ജോലി ഉണ്ടായിരിക്കുകയും അത് നിങ്ങൾക്ക് മാത്രമേ ചെയ്യാനും കഴിയൂ. പ്രിയപ്പെട്ടവരേ, ദയവായി ശുശ്രൂ ഷയിൽ വ്യാപരിക്കൂ. അങ്ങനെ നമുക്കൊരുമിച്ച് യാത്ര തുടങ്ങാം. ഞാൻ നിങ്ങളെ കാത്തിരിക്കുന്നു. ഞാൻ നിങ്ങളോട് എല്ലാം ക്ഷമിക്കുന്നു. എന്റെ അരികിലേക്ക് വരൂ. സ്വാതന്ത്ര്യവും ആനന്ദവും നിങ്ങൾ അനുഭവി ക്കും.

## ഫെബ്രുവരി 20, 2004
## ഈശോ

പ്രിയപ്പെട്ട ദൈവമക്കളേ, എന്റെ പ്രകാശത്തിനു പുറത്ത് ജീവിക്കുന്നത് നിങ്ങൾ തുടരുന്നത് എന്തു കൊണ്ടാണ്? ഏതെങ്കിലും വിധത്തിൽ നിങ്ങളെ ഉപദ്രവിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നുവെന്ന് നിങ്ങൾ കരുതുന്നുണ്ടോ? നിങ്ങൾ എന്നെ അനുഗമിക്കുകയും ഞാൻ ചിട്ടപ്പെടുത്തിയതുപോലെ ജീവിക്കുകയും ചെയ്താൽ നിങ്ങളുടെ ജീവിതം നയിക്കുവാൻ കൂടുതൽ ബുദ്ധിമുട്ടാകുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? നിങ്ങളുടെ ജീവിതത്തെയും ബന്ധങ്ങളെയും സംതൃപ്തിയുടെ തലങ്ങളെയും നിങ്ങൾ ഇന്ന് സൂക്ഷ്മതയോടെ നിരീക്ഷിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾക്ക് യഥാർത്ഥ സമാധാനമുണ്ടോ? സ്നേഹം നിങ്ങളിൽ നിന്ന് ഒഴുകുന്നതിനാൽ മറ്റുള്ളവർ നിങ്ങളിലേക്ക് ആകർഷിക്കപ്പെടുന്നുണ്ടോ? നിങ്ങൾ മറ്റുള്ളവരോട് സന്തോഷം അറിയിക്കുന്നുണ്ടോ? അതാണ് ഞാൻ വാഗ്ദാനം ചെയ്യുന്നത്. നിങ്ങൾക്ക് യഥാർത്ഥ സമാധാനവും സുരക്ഷിതത്വവും ഉണ്ടായിരിക്കുകയും, സ്നേഹവും ആനന്ദവും നിങ്ങളിൽ നിന്ന് നിർഗളിക്കുകയും ചെയ്യണം. ലോകവും, എന്നെ ഒഴിവാക്കുന്നവരും വാഗ്ദാനം ചെയ്യുന്ന തെറ്റായ സമാധാനമല്ല. ആ സമാധാനം നിലനിൽക്കില്ല, അത് നിങ്ങളുടെ ആത്മാവിന്റെ അതിർത്തികളെ തുളച്ചുകയറുകയുമില്ല. ലോകം വാഗ്ദാനം ചെയ്യുന്ന താൽക്കാലിക സമാധാനം ഒരു നിമിഷത്തേക്ക് നിങ്ങളുടെ വേദനയെ ശമിപ്പിക്കുമെങ്കിലും നിങ്ങളുടെ തിരച്ചിലിന്റെ ലക്ഷ്യം നിങ്ങൾ കണ്ടെത്തിയെന്ന് നിങ്ങളെ വിശ്വസിപ്പിക്കുകയും ചെയ്യുന്നു. അപ്പോൾ ആ വികാരം ക്ഷയിക്കുകയും നിങ്ങൾ വീണ്ടും തിരയാൻ തുടങ്ങുകയും ചെയ്യുന്നു. എന്നിൽ മാത്രം കണ്ടെത്താൻ കഴിയുന്ന

കാര്യത്തിനായി എപ്പോഴും മറ്റെവിടെയോ തെരയുന്നു. ഞാൻ നിങ്ങളെ ശുശ്രൂഷിക്കട്ടയോ? ഞാൻ നിങ്ങളുടെ ആത്മാവിൽ ആനന്ദവും ധൈര്യവും നിറയ്ക്കട്ടെയോ? പ്രിയപ്പെട്ടവരെ, എന്റെ യഥാർത്ഥ അനുയായികൾക്കായി ഞാൻ ചെയ്യുന്നത് അതാണ്. അവർ ജീവിതത്തിലെ കഷ്ടപ്പാടുകളിൽ നിന്ന് മുക്തരാകുന്നില്ല. എന്നെ അനുഗമിക്കാത്തവരിൽ നിന്നും സ്വർഗ്ഗത്തിന്റെ ദാനങ്ങളിൽ നിന്ന് മുതലെടുക്കാത്തവരിൽ നിന്നും അവരെ വേർതിരിക്കുന്ന സ്ഥിരത അവർക്കുണ്ട്. ഈ ദാനങ്ങൾ പങ്കിടാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ദിവസം നിങ്ങൾ എന്നിൽ വിശ്വസിക്കുന്നുവെന്ന് ദിവസം മുഴുവൻ എന്നോട് പറയണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾക്ക് ഇത് അനുഭവപ്പെട്ടില്ലായിരിക്കാം. വാക്കുകൾ രൂപപ്പെടുത്തുവാൻ പോലും നിങ്ങൾക്ക് ബുദ്ധിമുട്ടായിരിക്കാം. എന്നാൽ നിങ്ങളുടെ ഹൃദയത്തിൽ ഈ ദിവസം മുഴുവൻ ഇത് എന്നോട് പറയൂ. അപ്പോൾ നിങ്ങളുടെ അവിശ്വാസത്തെ സഹായിക്കുന്ന കൃപകൾ എനിക്ക് നൽകാൻ കഴിയും. നുണകളുടെ പിതാവ് വിതച്ച ധാർഷ്ഠ്യമുള്ള സംശയങ്ങളെ നമുക്ക് മാറ്റാൻ തുടങ്ങാം. നിങ്ങൾക്ക് നഷ്ടപ്പെടാൻ യാതൊന്നുമില്ല. നിങ്ങളുടെ അസംതൃപ്തിയ്ക്കായി നിങ്ങൾ മറ്റു പലതും പരീക്ഷിച്ചു. നിങ്ങളുടെ ആത്മാവിന്റെ നിലവിളി ശമിപ്പിക്കാനുള്ള ശ്രമത്തിൽ നിങ്ങളിൽ ചിലർ നിങ്ങളുടെ ശരീരത്തെ ദുരുപയോഗം ചെയ്തു. നിങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുള്ള ലക്ഷണങ്ങളുടെ മറ്റൊരു പരിഹാരമായി നിങ്ങൾ എന്നെ കാണണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾക്ക് സമാധാനവും സന്തോഷവും നൽകാമെന്ന എന്റെ വാഗ്ദാനം ഞാൻ പാലിക്കുന്നില്ലെങ്കിൽ, നിങ്ങൾക്ക് നിങ്ങളുടെ അന്വേഷണം തുടരാം. എന്നാൽ നിങ്ങളെനിക്ക് ഒരു അവസരം നൽകുകയും അത് ചെയ്യുന്നതിന് നിങ്ങൾ എന്നോടൊപ്പം നിശബ്ദമായി സമയം ചെലവ

ഴിക്കുകയും വേണം. സക്രാരിയുള്ള ഒരു ദൈവാലയ ത്തിൽ വരിക. നിശബ്ദമായി എന്റെ മുമ്പിൽ ഇരിക്കുക. നിങ്ങളോട് സംസാരിക്കാൻ എന്നെ അനുവദിക്കുക, ഞാൻ നിങ്ങളോട് സംസാരിക്കും. ധൈര്യമായിരിക്കുക, കുഞ്ഞ് ആത്മാവെ, അതിനേക്കാൾ ധൈര്യമുള്ള നിരവധി കാര്യങ്ങൾ നിങ്ങൾ പരീക്ഷിച്ചില്ലേ? ഇപ്പോൾ എന്റെ അടുക്കൽ വരികയും, നിന്റെ ദൈവത്തിന് ഒരു അവസരം നൽകുകയും ചെയ്യുക.

# ഫെബ്രുവരി 21, 2004
# ഈശോ

അന്ധകാരത്തിലായിരിക്കുന്ന എന്റെ മക്കൾ എന്നിൽ നിന്നും എന്നെ ഓർമ്മപ്പെടുത്തുന്ന ഏതു കാര്യത്തിൽ നിന്നും ഓടിമറയുന്നു. എന്നെ ഓർമ്മപ്പെടുത്തുന്ന എന്തെങ്കിലും കാണുമ്പോൾ നിങ്ങൾ എന്തിനാണ് തിരിഞ്ഞുനോക്കുന്നത്? ഈ അസ്വസ്ഥതയും ഉൽക്കണ്ഠയും ഉണ്ടാക്കുന്ന എന്താണ് നിങ്ങളുടെ ഉള്ളിലുള്ളത്? വിശുദ്ധി ഓർമ്മപ്പെടുത്തുന്ന ഒരു കാര്യത്തിലേക്ക് നിങ്ങളുടെ കണ്ണുകൾ ഉടക്കുമ്പോൾ നിങ്ങൾ വിശുദ്ധരല്ലെന്ന് ഭയപ്പെടുന്നുണ്ടോ? ഇതിൽ ശ്രദ്ധയൂന്നണമെന്ന് നിങ്ങളെ പ്രേരിപ്പിക്കുന്നത് നിങ്ങളുടെ മനഃസാക്ഷിയുടെ ഒരംശമാണെന്ന് ഒരു നിമിഷം ചിന്തിക്കുക. നിങ്ങൾ ശ്രദ്ധിച്ചാൽ നിങ്ങൾ മാറേണ്ടിവരുമെന്ന് നിങ്ങൾക്കറിയാമെന്നതിനാൽ നിങ്ങൾ പിന്മാറുന്നു. മാറ്റം എന്നത് പുതിയതിനെ സൂചിപ്പിക്കുന്നു. എന്നാൽ അത് പഴയതിനെ ഉപേക്ഷിക്കണമെന്നും സൂചിപ്പിക്കുന്നുണ്ട്. നിങ്ങളുടെ കാര്യത്തിൽ നിങ്ങളെ സന്തോഷിപ്പിക്കാത്ത പാപം ഉപേക്ഷിക്കുക. സ്വർഗ്ഗത്തിനായി വിധിക്കപ്പെട്ട പ്രിയ ആത്മാവേ, എന്റെയോ എന്റെ ദാസരുടെയോ ഒരു പ്രതിച്ഛായ നിങ്ങൾ കാണുമ്പോൾ പെട്ടെന്ന് നിങ്ങളുടെ കണ്ണുകൾ പിൻവലിക്കരുത്. പരിശുദ്ധരായവരിൽത്തന്നെ നോക്കിയിരിക്കുവാൻ നിങ്ങളെത്തന്നെ നിർബന്ധിക്കണം. തീർച്ചയായും ഞാനും നിങ്ങളെ നോക്കിയിരിക്കും. നിങ്ങൾക്ക് ഇത് അനുഭവമാകും. അല്ലെങ്കിൽ അസ്വസ്ഥതയോടെ നിങ്ങൾ പിന്തിരിയില്ല. എന്റെ കണ്ണുകളിൽ നിങ്ങൾ കാണുന്ന രൂപം നിങ്ങൾ കാണുന്ന രൂപം നിങ്ങൾ തെറ്റായി വായിക്കുമോയെന്ന് ഞാൻ ഭയപ്പെടുന്നു. എന്റെ കണ്ണുകൾ ഒരിക്കലും നിങ്ങളെ കുറ്റപ്പെടുത്തുന്നില്ല. നിങ്ങൾ എന്തിനാണ് അന്ധകാരത്തിന്റെ വഴിയി

ലൂടെ നടന്നതെന്ന് സ്വയം മനസ്സിലാക്കുന്നതിനേക്കാൾ കൂടുതൽ അത് ഞാൻ അറിയുന്നു. നിങ്ങൾ എന്നോട് ഒന്നും തന്നെ വിശദീകരിക്കേണ്ടതില്ല. എന്നോട് സം സാരിക്കാൻ ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നത് എനിക്ക് വേണ്ടിയല്ല, നിങ്ങൾക്ക് ഒരു വ്യക്തത കിട്ടാൻ വേണ്ടിയാണ്. നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾ പ ലപ്പോഴും ഉപദേശം തേടുന്ന ആരെങ്കിലുമുണ്ടോ? ആ വ്യക്തിയുടെ ന്യായവിധിയെ നിങ്ങൾ വിശ്വസിക്കുന്ന തിനാൽ നിങ്ങൾ ആ വ്യക്തിയുടെ അടുത്തേയ്ക്ക് ഉപ ദേശത്തിനായി പോകുന്നു. ആ വ്യക്തിയുടെ ജ്ഞാനം എന്റെ ജ്ഞാനവുമായി താരതമ്യം ചെയ്യുമ്പോൾ ഒന്നു മല്ല. കൂടാതെ നിങ്ങളോട് സമ്പൂർണ്ണമായ ഒരു സ്നേ ഹം എനിക്കുണ്ട് എന്ന സവിശേഷതയും എനിക്ക് സ്വന്തം. നിങ്ങളുടെ ജീവിതത്തിന്റെ എല്ലാ വിശദാംശ ങ്ങളും ഞാൻ ശ്രദ്ധിക്കുന്നു. നിങ്ങളെത്തന്നെ നിങ്ങൾ അറിയുന്നതിനേക്കാൾ കൂടുതൽ എനിക്ക് നിങ്ങളെ അറിയാം, എന്റെ ഉദ്ദേശ്യങ്ങൾ പൂർണ്ണമായും ശുദ്ധവു മാണ്. നിങ്ങൾക്ക് ഏറ്റവും മികച്ചതും നിങ്ങൾക്ക് ഏറ്റ വും അനുയോജ്യമായതും മാത്രം ഞാൻ ആഗ്രഹി ക്കുന്നു. ലോകം ചെയ്യുന്നതുപോലെ നിങ്ങളെ ഞാൻ ചെയ്യില്ല ഞാൻ ആഗ്രഹിക്കുന്നില്ല. പ്രിയ ആത്മാവേ, നിങ്ങൾക്ക് എന്നെ വിശ്വസിക്കാം. ദയവായി എന്നോട് സംസാരിക്കൂ. അപ്പോൾ നിങ്ങൾ എന്നെ ശ്രദ്ധിക്കും. അപ്പോൾ നാം സുഹൃത്തുക്കളാകുകയും, ഞാനും നിങ്ങളും തമ്മിലുള്ള സൗഹൃദം പോലെ ഭൂമിയിലെ ഒരു സുഹൃദ്ബന്ധവും സുരക്ഷിതമല്ലെന്ന് നിങ്ങൾക്ക് മനസ്സിലാകുകയും ചെയ്യും. ഞാൻ നിങ്ങൾക്ക് എല്ലാം തരും. നിങ്ങൾ എനിക്ക് എന്തു നൽകും? നിങ്ങളുടെ സ്നേഹം നിങ്ങൾ എനിക്ക് തരും. നിങ്ങളുടെ വിശ്വ സ്തത നിങ്ങൾ എനിക്ക് തരും. പ്രിയപ്പെട്ടവരേ, മാറ്റ ത്തിനുള്ള നിങ്ങളുടെ സന്നദ്ധത നിങ്ങൾ എനിക്ക് തരും. അതാണ് നിങ്ങളിൽനിന്ന് ഞാൻ ആഗ്രഹിക്കു

ന്നത്. ഓരോ ദിവസവും ഉണർന്ന് മുന്നോട്ടുപോകാനുള്ള ഒരു പുതിയ മാർഗ്ഗം വിഭാവനം ചെയ്യുന്നത് ഒരുപക്ഷേ ദുഷ്ക്കരമാണ്. എന്നാൽ സാവധാനം നിങ്ങൾക്ക് ആരംഭിക്കാം. ഓരോ പ്രഭാതത്തിലും ഉണരുമ്പോൾ പറയുക, യേശുവേ, ഞാൻ അങ്ങേയ്ക്ക് എന്റെ ദിവസം തരുന്നു. അത്രമാത്രം. അവിടെ ആരംഭിക്കുക, നിങ്ങൾ ഉടനടി മാറ്റം കാണും. എനിക്ക് നിങ്ങളുടെ സന്നദ്ധത മാത്രമേ ആവശ്യമുള്ളൂ. എല്ലാം അവിടെ നിന്ന് ഒഴുകും. നിങ്ങൾ ധൈര്യമുള്ളവരായിരിക്കണം, ഞാൻ നിങ്ങൾക്ക് ധൈര്യം നൽകും. ഇതെല്ലാം എന്നിൽ നിന്നാണ് വരുന്നത്.

## ഫെബ്രുവരി 22, 2004
## ഈശോ

പ്രിയപ്പെട്ട പാപികളെ, ഞാൻ നിങ്ങളോടൊപ്പമു ണ്ട്. നിങ്ങൾക്കുവേണ്ടിയാണ് ആദ്യമായി ഞാൻ വന്നതും, മടങ്ങിവരുന്നതും. എന്റെ കരുണയ്ക്ക് പ രിധികളില്ല, ഈ പരിധികളില്ലാത്ത കരുണ ലോകത്തി ന്മേൽ ഒഴുകുകയാണ്. അത് നിങ്ങളിലൂടെ ഒഴുകട്ടെ. എന്നിലേക്ക് മടങ്ങിവരാൻ നിങ്ങൾ മറ്റുള്ളവരേയും പ്രോത്സാഹിപ്പിക്കണം. അതാണ് നിങ്ങളുടെ ദൗത്യം. നിങ്ങൾ എന്നോട് അനുരഞ്ജനപ്പെടണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾ എന്റെ സമാധാനം അനുഭവി ക്കുകയും, മറ്റുള്ളവർക്ക് അത് നൽകുകയും ചെയ്യണ മെന്ന് ഞാൻ ആഗ്രഹിക്കുന്നു. പ്രിയപ്പെട്ടവനേ, എന്റെ സന്തോഷം നിങ്ങൾ അറിയും. അപ്പോൾ നിങ്ങൾ എന്റെ സന്തോഷം പരത്തും. ഈ വാക്കുകൾ ഒരു മഹത്തായ സമ്മാനമായി സ്വീകരിച്ച് അവ നിങ്ങളുടെ അടുക്കൽ കൊണ്ടുവരുന്നതിനായി സ്വാഗതം ചെയ്യുക. നിങ്ങളുടെ ആത്മാവിൽ പ്രവർത്തിക്കാൻ അവയെ അനുവദിച്ചാൽ അവ നിങ്ങളെ സ്വർഗ്ഗത്തിലേക്ക് ആന യിക്കും. എനിക്ക് നിങ്ങളേക്കുറിച്ച് ശുഭചിന്തകൾ മാത്ര മേയുള്ളൂ. നിങ്ങളുടെ ഭൂമിയിലെ ഈ കാലഘട്ടം, സ്വർഗ്ഗത്തിൽ നിന്ന് താൽക്കാലികമായി പ്രവാസത്തിൽ ആയിരിക്കുന്ന കാലഘട്ടം, ദൈവരാജ്യശുശ്രൂഷക്കു ള്ളതാണ്. നിങ്ങളുടെ സേവനം കൂടാതെയുള്ള ഈ രാജ്യം അപൂർണ്ണവും നിങ്ങളിലൂടെ എന്നിലേക്ക് കൊ ണ്ടുവരാൻ വിധിക്കപ്പെട്ട ആത്മാക്കൾ നഷ്ടപ്പെടുകയും ചെയ്യും. ഭൂമിയിലെ എന്റെ മക്കളുടെ പരാജയങ്ങൾക്ക് ഞാൻ നഷ്ടപരിഹാരം നൽകുകയും അല്ലെങ്കിൽ വള രെയധികം പേർ ഈ സമയത്ത് സ്നേഹിക്കപ്പെടാതെ പോകും. എന്നാൽ തീർച്ചയായും നിങ്ങളുടെ സേവനം എനിക്ക് ആവശ്യമാണ്. ഭൗമികസമയത്തിന്റെ അന്ത്യം

കുറിക്കുമ്പോൾ എല്ലാ പൂർത്തിയാകും. സ്വർഗ്ഗത്തിലും പൂർത്തീകരിക്കപ്പെടും. ഇപ്പോൾ നാം കഷ്ടപ്പെടുകയും നമ്മുടെ എണ്ണം വർദ്ധിക്കുകയും നാം സ്ഥിരോത്സാഹം കാണിക്കുകയും വേണം. ഞാൻ നിങ്ങളെ സ്നേഹിക്കുന്നു. എനിക്കെതിരായോ നിങ്ങൾക്കെതിരായോ നിങ്ങൾ ചെയ്ത എല്ലാ കാര്യങ്ങളും ഞാൻ ക്ഷമിച്ചിരിക്കുന്നു. എന്റെ കരങ്ങളിലേക്ക് നിങ്ങൾക്ക് സ്വാഗതം. നിങ്ങൾക്ക് എന്റെ ഹൃദയത്തിൽ ഒരു സ്ഥാനമുണ്ട്. നിങ്ങൾ എന്നിലേക്ക് ഒരു ചെറിയ മുന്നേറ്റം നടത്തുകയാണെങ്കിൽ, നിങ്ങളുടെ ക്രിസ്തീയ കുടുംബത്തിന്റെ സുരക്ഷിതത്വത്തിലേക്ക്  നിങ്ങളെ തിരികെ കൊണ്ടുപോകാൻ ഞാൻ വളരെ വേഗത്തിൽ പ്രവർത്തിക്കുന്നത് നിങ്ങൾ കാണും. എന്റെ കുഞ്ഞേ, നിന്റെ യേശുവിനോട് നീ പ്രത്യുത്തരിക്കുമോ? നിങ്ങളുടെ പേരു വിളിക്കുന്നത് നിങ്ങൾ കേൾക്കുന്നത് എന്റെ ശബ്ദമാണ്. ഇപ്പോൾ എന്റെ അടുക്കൽ വരൂ. ഒരു ദിവസം നിങ്ങൾ നിങ്ങളുടെ ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കും. ഈ നിമിഷം നിങ്ങളുടെ നിത്യജീവിതത്തിന് വളരെ പ്രധാനമായതായി നിങ്ങൾ കാണും. മടിക്കേണ്ട. നിങ്ങളുടെ സമയം കഴിയുകയും എന്റേത് ആരംഭിക്കുകയും ചെയ്യുന്നു. യാതൊന്നും ഭയപ്പെടേണ്ട. എന്റെ പ്രകാശം സ്വീകരിക്കുകയും എന്റെ സന്തോഷം സ്വീകരിക്കുകയും ചെയ്യുവിൻ. എല്ലാ ശാന്തതയോടും കൂടെ എന്നെ നോക്കുവിൻ.

# അനുബന്ധം

# മടങ്ങിവരുന്ന രാജാവായ യേശുക്രിസ്തുവിന്റെ അൽമായ പ്രേഷിതത്വം

പാപികളുടെ മാനസാന്തരത്തിനുള്ള കൃപകൾ ലഭിക്കാൻ ഞങ്ങളുടെ അനുദിന ജീവിതത്തിലും ഞങ്ങളുടെ ദൈവവിളികളിലൂടെയും ഈശോയുമായി ഐക്യപ്പെടുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. തന്റെ പ്രകാശവുമായി ഞങ്ങളിലൂടെ ഈ ലോകത്തിലേക്ക് ഒഴുകുവാൻ പരിശുദ്ധാത്മാവുമായുള്ള തങ്ങളുടെ സഹകരണത്തിലൂടെ ഞങ്ങൾ ഈശോയെ അനുവദിക്കും. ഞങ്ങളിത് നമ്മുടെ അനുഗൃഹീത മാതാവായ മറിയവുമായുള്ള കൂട്ടായ്മയിൽ, പുണ്യവാന്മാരുടെ ഐക്യത്തോടൊപ്പം, ദൈവത്തിന്റെ പരിശുദ്ധ ദൂതരേവരോടും ചേർന്ന്, ഈ ലോകത്തിലെ ഞങ്ങളുടെ സഹപ്രേഷിതരോടൊപ്പം ചെയ്യുന്നു.

## അൽമായ പ്രേഷിതർക്കുള്ള മാർഗരേഖ

മടങ്ങിവരുന്ന രാജാവായ യേശുക്രിസ്തുവിന്റെ അൽമായ പ്രേഷിതരെന്ന നിലയിൽ, സജീവ കത്തോലിക്കർക്കടുത്ത ഞങ്ങളുടെ മൗലിക കടപ്പാടുകൾ നിർവഹിക്കാമെന്ന് ഞങ്ങൾ സമ്മതിക്കുന്നു. ഇതിലുപരിയായി, ഇനിപ്പറയുന്ന ആത്മീയാഭ്യാസങ്ങൾ, ഞങ്ങൾക്കാവുന്നതിന്റെ പരമാവധി ഞങ്ങൾ സ്വാംശീകരിക്കും.

1. ഐക്യദാർഢ്യപ്രാർത്ഥനയും പ്രഭാത സമർപ്പണവും; ഒപ്പം പരിശുദ്ധപിതാവിനുവേണ്ടിയുള്ള ഒരു ഹ്രസ്വ പ്രാർത്ഥന.
2. ദിവ്യകാരുണ്യ ആരാധന; ആഴ്ചയിൽ ഒരു മണിക്കൂർ വീതം.
3. പ്രാർത്ഥനാക്കൂട്ടായ്മയിലെ പങ്കാളിത്തം; പ്രതിമാസം നടക്കുന്ന ഇതിൽ നമ്മൾ പരിശുദ്ധ ജപമാലയിലെ പ്രകാശത്തിന്റെ രഹസ്യങ്ങൾ ധ്യാനിക്കുകയും പ്രതിമാസ സന്ദേശം വായിക്കുകയും ചെയ്യും.
4. പ്രതിമാസ കുമ്പസാരം.
5. ഇനിയും, സകലരെയും ഈശോയുടെ ക്ഷമയോടും ദയാവായ്പോടും കൂടെ പരിഗണിച്ചുകൊണ്ട്, തിരുവചനങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളവിധം അവിടുത്തെ ദൃഷ്ടാന്തം ഞങ്ങൾ പിന്തുടരും.

## ഐക്യദാർഢ്യ പ്രാർത്ഥന

സ്വർഗസ്ഥനായ പ്രിയപ്പെട്ട ദൈവമേ, ഞാൻ അങ്ങയോടുള്ള ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു. ഞാൻ അവിടുത്തേക്ക് എന്റെ ജീവനും എന്റെ ജോലിയും എന്റെ ഹൃദയവും തരുന്നു. പകരമായി, അങ്ങയുടെ ഓരോ മാർഗനിർദേശവും അതിന്റെ പൂർണതയിൽ അനുസരിക്കുന്നതിനുള്ള കൃപ എനിക്കു തന്നാലും. ആമേൻ.

## പ്രഭാതസമർപ്പണം

ഓ ഈശോയെ, മറിയത്തിന്റെ അമലോൽഭവ ഹൃദയം വഴി, അവിടുത്തെ തിരുഹൃദയത്തിന്റെ എല്ലാ നിയോഗങ്ങൾക്കുമായി, ലോകമെമ്പാടുമുള്ള ദിവ്യബലിയുടെ പരിശുദ്ധ അർപ്പണങ്ങളോട് ഐക്യപ്പെട്ടുകൊണ്ട്, എന്റെ പാപങ്ങൾക്കുള്ള പരിഹാരമായും പരിശുദ്ധ പിതാവിന്റെ നിയോഗങ്ങൾക്കായും ഈ ദിനത്തിലെ എന്റെ പ്രാർത്ഥനകളും പ്രവൃത്തികളും ആനന്ദങ്ങളും സഹനങ്ങളും അങ്ങേയ്ക്കായി സമർപ്പിക്കുന്നു. ആമ്മേൻ

## പരിശുദ്ധ പിതാവിനായുള്ള പ്രാർത്ഥന

ഈശോയുടെ അനുഗൃഹീതയായ മാതാവേ, ഞങ്ങളുടെ പരിശുദ്ധ പിതാവിനേയും സ്നേഹത്തിന്റെ നിയോഗങ്ങളെയും സംരക്ഷിക്കണമേ.

## പ്രകാശത്തിന്റെ അഞ്ചു രഹസ്യങ്ങൾ

1. ഈശോയുടെ ജ്ഞാനസ്നാനം
2. കാനായിലെ കല്യാണം
3. ദൈവരാജ്യത്തിന്റെ പ്രഖ്യാപനം
4. രൂപാന്തരീകരണം
5. പരിശുദ്ധ കുർബാനയുടെ സ്ഥാപനം

## ഈശോയിൽനിന്ന് തന്റെ അൽമായ പ്രേഷിതർക്കുള്ള വാഗ്ദാനം

**2005 മെയ് 12**

***ആത്മാക്കൾക്കായുള്ള നിന്റെ സന്ദേശം സ്ഥിരമായി നിലനിൽക്കുന്നു. ഓരോ ആത്മാവിനെയും വീണ്ടെടുപ്പു ദൗത്യത്തിലേക്ക് സ്വാഗതം ചെയ്യുക. എന്റെ താൽപര്യങ്ങളെ ഓരോ അൽമായ പ്രേഷിതനും/ പ്രേഷിത***

*യും ശ്രദ്ധിച്ചാൽ അവരുടേതിനെ ഞാനും ശ്രദ്ധിക്കും. അവരെന്റെ തിരുഹൃദയത്തിൽ സ്ഥാപിക്കപ്പെടുകയും ഞാനവർക്കുവേണ്ടി പ്രതിരോധിച്ച് സംരക്ഷിക്കുകയും ചെയ്യും. അവരുടെ ഓരോ പ്രിയപ്പെട്ടവരുടെയും മാനസാന്തരം ഞാൻ നേടിക്കൊടുക്കുന്നതാണ്. അങ്ങനെ, കാണുക, എന്റെ പ്രിയപ്പെട്ട അൽമായ പ്രഷിതരെന്ന നിലയിൽ ഈ വീണ്ടെടുപ്പു ദൗത്യത്തിൽ ശുശ്രൂഷ ചെയ്യുന്ന ആത്മാക്കൾ സമാധാനം സമ്പാദിക്കും. ലോകത്തിന് ഇത്തരമൊരു വാഗ്ദാനം കൊടുക്കാനാവില്ല. എന്തെന്നാൽ, സ്വർഗത്തിനു മാത്രമേ ഒരാത്മാവിൽ സമാധാനം സമ്മാനിക്കാൻ കഴിയൂ. ഇതു സത്യമായും സ്വർഗ്ഗത്തിന്റെ ദൗത്യമാണ്; സ്വർഗ്ഗത്തിന്റെ സന്താനങ്ങൾ ഓരോരുത്തരെയും എന്നെ സഹായിക്കാനായി ഞാൻ വിളിക്കുകയും ചെയ്യുന്നു. എന്റെ പ്രിയരേ, നിങ്ങൾക്ക് നല്ല പ്രതിഫലം കിട്ടും.*

# വാല്യങ്ങളിൽനിന്നെടുത്ത പ്രാർത്ഥനകൾ

## പിതാവായ ദൈവത്തോടുള്ള പ്രാർത്ഥന

‘‘സ്വർഗ്ഗസ്ഥനായ എന്റെ പിതാവിനുവേണ്ടി എനിക്കെന്തു ചെയ്യാനാകും?’’

‘‘ഞാനങ്ങയിൽ ആശ്രയിക്കുന്നു, ദൈവമേ. ഏറ്റുവാങ്ങലിന്റെ ആത്മാവിൽ ഞാനെന്റെ വേദന അങ്ങേയ്ക്കായി സമർപ്പിക്കുന്നു; ഓരോരോ സാഹചര്യത്തിലും ഞാനങ്ങയെ സേവിക്കുന്നതാണ്.’’

‘‘സ്വർഗ്ഗസ്ഥനായ എന്റെ പിതാവേ, അങ്ങ് കാരുണ്യസ്വരൂപനാകുന്നു. അവിടുന്ന് എന്നെ സ്നേഹിക്കുന്നു; എന്റെ

പാപങ്ങളെല്ലാം കാണുകയും ചെയ്യുന്നു. എന്റെ ദയാ പൂർണ്ണനായ പിതാവ് എന്ന നിലയിൽ ഞാനങ്ങയെ അഭിസംബോധന ചെയ്യുന്നു. എന്റെ ഓരോ പാപവും പൊറുക്കേണമേ. ഞാൻ ഒരിക്കൽക്കൂടി സമ്പൂർണ്ണ നിഷ്കളങ്കതയിൽ വലയം പ്രാപിക്കാനായി എന്റെ ആത്മാവിലെ കറകളെല്ലാം കഴുകികളഞ്ഞാലും. സ്വർഗ്ഗസ്ഥനായ പിതാവേ, ഞാനങ്ങയിൽ ആശ്രയിക്കുന്നു. ഞാനങ്ങിൽ ശരണപ്പെടുന്നു. ആമേൻ.''

''എന്റെ പിതാവായ ദൈവമേ, എന്റെ ആത്മാവിനെ ശാന്തമാക്കുകയും എന്റെ വഴികളെ നയിക്കുകയും ചെയ്യണേ.''

''ദൈവമേ, ഞാൻ തെറ്റുകൾ ചെയ്തുപോയി. എന്നോട് ക്ഷമിക്കണേ. ഞാനവിടുത്തെ കുഞ്ഞാണ്. ഞാനവിടുത്തോട് ഒന്നായിത്തീരുവാൻ ആഗ്രഹിക്കുന്നു.''

''ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നു. ഈശോ എന്നെ വിളിക്കുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു. എന്റെ അനുഗൃഹീത മാതാവ് എന്റെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. ആകയാൽ, ഞാൻ ഇന്നും ഓരോ ദിവസവും പ്രാർത്ഥിക്കാൻ പോകുകയാണ്.''

"എന്റെ പിതാവായ ദൈവമേ, മനസ്സിലാക്കാൻ എന്നെ സഹായിക്കണേ."

## ഈശോയോടുള്ള പ്രാർത്ഥനകൾ

"ഈശോയേ, അവിടുത്തേക്ക് ഞാനെന്റെ ദിവസത്തെ തരുന്നു."

"ഈശോയേ, ഇന്ന് അവിടുന്നെന്നെ എങ്ങനെ ഉപയോഗിക്കുവാനാണ് ആഗ്രഹിക്കുന്നത്? അങ്ങേയ്ക്ക് എന്നിലൊരു അനുസരണയുള്ള ദാസനുണ്ട്, ഈശോയേ,

സ്വർഗ്ഗരാജ്യത്തിനായി വേലചെയ്യാൻ എന്നെ അനുവദിച്ചാലും."

"നാഥാ, അവിടുത്തെ വരവിന്റെ തയാറെടുപ്പിനായി എനിക്കിന്ന് എന്തു ചെയ്യാനാകും? എന്റെ വഴി കാണിക്കണേ. അപ്പോൾ ഞാനവിടുത്തെ ആഗ്രഹങ്ങൾ കാണും."

"നാഥാ, എന്നെ സഹായിക്കണേ."

"ഈശോ, എന്നെ സ്നേഹിക്കണേ."

## മാലാഖമാരോടുള്ള പ്രാർത്ഥനകൾ

"സ്വർഗ്ഗീയ ദൂതന്മാരേ, എന്നെ വഴി നടത്തിയാലും."

"ഏറ്റവും പ്രിയപ്പെട്ട കാവൽമാലാഖയേ, സമാധാനത്തിൽ നിലനിന്നുകൊണ്ട് ഈശോയെ സേവിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ ഹൃദയത്തിൽ അവിടുത്തെ ദിവ്യസമാധാനം നിലനിർത്താനാവശ്യമായ കൃപകൾ ദയവായി എനിക്ക് സമ്പാദിച്ചു തന്നാലും

## ക്ലേശിക്കുന്ന ഒരാത്മാവിനു വേണ്ടിയുള്ള പ്രാർത്ഥനകൾ

"ഇതെക്കുറിച്ചെല്ലാം, ഈശോയെ, അവിടുന്നെന്തു കരുതുന്നു? ഈശോയെ, ഈ ആത്മാവിനുവേണ്ടി ഞാനെന്തു ചെയ്യണമെന്നാണ് അങ്ങ് ആവശ്യപ്പെടുന്നത്? ഈശോയെ ഈ അവസ്ഥയിലേക്ക് അവിടുത്തെ എങ്ങനെ ആനയിക്കണമെന്ന് എനിക്കു കാണിച്ചുതന്നാലും."

"കാവൽ മാലാഖയേ, ഈ ആത്മാവിനുമേലുള്ള അങ്ങയുടെ സ്ഥിരം ജാഗ്രതയെ പ്രതി ഞാനങ്ങേക്ക് നന്ദി

പറയുന്നു. സ്വർഗ്ഗീയ വിശുദ്ധരേ, ഈ പ്രിയപ്പെട്ട മാലാഖയെ സഹായിക്കണേ."

## കുട്ടികൾക്കായുള്ള പ്രാർത്ഥന

"സ്വർഗ്ഗസ്ഥനായ ദൈവമേ, സർവതിന്റെയും സ്രഷ്ടാവ് അങ്ങാകുന്നു. ഞങ്ങളുടെ ലോകത്തിനുമേൽ അവിടുത്തെ കൃപകൾ അയച്ചാലും."

"ഈശോയെ, ഞാനങ്ങയെ സ്നേഹിക്കുന്നു."

"ഈശോയെ, ഞാനങ്ങിൽ ആശ്രയിക്കുന്നു. ഈശോയെ, ഞാനങ്ങിൽ ആശ്രയിക്കുന്നു. ഈശോയെ, ഞാനങ്ങിൽ ആശ്രയിക്കുന്നു."

"ഈശോയെ, ഞാനെന്റെ ദിവസത്തെ അവിടുത്തേക്ക് വാഗ്ദാനം ചെയ്യുന്നു."

"അമ്മേ, മറിയേ, നല്ല കുട്ടിയാകാൻ എന്നെ സഹായിക്കണേ."

## കരുണയുടെ ജപമാല ചൊല്ലേണ്ടതെങ്ങനെ?

അഞ്ചു ദശകങ്ങളോടുള്ള സാധാരണ ജപമാല ഉപയോഗിച്ചാണ് കരുണക്കൊന്ത ചൊല്ലുന്നത്. വിശുദ്ധ ഫൗസ്തീനായുടെ ഡയറിയിൽനിന്നുള്ള രണ്ട് പ്രാരംഭ പ്രാർത്ഥനകളോടെ ഇത് ആരംഭിക്കുന്നു; ഒരു സമാപന പ്രാർത്ഥനയോടെ അവസാനിക്കുകയും ചെയ്യുന്നു.

**1. കുരിശു വരയ്ക്കുക**

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആമ്മേൻ

2. ഈശോയെ, അവിടുന്ന് മരിച്ചു. എന്നാൽ, ജീവന്റെ ഉറവ ആത്മാക്കൾക്കായി കുതിച്ചൊഴുകി; സർവ്വലോ

കത്തിനായും കരുണയുടെ കടൽ തുറക്കപ്പെടുകയും ചെയ്തു. ഓ ജീവന്റെ ജലധാരയേ, ആഴമളക്കാനാവാത്ത ദൈവിക കാരുണ്യമേ, ലോകത്തെ മുഴുവൻ പൊതിയുകയും അവിടുത്തെയാകമാനം ഞങ്ങളുടെമേൽ ചൊരിയുകയും ചെയ്യണമേ.
ഈശോയുടെ തിരുഹൃദയത്തിൽ നിന്ന് ഞങ്ങൾക്കായുള്ള കാരുണ്യത്തിന്റെ പ്രവാഹമായി കുതിച്ചൊഴുകിയ ഓ, രക്തവും ജലവുമേ, ഞാനങ്ങയിൽ ആശ്രയിക്കുന്നു!

## 3. കർതൃപ്രാർത്ഥന

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ. അന്നന്നുവേണ്ടുന്ന ആഹാരം ഇന്നും ഞങ്ങൾക്കു തരണമേ. ഞങ്ങളോട് തെറ്റുചെയ്തവരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ, ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കണേ. ഞങ്ങളെ പ്രലോഭനത്തിലേക്ക് നയിക്കരുതേ. പകരം, ദുഷ്ടാരൂപിയിൽനിന്ന് ഞങ്ങളെ രക്ഷിക്കണമേ. ആമേൻ.

## 4. നൻമനിറഞ്ഞ മറിയമേ

നന്മനിറഞ്ഞ മറിയമേ സ്വസ്തി, കർത്താവ് അങ്ങയോടുകൂടെ. സ്ത്രീകളിൽ അങ്ങ് അനുഗ്രഹിക്കപ്പെട്ടവളാകുന്നു. അങ്ങയുടെ ഉദരഫലമായ ഈശോ അനുഗ്രഹിക്കപ്പെട്ടവനാകുന്നു. പരിശുദ്ധ മറിയമേ തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും തമ്പുരാനോട് അപേക്ഷിക്കേണമേ, ആമേൻ.

## 5. വിശ്വാസപ്രമാണം

സർവ്വശക്തനായ പിതാവും ആകാശത്തിന്റെയും

ഭൂമിയുടെയും സ്രഷ്ടാവുമായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. അവിടുത്തെ ഏക പുത്രനും കർത്താവുമായ യേശുക്രിസ്തുവിലും ഞാൻ വിശ്വസിക്കുന്നു. അവിടുന്ന് പരിശുദ്ധാത്മാവിനാൽ കന്യകാമറിയത്തിൽ ഗർഭസ്ഥനായി പിറന്നു. പൊന്തിയൂസ് പീലാത്തോസിന്റെ കാലത്ത് പീഡകൾ സഹിച്ച് കുരിശിൽ തറയ്ക്കപ്പെട്ട് മരിച്ച് അടക്കപ്പെട്ട് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു. സ്വർഗ്ഗത്തിലേക്കെഴുന്നള്ളി പിതാവായ ദൈവത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്നു. ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ അവിടുന്ന് വീണ്ടും വരുമെന്നും വിശ്വസിക്കുന്നു. പരിശുദ്ധാത്മാവിലും വിശ്വസിക്കുന്നു. പുണ്യവാന്മാരുടെ ഐക്യത്തിലും പാപങ്ങളുടെ മോചനത്തിലും ശരീരത്തിന്റെ ഉയിർപ്പിലും നിത്യമായ ജീവിതത്തിലും വിശ്വസിക്കുന്നു. ആമേൻ.

6. നിത്യപിതാവേ, എന്റെയും ലോകമൊക്കെയുടെയും പാപപരിഹാരങ്ങൾക്കായി അങ്ങയുടെ വത്സല സുതനും ഞങ്ങളുടെ രക്ഷകനുമായ കർത്താവീശോമിശിഹായുടെ തിരുശ്ശരീരവും തിരുരക്തവും ആത്മാവും ദൈവത്വവും അങ്ങേയ്ക്കു ഞാൻ കാഴ്ച വെക്കുന്നു.

## 7. ഈശോയുടെ അതിദാരുണമായ പീഡാനുഭവങ്ങളെപ്രതി –

ഞങ്ങളുടെയും ലോകം മുഴുവന്റെയും മേൽ കൃപയായിരിക്കേണമേ (പത്തുപ്രാവശ്യം)

അഞ്ചു രഹസ്യങ്ങളും പൂർത്തിയാക്കി കഴിഞ്ഞ്

8. പരിശുദ്ധനായ ദൈവമേ, പരിശുദ്ധനായ ബലവാനേ, പരിശുദ്ധനായ അമർത്യനേ, ഞങ്ങളുടെമേൽ കൃപയായിരിക്കണമേ (മൂന്നു പ്രാവശ്യം)

# ജപമാല ചൊല്ലേണ്ടതെങ്ങനെ?




1. കുരിശു വരയ്ക്കുകയും 'വിശ്വാസപ്രമാണം' ചൊല്ലുകയും ചെയ്യുക.

2.'സ്വർഗ്ഗസ്ഥനായ പിതാവേ' ചൊല്ലുക

3. പിതാവായ ദൈവത്തിന്റെ മകളായ പരിശുദ്ധ കന്യകാ മറിയമേ, ഞങ്ങളിൽ ദൈവവിശ്വാസമെന്ന പുണ്യമുണ്ടായി ഫലം ചെയ്യുന്നതിന് അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കേണമേ.

*ഒരു നന്മനിറഞ്ഞ മറിയം ചൊല്ലുക.*

- പുത്രനായ ദൈവത്തിന്റെ മാതാവായ പരിശുദ്ധകന്യകാ മറിയമേ, ഞങ്ങളിൽ ദൈവശരണമെന്ന പുണ്യമുണ്ടായി വളരുന്നതിന് അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കേണമേ. *ഒരു നന്മ..*
- പരിശുദ്ധമായ ദൈവത്തിന്റെ മണവാട്ടിയായ പരിശുദ്ധ കന്യകാ മറിയമേ, ഞങ്ങളിൽ ദൈവസ്നേഹമെന്ന പുണ്യമുണ്ടായി വർദ്ധിക്കുന്നതിന് അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കേണമേ. *ഒരു നന്മ...*

4. ത്രിത്വസ്തുതി ചൊല്ലുക.
5. ഒന്നാം ദിവ്യരഹസ്യം പ്രഖ്യാപിക്കുന്നു.

   ഒരു "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...."
6. ദിവ്യരഹസ്യത്തെക്കുറിച്ച് ധ്യാനിക്കവേ, പത്തു "നന്മനിറഞ്ഞ മറിയമേ" ചൊല്ലുക.

7. ത്രിത്വസ്തുതി. തുടർന്ന് പരിശുദ്ധ മാതാവിന്റെ ഫാത്തിമാജപം: *“ഓ എന്റെ ഈശോയേ, ഞങ്ങളുടെ പാപങ്ങൾ പൊറുക്കണേ. നരകാഗ്നിയിൽ നിന്ന് ഞങ്ങളെ രക്ഷിക്കണേ. എല്ലാ ആത്മാക്കളെയും വിശിഷ്യാ, അങ്ങേ കാരുണ്യം കൂടുതൽ ആവശ്യമുള്ളവരെയും സ്വർഗത്തിലേക്ക് ആനയിക്കേണമേ.”*

8. അടുത്ത നാലു രഹസ്യങ്ങളിലും 5, 6, 7 പ്രാർത്ഥനകൾ ആവർത്തിക്കുക.

9. “പരിശുദ്ധ രാജ്ഞി, കരുണയുള്ള മാതാവേ...” എന്ന പ്രാർത്ഥന.

പൊതുവെ പറഞ്ഞാൽ, ആനന്ദകരമായ രഹസ്യങ്ങൾ തിങ്കളും ശനിയും, ദുഃഖകരമായ രഹസ്യങ്ങൾ ചൊവ്വയും വെള്ളിയും, മഹത്വത്തിന്റെ രഹസ്യങ്ങൾ ബുധനും ഞായറും പിന്നെ, പ്രകാശത്തിന്റെ രഹസ്യങ്ങൾ വ്യാഴവും ചൊല്ലുക.

## രഹസ്യങ്ങളെക്കുറിച്ചുള്ള പരിശുദ്ധ പിതാവിന്റെ വിചിന്തനങ്ങൾ

### ആനന്ദകരമായ രഹസ്യങ്ങൾ

മനുഷ്യാവതാര സംഭവത്തിൽ നിന്ന് പ്രസരിക്കുന്ന ആനന്ദത്താൽ ശ്രദ്ധേയമാണ് ‘ആനന്ദകരമായ രഹസ്യങ്ങൾ.’ ഒന്നാമത്തെ രഹസ്യമായ മംഗലവാർത്തയിൽത്തന്നെ ഇത് വ്യക്തമാകുന്നു. നസ്രേത്തിലെ കന്യകയ്ക്കായുള്ള ഗബ്രിയേൽ ദൈവദൂതന്റെ ആശംസ ദൈവികമായ ആനന്ദത്തിലേക്കുള്ള ക്ഷണവുമായി ബന്ധപ്പെട്ടിരിക്കുന്നു: “മറിയമേ, ആനന്ദിച്ചാലും” രക്ഷയുടെ സർവസ്വവും ഈ ആശംസയിൽ ആരംഭിക്കുകയാണ്. (ആഗമനകാലത്തെ ഞായറാഴ്ചകളിലും ഈ രഹസ്യം ധ്യാനിക്കാവുന്നതാണ്.)

## പ്രകാശത്തിന്റെ രഹസ്യങ്ങൾ

ഈശോയുടെ ശൈശവത്തിൽ തുടങ്ങി നസ്രേത്തിലെ രഹസ്യ ജീവിതത്തിലെ പരസ്യ ജീവിതത്തിലേക്കു നീളുന്ന നമ്മുടെ ധ്യാനമാണ് "പ്രകാശത്തിന്റെ രഹസ്യങ്ങൾ" എന്ന് സവിശേഷമായൊരു രീതിയിൽ വിളിക്കാവുന്ന ഈ രഹസ്യങ്ങൾ. സത്യമായും ഈശോയുടെ എല്ലാ രഹസ്യവും പ്രകാശപൂർണമാണ്. അവിടുന്ന് "ലോകത്തിന്റെ പ്രകാശമാകുന്നു" (യോഹ 8:12). എങ്കിലും തന്റെ പരസ്യജീവിതത്തിന്റെ വർഷങ്ങളിലൂടെ സവിശേഷമായൊരു രീതിയിൽ ഈ സത്യം വെളിപ്പെടുകയാണ്.

### ദു:ഖകരമായ രഹസ്യങ്ങൾ

ഈശോയുടെ ദു:ഖകരമായ രഹസ്യങ്ങൾക്ക് സുവിശേഷങ്ങൾ വലിയ പ്രാമുഖ്യമാണ് കൊടുക്കുന്നത്. ക്രിസ്തീയമായ കരുണരസം സഹനത്തിന്റെ വ്യത്യസ്തനിമിഷങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്നു. കുരിശിന്റെ വഴിയുടെ പെസഹാക്കാല ഭക്തിയിൽ ഇതു കൂടുതൽ വ്യക്തമാണ്. ദൈവസ്നേഹത്തിന്റെയും രക്ഷയുടെ ഉറവയുടെയും വെളിവാക്കലിന്റെ പരിപൂർത്തി ഇവിടെ കാണാം. *(പെസഹാക്കാലത്തെ ഞായറാഴ്ചകളിലും ചൊല്ലാവുന്നതാണ്.)*

### മഹത്വത്തിന്റെ രഹസ്യങ്ങൾ

"ഈശോയുടെ തിരുമുഖധ്യാനം ക്രൂശിതന്റെ ബിംബത്തിൽ അവസാനിപ്പിക്കാനാവില്ല. അവിടുന്നത് പുനരുത്ഥാനം ചെയ്തവനാണ്!" വിശ്വാസത്തിൽ നിന്നു ജനിച്ച ഈ ജ്ഞാനം ജപമാലയിൽ എല്ലായ്പ്പൊഴും പ്രകടമാകുന്നു. പുനരുത്ഥാനത്തിലും സ്വർഗ്ഗാരോഹണത്തിലും ഈശോയുടെ മഹത്വത്തെ നോക്കിക്കാണാൻ വേണ്ടി, പീഡാസഹനത്തിന്റെ അന്ധകാരത്തിനുമപ്പുറത്തേക്ക് കടക്കാനും ഇത് വിശ്വാസികളെ ക്ഷണി

ക്കുന്നുണ്ട്... മറിയം തന്നെ അതേ മഹത്വത്തിലേക്ക് സ്വർഗ്ഗാരോഹണസമയത്ത് ഉയർത്തപ്പെടുന്നു.

ഭാഗ്യസ്മരണാർഹനായ ജോൺപോൾ രണ്ടാമൻ പാപ്പയുടെ 2002 ഒക്ടോബർ 16ലെ 'പരിശുദ്ധ കന്യകാ മറിയത്തിന്റെ ജപമാല' എന്ന അപ്പസ്തോലിക ലേഖനത്തിൽ നിന്നും എടുത്തതാണീ വിചിന്തനങ്ങൾ.

## ജപമാല പ്രാർത്ഥനകൾ

### കുരിശടയാളം

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമേൻ

### വിശ്വാസപ്രമാണം

സർവശക്തനായ പിതാവും ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവുമായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. അവിടുത്തെ ഏക പുത്രനും കർത്താവുമായ യേശുക്രിസ്തുവിലും ഞാൻ വിശ്വസിക്കുന്നു. അവിടുന്ന് പരിശുദ്ധാത്മാവിനാൽ കന്യകാമറിയത്തിൽ ഗർഭസ്ഥനായി പിറന്നു. പൊന്തിയൂസ് പീലാത്തോസിന്റെ കാലത്ത് പീഡകൾ സഹിച്ച് കുരിശിൽ തറയ്ക്കപ്പെട്ട് മരിച്ച് അടക്കപ്പെട്ട് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു. സ്വർഗ്ഗത്തിലേക്കെഴുന്നള്ളി പിതാവായ ദൈവത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്നു. ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ അവിടുന്ന് വീണ്ടും വരുമെന്നും വിശ്വസിക്കുന്നു. പരിശുദ്ധാത്മാവിലും വിശ്വസിക്കുന്നു. പുണ്യവാന്മാരുടെ ഐക്യത്തിലും പാപങ്ങളുടെ മോചനത്തിലും ശരീരത്തിന്റെ ഉയിർപ്പിലും നിത്യമായ ജീവിതത്തിലും വിശ്വസിക്കുന്നു. ആമേൻ.

## കർതൃപ്രാർത്ഥന

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ. അന്നന്നുവേണ്ടുന്ന ആഹാരം ഇന്നും ഞങ്ങൾക്കു തരണമേ. ഞങ്ങളോട് തെറ്റുചെയ്തവരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ, ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കണേ. ഞങ്ങളെ പ്രലോഭനത്തിലേക്ക് നയിക്കരുതേ. പകരം, ദുഷ്ടാരൂപിയിൽനിന്ന് ഞങ്ങളെ രക്ഷിക്കണമേ. ആമേൻ.

## നന്മനിറഞ്ഞ മറിയമേ

നന്മനിറഞ്ഞ മറിയമേ സ്വസ്തി, കർത്താവ് അങ്ങയോടുകൂടെ. സ്ത്രീകളിൽ അങ്ങ് അനുഗ്രഹിക്കപ്പെട്ടവളാകുന്നു. അങ്ങയുടെ ഉദരത്തിൽ ഫലമായ ഈശോ അനുഗ്രഹിക്കപ്പെട്ടവനാകുന്നു. പരിശുദ്ധ മറിയമേ തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും തമ്പുരാനോട് അപേക്ഷിക്കണമേ, ആമേൻ.

## ത്രിത്വസ്തുതി

- പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിന് സ്തുതിയായിരിക്കട്ടെ
- ആദിയിലെപ്പോലെ ഇപ്പൊഴും എപ്പൊഴും എന്നന്നേയ്ക്കും , ആമേൻ

## പരിശുദ്ധ രാജ്ഞീ

പരിശുദ്ധ രാജ്ഞീ, കരുണയുള്ള മാതാവേ സ്വസ്തി. ഞങ്ങളുടെ ജീവനും കാരുണ്യവുമേ സ്വസ്തി.

ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്ക് ഞങ്ങൾ യോഗ്യരാകുവാൻ:

സർവേശ്വരന്റെ പരിശുദ്ധ മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണേ, ആമേൻ

# രഹസ്യങ്ങൾ

## ആനന്ദകരമായ ഒന്നാം രഹസ്യം:

## മംഗലവാർത്ത

ദൈവദൂതൻ അവളുടെ അടുക്കലേക്കു വന്നു പറഞ്ഞു: "കൃപനിറഞ്ഞവളേ സ്വസ്തി. ദൈവം നിന്നോടുകൂടെ. സ്ത്രീകളിൽ നീ അനുഗ്രഹീതയാകുന്നു." (ലൂക്ക.1:28)

"1 സ്വർഗസ്ഥനായ.., 10 നന്മ.. ഒരു ത്രിത്വസ്തുതി."

ഓ എന്റെ ഈശോയെ, നരകാഗ്നിയിൽ നിന്ന് എന്നെ രക്ഷിക്കണേ. എല്ലാ ആത്മാക്കളെയും വിശിഷ്യാ, അങ്ങേ കാരുണ്യം കൂടുതൽ ആവശ്യമുള്ളവരെയും സ്വർഗത്തിലേക്ക് ആനയിക്കണേ.

ഈ രഹസ്യത്തിന്റെ ഫലം: **എളിമ.**

## ആനന്ദകരമായ രണ്ടാം രഹസ്യം

## എലിസബത്തിനെ സന്ദർശിക്കുന്നു.

പരിശുദ്ധാത്മാവിനാൽ നിറഞ്ഞ എലിസബത്ത് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: "സ്ത്രീകളിൽ നീ അനുഗൃഹീതയാകുന്നു; നിന്റെ ഉദരഫലവും അനുഗൃഹീതമത്രേ." (ലൂക്കാ. 41:42)

"1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ.."

ഈ രഹസ്യത്തിന്റെ ഫലം: **അയൽക്കാരോടുള്ള സ്നേഹം.**

## ആനന്ദകരമായ മൂന്നാം രഹസ്യം:
## ഈശോയുടെ ജനനം

അവൾ തന്റെ ആദ്യജാതനായ ആൺകുട്ടിക്ക് ജന്മം നൽകി. കീറത്തുണികളിൽ പൊതിഞ്ഞ ശിശുവിനെ അവളൊരു പുൽത്തൊട്ടിയിൽ കിടത്തി. എന്തെന്നാൽ, സത്രത്തിൽ അവർക്ക് സ്ഥലം കിട്ടിയില്ല. (ലൂക്ക 2:7)

1 സ്വർ. 10നന്മ. 1ത്രിത്വ., ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **ദാരിദ്ര്യം**

## ആനന്ദകരമായ നാലാം രഹസ്യം:
## ദൈവാലയ സമർപ്പണം

മോശയുടെ നിയമമനുസരിച്ച് അവരെ ശുദ്ധീകരിക്കേണ്ട ദിനം വന്നപ്പോൾ, മകനെ തമ്പുരാന് സമർപ്പിക്കാനായി ആ ദമ്പതികൾ അവനെ ജറുസലേമിൽ കൊണ്ടുചെന്നു. എന്തെന്നാൽ, കർതൃനിയമത്തിൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: "ആദ്യജാതനായ ഓരോ ആൺകുട്ടിയെയും തമ്പുരാന് സമർപ്പിക്കണം." (ലൂക്ക 2.22–23)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **അനുസരണം**

## ആനന്ദകരമായ അഞ്ചാം രഹസ്യം:
## ഉണ്ണീശോയെ ദൈവാലയത്തിൽ കണ്ടെത്തുന്നു.

മൂന്നാം ദിവസം അവർ, ദൈവാലയത്തിൽ പണ്ഡിതന്മാർക്കു മധ്യേ ഇരിക്കുന്ന, അവരെ ശ്രവിക്കുകയും ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുന്ന അവനെ കണ്ടുമുട്ടി. (ലൂക്ക 2:46)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **ഈശോയെ കണ്ടെത്തുന്നതിലെ ആനന്ദം**

## പ്രകാശത്തിന്റെ ഒന്നാം രഹസ്യം:
## ഈശോയുടെ ജ്ഞാനസ്നാനം

ഈശോ ജ്ഞാനസ്നാനം ചെയ്യപ്പെട്ടപ്പോൾ... സ്വർഗ്ഗം തുറക്കപ്പെടുന്നതും ദൈവത്തിന്റെ ആത്മാവ് ഒരു മാടപ്പിറാവിന്റെ രൂപത്തിൽ പറന്നിറങ്ങുന്നതും അവിടുന്നു കണ്ടു. അത് അവിടുത്തെമേൽ ആവസിച്ചു. ആഹാ, അപ്പോൾ സ്വർഗ്ഗത്തിൽ നിന്നും ഇങ്ങനെ പറയുന്ന ഒരു ശബ്ദമുണ്ടായി: "ഇവൻ എന്റെ പ്രിയപുത്രനാകുന്നു. ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു." (മത്താ.3.16–17)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **പരിശുദ്ധാത്മാവിനോടുള്ള തുറവി**

## പ്രകാശത്തിന്റെ രണ്ടാം രഹസ്യം
## കാനായിലെ കല്യാണം

അവിടുത്തെ അമ്മ സേവകരോട് പറഞ്ഞു: അവൻ എന്തുപറയുന്നുവോ അതു ചെയ്യുവിൻ. ഈശോ അവരോടു പറഞ്ഞു: "ഭരണികൾ ജലത്താൽ നിറയ്ക്കുവിൻ."അവർ അവ വക്കുവരെ നിറച്ചു. (യോഹ. 2: 5–7)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

## പ്രകാശത്തിന്റെ മൂന്നാം രഹസ്യം
## ദൈവരാജ്യപ്രഖ്യാപനം

നിങ്ങൾ പോകവേ, ഇങ്ങനെ പ്രഘോഷിക്കുവിൻ: "സ്വർഗ്ഗരാജ്യം സമീപസ്ഥമായിരിക്കുന്നു." രോഗികളെ

സൗഖ്യപ്പെടുത്തുകയും മരിച്ചവരെ ഉയിർപ്പിക്കയും കുഷ്ഠ രോഗികളെ ശുചിയാക്കുകയും പിശാചുക്കളെ പുറത്താക്കുകയും ചെയ്യുവിൻ. നിങ്ങൾക്ക് പണം കൊടുക്കാതെ കിട്ടി; നിങ്ങളും പണം സ്വീകരിക്കാതെ കൊടുക്കുക. (മത്താ. 10:7–8)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **പശ്ചാത്താപവും ദൈവത്തിലുള്ള ആശ്രയവും**

## പ്രകാശത്തിന്റെ നാലാം രഹസ്യം
## രൂപാന്തരീകരണം

അവിടുന്ന് പ്രാർത്ഥിച്ചുകൊണ്ടിരിക്കെ ആ മുഖം മാറി. അവിടുത്തെ വസ്ത്രം വെൺമഞ്ഞുപോലെ വെട്ടിത്തിളങ്ങി. അപ്പോൾ മേഘത്തിൽ നിന്നും ഇങ്ങനെ പറയുന്ന ഒരു സ്വരം കേട്ടു. ഇവനെന്റെ പുത്രനാകുന്നു; എന്റെ തെരഞ്ഞെടുക്കപ്പെട്ടവൻ. അവനെ ശ്രവിക്കുവിൻ! (ലൂക്ക. 9:29,35)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **വിശുദ്ധിക്കായുള്ള ആഗ്രഹം**

## പ്രകാശത്തിന്റെ അഞ്ചാം രഹസ്യം:
## പരിശുദ്ധ കുർബാനയുടെ സ്ഥാപനം

അവിടുന്ന് അപ്പമെടുത്തു. നന്ദിപറഞ്ഞുകൊണ്ട് അവിടുന്നത് മുറിച്ച് ഇങ്ങനെ പറഞ്ഞുകൊണ്ട് ശിഷ്യന്മാർക്ക് കൊടുത്തു: “ഇത് നിങ്ങൾക്കായി നൽകപ്പെടാനിരിക്കുന്ന എന്റെ ശരീരം.” അതുപോലെ തന്നെ അത്താഴം കഴിഞ്ഞ് ഇപ്രകാരം പറഞ്ഞുകൊണ്ട് പാനപാത്രമെടുത്തു: “നിങ്ങൾക്കായി പകരപ്പെടുന്ന ഈ പാത്ര

ത്തിലെ പാനീയം എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പ ടിയാകുന്നു" (ലൂക്ക. 22:19–20)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **ആരാധന**

**ദു:ഖകരമായ ഒന്നാം രഹസ്യം:**
**ഗത്‌സെമനിയിൽ രക്തം വിയർക്കുന്നു**

തന്റെ അതികഠിനമായ മനോവേദനയിൽ അവിടുന്ന് പൂർവാധികം തീക്ഷ്ണതയോടെ പ്രാർത്ഥിച്ചു. അപ്പോൾ അവിടുത്തെ രക്തം വിയർപ്പുതുള്ളികളായി മണ്ണിൽ വീണു. പിന്നീട് അവിടുന്ന് പ്രാർത്ഥന കഴി ഞ്ഞെഴുന്നേറ്റ് തന്റെ ശിഷ്യന്മാരുടെയടുക്കലെത്തി. അവരപ്പോൾ ദു:ഖത്താൽ തളർന്ന് ഉറങ്ങിപ്പോയിരുന്നു. (ലൂക്ക. 22: 44–45)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം:
**പാപത്തെപ്രതി ദുഃഖം**

**ദുഃഖകരമായ രണ്ടാം രഹസ്യം:**
**കൽത്തൂണിൽക്കെട്ടി അടിക്കുന്നു.**

ഈശോയെ ചാട്ടയടിക്കുവാൻ കൊണ്ടുവരികയായി രുന്നു പീലാത്തോസിന്റെ അടുത്ത നടപടി. (യോഹ 19:1)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **ശുദ്ധത**

**ദു:ഖകരമായ മൂന്നാം രഹസ്യം:**
**മുൾമുടി ധരിപ്പിക്കൽ**

അവർ അവിടുത്തെ വസ്ത്രങ്ങൾ ഊരിമാറ്റി; കടുംചെ മപ്പായ പട്ടാളവസ്ത്രം ധരിപ്പിച്ചു. മുള്ളുകളാൽ ഒരു

കിരീടം മെനഞ്ഞ് അതവിടുത്തെ തലയിൽ ധരിപ്പിച്ചു. എന്നിൽ വലതുകൈയിൽ ഒരു ഞാങ്കണ പിടിപ്പിച്ചു. (മത്താ. 27:28–29)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **ധൈര്യം**

### ദു:ഖകരമായ നാലാം രഹസ്യം: കുരിശുവഹിക്കൽ

സ്വയം കുരിശുവഹിച്ചുകൊണ്ട് അവിടുന്ന് 'തലയോട്ടിയുടെ ഇടം' എന്നു വിളിക്കപ്പെടുന്നയിടത്തേക്കു പോയി (ഹീബ്രുവിൽ ഗൊൽഗോത്ത). (യോഹ. 19:17).

1 സ്വർ. 10നന്മ. 1 ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **ക്ഷമ**

### ദു:ഖകരമായ അഞ്ചാം രഹസ്യം ക്രൂശിക്കൽ

ഈശോ ഉച്ചത്തിൽ കരഞ്ഞുകൊണ്ട് പറഞ്ഞു:"പിതാവേ, അങ്ങേപ്പക്കൽ ഞാൻ എന്റെ ആത്മാവിനെ സമർപ്പിക്കുന്നു." ഇതു പറഞ്ഞശേഷം അവിടുന്നു മരിച്ചു.

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **സഹനം**

### മഹത്വത്തിന്റെ ഒന്നാം രഹസ്യം പുനരുത്ഥാനം

നിങ്ങൾ വിസ്മയിക്കേണ്ടാ! നിങ്ങൾ ക്രൂശിക്കപ്പെട്ട നസ്രായനായ ഈശോയെ തിരയുന്നു. അവിടുന്ന് ഉയിർപ്പിക്കപ്പെട്ടു. അവിടുന്ന് ഇവിടെയില്ല. അവർ അവിടുത്തെ കിടത്തിയ സ്ഥലം വന്നുകാണുവിൻ. (മർക്കോ. 16:6).

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ..
ഈ രഹസ്യത്തിന്റെ ഫലം: **വിശ്വാസം.**

**മഹത്വത്തിന്റെ രണ്ടാം രഹസ്യം: സ്വർഗ്ഗാരോഹണം**

പിന്നെ, അവരോടു സംസാരിച്ച ശേഷം ഈശോ നാഥൻ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുകയും ദൈവ ത്തിന്റെ വലതുഭാഗത്ത് ആസനസ്ഥനാകുകയും ചെയ് തു. (മർക്കോ 16:19)
1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ..”

**മഹത്വത്തിന്റെ മൂന്നാം രഹസ്യം: പരിശുദ്ധാത്മാവിന്റെ ആഗമനം**

സർവരും പരിശുദ്ധാത്മാവിനാൽ പൂരിതരായി, അവർ അന്യഭാഷകളിൽ സംസാരിക്കാനും ആത്മാവ് പ്രചോ ദിപ്പിച്ചതനുസരിച്ച് ധീരമായ പ്രഖ്യാപനങ്ങൾ നടത്താ നും തുടങ്ങി.( അ.ന. 2:4)
1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...
ഈ രഹസ്യത്തിന്റെ ഫലം: **ദൈവസ്നേഹം**

**മഹത്വത്തിന്റെ നാലാം രഹസ്യം: പരിശുദ്ധ മാതാവിന്റെ സ്വർഗ്ഗാരോഹണം**

നീയാണ് യെരുശലേമിന്റെ മഹത്വം... നീയാണ് നമ്മുടെ ജനതയുടെ വലിയ അഭിമാനം... നിന്റെ നേട്ടങ്ങളിൽ ദൈവം സംപ്രീതനായിരിക്കുന്നു. സർവശക്തനായ

തമ്പുരാനാൽ നീ എന്നന്നേയ്ക്കും അനുഗൃഹീതയാകട്ടെ. (യൂദി 15:9–10)

1 സ്വർ. 10നന്മ 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **സന്തോഷകരമായ മരണത്തിനുള്ള കൃപ**

**മഹത്വത്തിന്റെ അഞ്ചാം രഹസ്യം:**
**സ്വർലോക രാജ്ഞിയായി മുടിധരിപ്പിക്കൽ**

മഹത്തായൊരു അടയാളം ആകാശത്ത് പ്രത്യക്ഷമായി. സൂര്യനെ ഉടയാടയും ചന്ദ്രനെ പാദപീഠവുമാക്കിയ ഒരു സ്ത്രീ. അവളുടെ ശിരസ്സിൽ പന്ത്രണ്ടു നക്ഷത്രങ്ങളുടെ ഒരു കിരീടം.

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **മറിയത്തിന്റെ മധ്യസ്ഥത്തിലുള്ള ആശ്രയം**